# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24

Vol. 15 / Issue 3
March 2024

"For their sake I consecrate myself , that they also may be consecrated in truth" (John 17:19)



# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും” (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from Bishop’s House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph’s Offset Press, Mananthavady 670645**

**വാല്യം 15** **മർച്ച് 2024** **ലക്കം 3**

**ഒറ്റപ്രതി 10 രൂപ** **വാർഷിക വരിസംഖ്യ 120 രൂപ**

# ഉള്ളടക്കം


നോമ്പുകാല സന്ദേശം........................................................................ 5
ഇടയലേഖനം................................................................................... 13
രൂപതാ കച്ചേരി വാർത്തകൾ.......................................................... 21
മതബോധനരംഗം .......................................................................... 32
ചെറുപുഷ്പ മിഷൻലീഗ്.................................................................. 35
Department of Youth Ministry...................................................... 39
കെ.സി.വൈ.എം.............................................................................. 42
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി.............................................. 48
കുടുംബപ്രേഷിതത്വം........................................................................ 50
സീയോൻ വാർത്ത.......................................................................... 57
വിൻസെന്റ് ഡി പോൾ സൊസൈറ്റി............................................. 58
സാമൂഹ്യ സേവനരംഗം (WSSS)..................................................... 62
ജീവസ് & കെ.എൽ.എം ……………............................................... 68
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി........................................ 70
ബയോവിൻ അഗ്രോ റിസർച്ച്........................................................ 74
റേഡിയോ മാറ്റൊലി ...................................................................... 76
Mary Matha Arts & Science College.......................................... 80
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ............................................ 93
ബിഷപ്സ് പ്രോഗ്രാം.......................................................................... 91

No.:4008/K-5/KCBC/OL/DS 06.02.2024

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ 2024-ലെ നോമ്പുകാല സന്ദേശം

## മരുഭൂമിയിലൂടെ ദൈവം നമ്മെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നു

പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ ദൈവം സ്വയം വെളിപ്പെടുത്തുമ്പോൾ, അവിടത്തെ സന്ദേശം എപ്പോഴും സ്വാതന്ത്ര്യത്തിന്റേതാണ്: 'അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്' (പുറ 20:2). സീനായ് മലയിൽവച്ച് മോശയ്ക്ക് നൽകപ്പെട്ട പത്ത് പ്രമാണങ്ങളിലെ ആദ്യ വാക്കുകളാണ് ഇവ. ഈ വാക്കുകൾ കേട്ടവർക്ക് ദൈവം സൂചിപ്പിച്ച പുറപ്പാട് വളരെ സുപരിചിതമായിരുന്നു: അടിമത്തത്തിന്റെ അനുഭവം അവരുടെ ചുമലുകളിൽ നിറഞ്ഞു നിൽക്കുന്നുണ്ടായിരുന്നു. എന്നാൽ മരുഭൂമിയിൽ അവർക്ക് ലഭിച്ച ''പത്ത് വചനങ്ങൾ'' (Ten Words) സ്വാതന്ത്ര്യത്തിന്റെ രാജവീഥിയായിരുന്നു. ദൈവം തന്റെ ജനത്തെ രൂപപ്പെടുത്താൻ ഉപയോഗിച്ച സ്നേഹത്തിന്റെ ശക്തിക്ക് ഊന്നൽ കൊടുക്കാനായി, നാം അവയെ ''കൽപ്പനകൾ'' എന്ന് വിളിക്കുന്നു. സ്വാതന്ത്ര്യത്തിലേക്കുള്ള വിളി നിഷ്കർഷയുള്ള ഒന്നാണ്. അതിനു പെട്ടെന്നങ്ങ് ഉത്തരം നൽകാൻ സാധിക്കില്ല; ഒരു സഞ്ചാരത്തിന്റെ പാതയിൽ പക്വമാക്കപ്പെടേണ്ട ഒന്നാണത്. ഗതകാലത്തിനായി വീണ്ടും കാംക്ഷിക്കുകയും കർത്താവിനും മോശയ്ക്കും എതിരായി പിറുപിറുക്കുകയും ചെയ്യുക വഴിയായി മരുഭൂമിയിൽവച്ച് വീണ്ടും ഈജിപ്തിനോട് ഒട്ടിച്ചേരാൻ താത്പര്യപ്പെട്ട ഇസ്രായേൽക്കാരെപ്പോലെ ഇന്നും ദൈവത്തിന്റെ ജനം ദുഃസഹമായ ബന്ധനത്തിൽ നിന്ന് മോചിതരാകാൻ ആവശ്യപ്പെടുമ്പോൾ അതിൽതന്നെ അള്ളിപ്പിടിച്ചിരിക്കുന്നത് കാണാനാകും. ഇക്കാര്യം വളരെ വലിയ സത്യമാണെന്ന് നാം മനസ്സിലാക്കുന്നത് ഇനി ഒട്ടും പ്രത്യാശക്ക് വകയില്ല എന്ന് നമുക്കു തോന്നുന്ന വേളകളിലാണ്; അപ്പോൾ നാം മരുഭൂമിയിൽ എന്നപോലെ ആയിരിക്കുകയും ജീവിതത്തിൽ മുന്നോട്ടു പോകാ

നായി ഒരു വാഗ്ദത്ത ഭൂമി നമ്മുടെ ലക്ഷ്യമായി കാണാതിരിക്കുകയും ചെയ്യും. നോമ്പുകാലം കൃപയുടെ അവസരമാണ്; അങ്ങനെയെങ്കിൽ വീണ്ടുമൊരിക്കൽകൂടി, ഹോസിയാ പ്രവാചകൻ പറയുന്നതുപോലെ (ഹോസി 2:16-17 കാണുക), മരുഭൂമി ആദ്യാനുരാഗത്തിന്റെ വേദിയായി ഭവിക്കും. ദൈവം തന്റെ ജനത്തെ രൂപപ്പെടുത്തുന്നു; നമ്മുടെ അടിമത്തം അവസാനിപ്പിക്കാൻ അവിടന്ന് നമ്മെ പ്രാപ്തരാക്കുന്നു; അങ്ങനെ നാം മരണത്തിൽനിന്നു ജീവനിലേക്ക് പ്രവേശിക്കുന്ന അനുഭവമുള്ളവരായി ഭവിക്കും. ഒരു മണവാളൻ എന്നവണ്ണം കർത്താവ് ഒരിക്കൽകൂടി, നമ്മുടെ ഹൃദയത്തോടു സ്നേഹത്തിന്റെ മന്ത്രണങ്ങൾ ചൊല്ലിത്തന്നുകൊണ്ട്, നമ്മെ അവിടത്തോട് ചേർത്തുപിടിക്കും.

അടിമത്തത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള പാത രൂപഭാവം ഇല്ലാത്ത ഒന്നല്ല. നമ്മുടെ നോമ്പാചരണം പ്രകടമായ ഒന്നായിത്തീരണമെങ്കിൽ ആദ്യപടിയായി വേണ്ടത് യാഥാർഥ്യത്തിലേക്ക് നമ്മുടെ കണ്ണുതുറക്കാനുള്ള ആഗ്രഹമാണ്. മുൾപ്പടർപ്പിൽനിന്നുകൊണ്ട് മോശയെ വിളിച്ച ദൈവം, താൻ കാണുകയും ഏറെ പ്രത്യേകിച്ച് കേൾക്കുകയും ചെയ്യുന്ന ദൈവമാണെന്ന് ഉടൻതന്നെ സ്വയം വെളിപ്പെടുത്തുകയായിരുന്നു: ‘ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടു. മേൽനോട്ടക്കാരുടെ ക്രൂരത കാരണം അവരിൽ നിന്ന് ഉയർന്നുവരുന്ന രോദനം ഞാൻ കേട്ടു. അവരുടെ യാതനകൾ ഞാൻ അറിയുന്നു. ഈജിപ്തുകാരുടെ കൈയിൽനിന്ന് അവരെ മോചിപ്പിക്കാനും അവിടെനിന്ന് ക്ഷേമകരവും വിസ്തൃതവും തേനും പാലും ഒഴുകുന്നതുമായ ഒരു ദേശത്തേക്ക് അവരെ നയിക്കാനും ആണ് ഞാൻ ഇറങ്ങി വന്നിരിക്കുന്നത്’’ (പുറ 3:7-8). ഇന്നും മർദ്ദിതരായ നമ്മുടെ അനേകം സഹോദരീസഹോദരന്മാരുടെ രോദനം സ്വർഗത്തിലേക്ക് ഉയരുന്നുണ്ട്. നമുക്ക് സ്വയം ചോദിക്കാം: ആ സ്വരം നമ്മൾ കേൾക്കുന്നുണ്ടോ? അതു നമ്മെ അലോസരപ്പെടുത്തുന്നുണ്ടോ? അതു നമ്മെ ചലിപ്പിക്കുന്നുണ്ടോ? യഥാർഥത്തിൽ ഒരുപാട് കാര്യങ്ങൾ അപരരിൽനിന്ന് നമ്മെ മാറ്റിനിർത്തുന്നു; ആരംഭം മുതൽ നമ്മെ പരസ്പരം ബന്ധിപ്പിക്കുന്ന സാഹോദര്യത്തിന്റെ ഭാവം നിഷേധിക്കുന്ന രീതിയാണിത്.

നിസ്സംഗതയുടെ ആഗോളവൽകരണത്തെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ഞാൻ നടത്തിയ ലാംപെദൂസ സന്ദർശനത്തിൽ

ഞാൻ രണ്ടു ചോദ്യങ്ങൾ ഉന്നയിക്കുകയുണ്ടായി. അവയുടെ പ്രസക്തി ഇന്ന് കൂടുതൽ വ്യക്തമാണ്: ''നീ എവിടെയാണ്?'' (ഉത്പ 3:9); ''നിന്റെ സഹോദരൻ എവിടെ?'' (ഉത്പ 4:9). ഈ ചോദ്യങ്ങൾ ശ്രദ്ധിച്ചു കൊണ്ട്, ഇന്നും നാം ഫറോവോയുടെ ഭരണത്തിൻകീഴിലാണ് എന്ന് മനസ്സിലാക്കിയാൽ നമ്മുടെ നോമ്പുകാല സഞ്ചാരം അർഥവത്തായി ഭവിക്കും. ഫറവോയുടെ ഭരണം നമ്മെ ക്ഷീണിതരും നിസ്സംഗരും ആക്കിത്തീർക്കുന്ന ഒന്നാണ്. അത് ഒരുതരം വിഭജനം സൃഷ്ടിക്കുന്നതും നമ്മുടെ ഭാവിയെ ഇല്ലാതാക്കുന്നതുമായ വളർച്ചയുടെ മാതൃക യാണ്. ഭൂമിയും വായുവും ജലവും മലിനമാക്കപ്പെടുന്നു; അതോ ടൊപ്പം, നമ്മുടെതന്നെ ആത്മാക്കളും. ജ്ഞാനസ്നാനത്തിൽ നമ്മുടെ മോചനപ്രക്രിയ ആരംഭിച്ചു എന്നതു ശരിതന്നെ; എന്നാൽ അടിമ ത്തത്തെ പ്രാപിക്കാനായുള്ള വിശദീകരിക്കാനാവാത്ത ഒരു തൃഷ്ണ നമ്മിൽ കുടികൊള്ളുന്നു. സുപരിചിതങ്ങളായ സാഹചര്യങ്ങൾ നൽകുന്ന സുരക്ഷിതത്വത്തിലേക്കുള്ള ഒരു ആകർഷണമാണത്; അത് നമ്മുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഒന്നാണ്.

പുറപ്പാടിന്റെ വിവരണത്തിൽ ശ്രദ്ധേയമായ ഒരു വിശദാംശ മുണ്ട്. അതായത്, ദൈവമാണ് കാണുന്നത്; ദൈവമാണ് ചലിപ്പിക്ക പ്പെടുന്നതും സ്വാതന്ത്ര്യം കരഗതമാക്കുന്നതും; ഇസ്രായേൽ അതി നായി ആവശ്യപ്പെടുന്നില്ല. ഫറവോ സ്വപ്നങ്ങളെ അമർച്ചചെയ്യുന്നു; അയാൾ സ്വർഗത്തിലേക്കുള്ള കാഴ്ച മറയ്ക്കുന്നു. മാനുഷിക മഹത്ത്വം ചവിട്ടിമെതിക്കപ്പെടുകയും അർഥവത്തായിട്ടുള്ള ബന്ധ ങ്ങൾ നിരാകരിക്കപ്പെടുകയും ചെയ്യുന്ന ഈ ലോകം ഒരിക്കലും മാറ്റപ്പെടാൻ ആകില്ല എന്നയാൾ ചൂണ്ടിക്കാണിക്കുന്നു. എല്ലാറ്റിനെയും അയാൾ തന്റെ അടിമത്തത്തിന്റെ കീഴിലാക്കുന്നു. നമുക്ക് ആത്മഗതം ചെയ്യാം: ഞാനൊരു പുതിയ ലോകത്തിനായി ആഗ്രഹിക്കുന്നുണ്ടോ? പഴയ ലോകവുമായുള്ള ഒത്തുതീർപ്പുകൾ ഒഴിവാക്കാൻ ഞാൻ തയ്യാറാണോ?

എന്റെ അനേകം സഹോദരമെത്രാന്മാരുടെയും സമാധാന ത്തിനും നീതിക്കുംവേണ്ടി പ്രവർത്തിക്കുന്ന മറ്റനേകം പേരുടെയും സാക്ഷ്യം വഴിയായി എനിക്കൊരു കാര്യം ബോധ്യമായി. അതായത്, നമ്മുടെ സ്വപ്നങ്ങളും സ്വർഗത്തിൽ എത്തി ദൈവത്തിന്റെ ഹൃദ

യത്തെ ത്രസിപ്പിക്കാൻ പര്യാപ്തമായ നമ്മുടെ നിശബ്ദരോദനങ്ങളും അമർച്ചചെയ്യുന്ന 'പ്രത്യാശയിലുള്ള അഭാവം'' നികത്താനായി നാം പ്രയത്നിക്കേണ്ടിയിരിക്കുന്നു. ''പ്രത്യാശയുടെ ഈ അഭാവം'' ഇസ്രായേലിനെ മരുഭൂമിയിൽവച്ച് തളർത്തുകയും മുന്നോട്ടു ഗമിക്കുന്നതിനു വിഘാതമായി നിൽക്കുകയും ചെയ്ത അടിമത്തത്തിനായുള്ള ഗൃഹാതുരത്വത്തിനു സമമല്ലാത്ത ഒന്നല്ല. ഒരു പുറപ്പാട് തടസ്സപ്പെടാം; അങ്ങനെയെല്ലങ്കിൽ പിന്നെ എങ്ങനെയാണ് ഇന്നത്തെ ചില യാഥാർഥ്യങ്ങൾ വ്യാഖ്യാനിക്കപ്പെടാൻ സാധിക്കുന്നത്? അതായത്, മനുഷ്യരാശി വിശ്വസാഹോദര്യത്തിന്റെ പടിവാതിൽക്കൽ എത്തിക്കഴിഞ്ഞു, എല്ലാവരുടെയും മാഹാത്മ്യം ഉറപ്പാക്കാൻ തക്കവിധമുള്ള ശാസ്ത്രീയവും സാങ്കേതികവും സാംസ്കാരികവും നൈയാമികവുമായ വികാസം നാം സിദ്ധിച്ചു കഴിഞ്ഞു; എന്നിട്ടും നാം അസമത്വത്തിന്റെയും സംഘട്ടനത്തിന്റെയും ഇരുട്ടിൽ തപ്പുകയാണ്.

ദൈവം നമ്മെക്കുറിച്ച് നിരുത്സാഹിതനാകുന്നില്ല. 'അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്'' (പുറ 20:2) എന്നത് നമ്മെ ഓർമ്മപ്പെടുത്തുന്ന, ഒരു മഹത്തായ കാലമായി നോമ്പുകാലത്തെ നമുക്ക് സ്വാഗതം ചെയ്യാം. നോമ്പുകാലം ***മാനസാന്തരത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും കാലമാണ്.*** എല്ലാവർഷവും നോമ്പുകാലത്തിലെ ഒന്നാം ഞായറാഴ്ച നാം അനുസ്മരിക്കുന്നതുപോലെ യേശുതന്നെയും സ്വാതന്ത്ര്യത്തിൽ പരീക്ഷിക്കപ്പെടേണ്ടതിന് ആത്മാവിനാൽ മരുഭൂമിയിലേക്ക് നയിക്കപ്പെട്ടു. മനുഷ്യാവതാരംചെയ്ത പുത്രൻ നമ്മുടെ മുമ്പിലും നമ്മോടുകൂടെയും നാല്പത് ദിവസം നിൽക്കും. ഫറവോയിൽനിന്ന് വ്യത്യസ്തൻ എന്നവിധം ദൈവത്തിന് *പ്രജകളെ* ആവശ്യമില്ല, മറിച്ച് *പുത്രീപുത്രന്മാരെയാണ്* വേണ്ടത്. നമ്മുടെ സ്വാതന്ത്ര്യം പാകപ്പെടുന്ന ഒരിടമാണ് മരുഭൂമി; അവിടെയാണ് അടിമത്തത്തിലേക്ക് തിരിഞ്ഞു വീഴാതിരിക്കാനുള്ള വ്യക്തിപരമായ തീരുമാനം നാം കൈക്കൊള്ളുന്നത്. നോമ്പുകാലത്ത് നീതിയുടെ പുതിയ മാനദണ്ഡങ്ങളെയും ഇന്നുവരെ സഞ്ചരിക്കാത്ത പുതിയൊരു പാതയിലൂടെ മുന്നോട്ടുപോകാൻ തയ്യാറായി നിൽക്കുന്ന ഒരു ജനസമൂഹത്തെയുമാണ് നാം കണ്ടെത്തുന്നത്.

എന്നാൽ ഇത്, പുറപ്പാടിന്റെ പുസ്തകവും യേശുവിന്റെ മരുഭൂമിയിലെ പരീക്ഷണങ്ങളും നമുക്ക് വ്യക്തമാക്കുന്നതുപോലെ, ഒരു ബലപരീക്ഷണം ഉൾക്കൊള്ളുന്നതാണ്. 'നീ എന്റെ പ്രിയപുത്രൻ ആകുന്നു'' (മർക്കോ 1:11) എന്നും ''ഞാനല്ലാതെ വേറെ ദേവന്മാർ നിനക്ക് ഉണ്ടാകരുത്' (പുറ 20:3) എന്നുമുള്ള ദൈവത്തിന്റെ സ്വരം ശത്രുവിനാലും അസത്യങ്ങളാലും ഖണ്ഡിക്കപ്പെടുന്നു. നാം നമുക്കായി ഒരുക്കുന്ന വിഗ്രഹങ്ങളെയാണ് യഥാർഥത്തിൽ ഫറവോയെക്കാൾ കൂടുതൽ നാം ഭയപ്പെടേണ്ടത്; നമ്മുടെ ഉള്ളിലിരുന്ന് മന്ത്രിക്കുന്ന അവന്റെ സ്വരമായി നാം അവയെ കണക്കാക്കുന്നു. സർവശക്തരായിരിക്കാനും എല്ലാവരാലും പരിഗണിക്കപ്പെടാനും എല്ലാവരുടെയുംമേൽ ആധിപത്യം പുലർത്താനും നാം ആഗ്രഹിക്കുന്നു; അപ്രകാരമുള്ള ഒരു അസത്യം എത്രമാത്രം പ്രലോഭനജനകമാണെന്ന് ഓരോ വ്യക്തിക്കും അറിയാം. എന്നാൽ, അത് കൂടുതൽ സഞ്ചരിക്കപ്പെടുന്ന പാതയാണ്. ധനത്തോടും ചില പ്രത്യേക പദ്ധതികളോടും ചില ആശയങ്ങളോടും ലക്ഷ്യങ്ങളോടും സ്ഥാനമാനങ്ങളോടും പാരമ്പര്യങ്ങളോടും, എന്നല്ല ചില വ്യക്തികളോടും നാം ഒട്ടിച്ചേർന്നിരിക്കാൻ സാധ്യതയുണ്ട്. മുന്നോട്ടു ഗമിക്കാൻ സഹായിക്കുന്നതിനു പകരം അവ നമ്മെ തളർത്തിക്കളയുന്നു. കണ്ടുമുട്ടലിനു പകരം ഏറ്റുമുട്ടലിലേക്ക് അവ നമ്മെ നയിക്കുന്നു. എന്നിരുന്നാലും, ഒരു പുതിയ മാനവരാശിയുമുണ്ട്; ചെറിയവരുടെയും വിനീതരുടെയും ഒരു ഗണമാണത്; അസത്യത്തിന്റെ ആകർഷണത്തിനു വഴങ്ങാത്തവരാണ് അവർ. വിഗ്രഹങ്ങളെ ശുശ്രൂഷിക്കുന്നവർ അവയെപ്പോലെതന്നെ മൂകരും അന്ധരും ബധിരരും ചലനമറ്റവരും ആയിത്തീരുമെങ്കിൽ (സങ്കീ 114:4 കാണുക) ആത്മാവിൽ ദരിദ്രർ തുറവുള്ളവരും തയ്യാറുള്ളവരുമാണ്, അതായത്, സുഖപ്പെടുത്തുകയും ലോകത്തെ നിലനിറുത്തുകയും ചെയ്യുന്ന നന്മയുടെ ഒരു നിശബ്ദ ശക്തി.

ഇത് പ്രവർത്തിക്കാനുള്ള സമയമാണ്, എന്നാൽ നോമ്പുകാലത്ത് *പ്രവർത്തിക്കുക* എന്ന് പറഞ്ഞാൽ *അല്പം നിറുത്തുക* (to pause) എന്നർഥമുണ്ട്. അതായത്, *പ്രാർഥനയ്ക്കായി* ഇടവേള എടുക്കുക; അങ്ങനെ ദൈവവചനം സ്വീകരിക്കാനും പരിക്കേറ്റ ഒരു സഹോദരന്റെയോ സഹോദരിയുടെയോ കൂടെ അല്പനേരം നില്ക്കാനും

സമയം കണ്ടെത്തുക. ദൈവസ്നേഹവും അയൽക്കാരോടുള്ള സ്നേഹവും ഒരേ സ്നേഹംതന്നെയാണ്. അന്യദേവന്മാർ ഉണ്ടായിരിക്കാൻ പാടില്ല എന്നു പറയുന്നത്, സഹോദരന്റെ ശരീരത്തിന്റെ സവിധേ, ദൈവത്തിന്റെ സാന്നിധ്യത്തിൽ നില്ക്കുക എന്നത്രേ. അക്കാരണത്താൽ പ്രാർഥന, ദാനധർമ്മം, ഉപവാസം എന്നിവ പരസ്പരബന്ധമില്ലാത്ത പ്രവൃത്തികൾ അല്ല. നമ്മെ ഭാരത്താൽ വലിക്കുന്ന വിഗ്രഹങ്ങളിൽനിന്നും നമ്മെ ബന്ധങ്ങളാൽ തടവറയിൽ ആക്കുന്ന പ്രവൃത്തികളിൽനിന്നും മോചിപ്പിച്ച് തുറവിന്റെയും സ്വയം ശൂന്യവൽകരണത്തിന്റേതുമായ പാതയിൽ കൊണ്ടെത്തിക്കുന്ന ഏകചലനമാണ് അവ. അപ്പോൾ നമ്മുടെ ശോഷിച്ചതും ഒറ്റപ്പെട്ടതുമായ ഹൃദയം വീണ്ടും ബലപ്പെടുത്തപ്പെടും. മന്ദഗതിയിലാകുക, തുടർന്ന് നിലയ്ക്കുക! ജീവിതത്തിന്റെ ധ്യാനാത്മകഭാവം വീണ്ടും കണ്ടെത്താൻ നമ്മെ സഹായിക്കുന്ന നോമ്പുകാലം നമുക്ക് പുതിയ ഊർജം പകരും. ദൈവികസാന്നിധ്യത്തിൽ, അപരനെക്കുറിച്ചുള്ള സംവേദനക്ഷമതയിൽ നാം കൂടുതൽ കൂടുതൽ സഹോദരീസഹോദരന്മാരായി ഭവിക്കും; ഭീഷണികളുടെയും ശത്രുക്കളുടെയും സ്ഥാനത്ത് നാം സഹകാരികളെയും സഹയാത്രികരെയും കണ്ടെത്തും. ഇതാണ് ദൈവത്തിന്റെ സ്വപ്നം, അതായത്, നമ്മുടെ അടിമത്തം പിന്നിലാക്കിക്കൊണ്ട് വാഗ്ദത്ത ഭൂമിയിലേക്കുള്ള നമ്മുടെ തീർത്ഥാടനം.

ഈ വർഷങ്ങളിൽ നാം വീണ്ടും കണ്ടെത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന 'സഭയുടെ സിനഡാത്മകരൂപം' നോമ്പുകാലത്തെ നോക്കികാണുന്നത് സാമൂഹ്യമായ തീരുമാനങ്ങളുടെ അവസരമായാണ്, അതായത് ചെറുതും വലുതും ആയതും നിലവിലുള്ളവയ്ക്ക് വിരുദ്ധമായതുമായ തീരുമാനങ്ങൾ എടുക്കുന്നകാലം. വ്യക്തികളുടെയും മുഴുവൻ ജനസമൂഹങ്ങളുടെയും ജീവിതങ്ങളെയും ദൈനംദിനം ഉള്ള വ്യവഹാരങ്ങളെയും വ്യത്യസ്തപ്പെടുത്താനുള്ള തീരുമാനങ്ങൾ, അതായത്, വസ്തുക്കൾ സ്വന്തമാക്കാനുള്ള മാർഗങ്ങൾ, സൃഷ്ടിയെക്കുറിച്ചുള്ള കരുതൽ, പരിസ്ഥിതി സംരക്ഷണം, കാണപ്പെടാത്തവരും നിരാകരിക്കപ്പെട്ടവരും ആയവരെയും ഉൾക്കൊള്ളാനുള്ള തീരുമാനങ്ങൾ എന്നിവ. അതിനാൽ, താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യാനായി ഞാൻ ഓരോ ക്രൈസ്തവ സമൂഹത്തെയും

ക്ഷണിക്കുന്നു: തങ്ങളുടെ ജീവിതശൈലിയെക്കുറിച്ച് പുനർവിചിന്തനം നടത്താനായി അതിന്റെ അംഗങ്ങൾക്ക് സമയം ഒരുക്കി നൽകുക; സമൂഹത്തിൽ തങ്ങളുടെ സാന്നിധ്യത്തെക്കുറിച്ച് പുനർവിചിന്തനം ചെയ്യാൻ അവസരം ഒരുക്കുക; തങ്ങളുടെ ജീവിതംവഴി സമൂഹത്തിന്റെ ഉന്നമനത്തിനായി സംഭാവന നൽകുക എന്നിവ. യേശുവിനെ നിരാശനാക്കിയ തരത്തിലുള്ള പശ്ചാത്താപമാണ് നമ്മുടെ ക്രൈസ്തവമായ പശ്ചാത്താപമെങ്കിൽ അപ്രകാരമുള്ളത് ശാപഗ്രസ്തം ആയിരിക്കും. കാരണം, നമ്മോട് യേശു പറയുന്നു,''നിങ്ങൾ ഉപവസിക്കുമ്പോൾ കപടനാട്യക്കാരെപ്പോലെ വിഷാദം ഭാവിക്കരുത്. തങ്ങൾ ഉപവസിക്കുന്നുവെന്ന് അന്യരെ കാണിക്കാൻ വേണ്ടി അവർ മുഖം വികൃതമാക്കുന്നു'' (മത്താ 6:16). അതിനുപകരം, മറ്റുള്ളവർ നമ്മുടെ സന്തോഷഭരിതമായ മുഖങ്ങൾ കാണട്ടെ. അങ്ങനെ അവർക്ക് സ്വാതന്ത്ര്യത്തിന്റെ സൗരഭ്യവും സ്നേഹത്തിന്റെ അനുഭവവും ലഭ്യമാകട്ടെ. പ്രസ്തുത സ്നേഹം ഏറ്റവും ചെറുതിൽ നിന്നു തുടങ്ങി നമ്മുടെ ഏറ്റവും അടുത്തുള്ളതുവരെയുള്ള എല്ലാ കാര്യങ്ങളും നവമാക്കുന്ന ഒന്നാണ്. ഇത് നമ്മുടെ ഓരോ ക്രൈസ്തവ സമൂഹത്തിലും നടക്കാവുന്ന ഒരു കാര്യമാണ്.

നോമ്പുകാലം മാനസാന്തരത്തിന്റെ അവസരമായി മാറുകയാണെങ്കിൽ, ഉൽക്കണ്ഠാഭരിതമായ മനുഷ്യ സമൂഹം സർഗാത്മകതയുടെ ഒരു പ്രസരണവും പ്രത്യാശയുടെ ഒരു കിരണവും ദർശിക്കും. കഴിഞ്ഞ വേനൽക്കാലത്ത് ലിസ്ബണിൽവച്ച് യുവാക്കളോടു ഞാൻ പറഞ്ഞത് ആവർത്തിക്കട്ടെ: 'അന്വേഷിക്കുന്നത് തുടർന്നുകൊണ്ടിരിക്കുവിൻ, സാഹസങ്ങൾ ചെയ്യാൻ തയ്യാറായിരിക്കുവിൻ'. ഇക്കാലസന്ധിയിൽ നാം വളരെയേറെ പ്രതിസന്ധികളാണ് നേരിടുന്നത്; അനേകം ജനതകളുടെ ദീനരോദനം നാം കേൾക്കുന്നു. യഥാർഥത്തിൽ കഷണം കഷണമായി നാം ഒരു മൂന്നാം ലോകമഹായുദ്ധമാണ് അനുഭവിക്കുന്നത്. എന്നിരുന്നാലും, ലോകത്തെ നോക്കി കാണാനുള്ള ധൈര്യം നമുക്ക് സംഭരിക്കാം: മരണവേദനയിൽ ആയിരിക്കുന്ന ലോകത്തെയല്ല, മറിച്ച് ജന്മം നൽകുന്നതിൽ ആയിരിക്കുന്നതിനെ; മഹത്തായ ചരിത്രത്തിന്റെ അവസാനത്തിലായിരിക്കുന്നതിനെയല്ല, പുതിയതിന്റെ ആരംഭത്തിൽ ആയിരിക്കുന്ന ഒരു

ലോകത്തെ. ഇപ്രകാരം ചിന്തിക്കാൻ നമുക്ക് ധൈര്യം വേണം'' (2023 ആഗസ്റ്റ് 3-ാം തീയതി സർവകലാശാലാ വിദ്യാർഥികൾക്ക് നൽകിയ സന്ദേശം). ഇതാണ് മാനസാന്തരത്തിന്റെ ധൈര്യം, അടിമത്തത്തിൽ നിന്ന് പുറത്തുവന്ന് ജന്മം എടുത്ത മാനസാന്തരത്തിന്റെ ധൈര്യം. എന്തെന്നാൽ, പ്രത്യാശ എന്ന ചെറിയ ശിശുവിന്റെ കരങ്ങളിൽ വിശ്വാസവും സ്നേഹവും പിടിക്കുന്നു. അവർ അവളെ നടക്കാൻ പഠിപ്പിക്കുന്നു; അതേസമയം, അവൾ അവരെ മുന്നോട്ടു നയിക്കുന്നു (1).

ഞാൻ നിങ്ങളെ എല്ലാവരെയും നിങ്ങളുടെ നോമ്പുകാല പാതയെയും ആശിർവദിക്കുന്നു.

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് ആഗമനകാലത്തിലെ ഒന്നാം ഞായറാഴ്ച, 2023 ഡിസംബർ മൂന്നാം തീയതി നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യലയം
പി.ഒ.സി., കൊച്ചി - 682 025



# ഇടയലേഖനം

**Prot. No. 28663 /2024**

Pastoral Letter No. 1/2024

മാനന്തവാടി രൂപതയുടെ മെത്രാൻ ബിഷപ്പ് ജോസ് പൊരുന്നേടം സഹായമെത്രാൻ അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവിനോട് ചേർന്ന് തന്റെ സഹശുശ്രൂഷകരായ വൈദികർക്കും മ്ശംശാനാമാർക്കും സമർപ്പിതർക്കും അത്മായ നേതാക്കൾക്കും തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന എല്ലാ സഹോദരങ്ങൾക്കും പ്രിയപ്പെട്ട കുട്ടികൾക്കും എഴുതുന്നത്:

നിങ്ങൾക്കെല്ലാവർക്കും നമ്മുടെ കർത്താവിൽ ആശീർവാദവും സമാധാനവും.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

2024 ലെ ഉയിർപ്പ് തിരുനാളിന് ഒരുക്കമായുള്ള വലിയ നോമ്പിന്റെ അഥവാ അമ്പത് നോമ്പിന്റെ മധ്യത്തിലാണല്ലോ നമ്മൾ. അമ്പത് എന്ന് പറയുമ്പോഴും നാൽപ്പത് ദിവസമേ ഉള്ളു എന്നതാണ് വാസ്തവം. മാത്രമല്ല ഈ കാലഘട്ടത്തെ സഭാ പ്രബോധനങ്ങളിൽ അറിയപ്പെടുന്നത് നാൽപ്പതിന്റെ കാലഘട്ടം എന്നാണ്. നാൽപ്പത് എന്ന പ്രതീകാത്മക സംഖ്യക്ക് സഭാജീവിതത്തിൽ എന്ത് പ്രാധാന്യമാണ് ഉള്ളതെന്ന് പരിശുദ്ധ പിതാവ് ബനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പ 2022 ലെ വിഭൂതി ബുധനാഴ്ചത്തെ തന്റെ വചന സന്ദേശത്തിൽ ഇപ്രകാരം പറയുന്നു:

*ഈസ്റ്ററിന് മുമ്പുള്ള കാലഘട്ടം ഹൃദയപരിവർത്തനത്തിന്റെ (Metanoia = conversion of heart) സമയമാണെന്ന് സഭയ്ക്ക് അറിയാമായിരുന്നു; അതായത്, ഹൃദയമാറ്റം, അഥവാ മാനസാന്തരത്തിന്റെ കാലം. നമ്മുടെ മനുഷ്യജീവിതത്തെയും മുഴുവൻ ചരിത്രത്തെയും തിരിച്ചറിയുന്ന ഒരു കാലഘട്ടമാണിത്, ഇപ്പോൾ ആരംഭിക്കുന്ന ഒരു പരിവർത്തന പ്രക്രിയയാണ്, സമയാവസാനത്തിൽ കർത്താവിനെ കണ്ടുമുട്ടാൻ നമ്മെ സഹായിക്കുന്നത്. ആരാധനാക്രമത്തിൽ സവിശേഷമായ ഒരു പദപ്രയോഗം ഉപയോഗിച്ച്, ഇന്ന് നാം പ്രവേശിച്ചിരിക്കുന്ന കാലഘട്ടത്തെ സഭ നാൽപ്പതിന്റെ*

*സമയം എന്ന് വിളിക്കുന്നു, അതായത്, 40 ദിവസത്തെ കാലഘട്ടം, വിശുദ്ധ ഗ്രന്ഥത്തെക്കുറിച്ചുള്ള വ്യക്തമായ പരാമർശത്തോടെ, കൃത്യമായ ഒരു ആത്മീയതയിലേക്ക് നമ്മെ പരിചയപ്പെടുത്തുന്നു. 40 എന്നത് പഴയതും പുതിയതുമായ നിയമങ്ങളിൽ ദൈവജന ത്തിന്റെ വിശ്വാസാനുഭവത്തിലെ സുപ്രധാന നിമിഷങ്ങളെ പ്രതി നിധീകരിക്കുന്ന പ്രതീകാത്മക സംഖ്യയാണ്. കാത്തിരിപ്പിന്റെയും, ശുദ്ധീകരണത്തിന്റെയും, കർത്താവിലേക്കുള്ള മടങ്ങിവരവിന്റെയും, ദൈവം തന്റെ വാഗ്ദാനങ്ങൾ പാലിക്കുന്നു എന്ന അറിവിന്റെയും സമയത്തെ പ്രതിനിധീകരിക്കുന്ന ഒരു സംഖ്യയാണിത്.*

*ഈ സംഖ്യ അതിന്റെ ദിവസങ്ങളുടെ ആകെത്തുകയാൽ അടയാളപ്പെടുത്തിയ കൃത്യമായ കാലക്രമ കാലയളവിനെ പ്രതി നിധീകരിക്കുന്നില്ല. പകരം, ക്ഷമാശീലം, ഒരു നീണ്ട പരീക്ഷണം, ദൈവത്തിന്റെ പ്രവൃത്തികൾ ഗ്രഹിക്കുന്നതിനുള്ള മതിയായ സമയ ദൈർഘ്യം, കൂടുതൽ നീട്ടിവെക്കാതെ ഒരാളുടെ ഉത്തരവാദി ത്തങ്ങൾ ഏറ്റെടുക്കാൻ തീരുമാനിക്കേണ്ട ഒരു സമയം എന്നിവ ഇത് അർത്ഥമാക്കുന്നു. പക്വമായ തീരുമാനങ്ങൾ എടുക്കേണ്ട സമയ മാണിത്. നോഹയുടെ കഥയിലാണ് 40 എന്ന സംഖ്യ ആദ്യം പ്രത്യ ക്ഷപ്പെടുന്നത്. വെള്ളപ്പൊക്കം നിമിത്തം ഈ നീതിമാനായ മനു ഷ്യൻ 40 പകലും 40 രാത്രിയും പെട്ടകത്തിൽ തന്റെ കുടുംബ ത്തോടും ദൈവം തന്നോട് കൊണ്ടുപോകാൻ പറഞ്ഞ മൃഗങ്ങ ളോടും ഒപ്പം ചെലവഴിക്കുന്നു. വെള്ളപ്പൊക്കത്തിന് ശേഷം, നാശ ത്തിൽ നിന്ന് രക്ഷിക്കപ്പെട്ട ഉണങ്ങിയ നിലത്ത് തൊടുന്നതിനു മുമ്പ് അവൻ വീണ്ടും 40 ദിവസം കാത്തിരിക്കുന്നു (cf. Gen 7:4,12; 8:6). പിന്നെ, അടുത്ത ഘട്ടം: ന്യായപ്രമാണം സ്വീകരി ക്കാൻ മോശ 40 പകലും 40 രാത്രിയും സീനായ് പർവതത്തിൽ കർത്താവിന്റെ സന്നിധിയിൽ തുടരുന്നു. ഈ കാലയളവിലുടനീളം അവൻ ഉപവസിക്കുന്നു (cf. Ex. 24:18) ഈജിപ്തിൽ നിന്ന് വാഗ്ദത്ത ദേശത്തേക്കുള്ള യഹൂദ ജനതയുടെ യാത്ര 40 വർഷം നീണ്ടുനിൽക്കും, ദൈവത്തിന്റെ വിശ്വസ്തത അനുഭവിക്കാൻ ഉചി തമായ സമയമാണ്.*

വാഗ്ദാനം ചെയ്യപ്പെട്ട മിശിഹാ പഴയനിയമത്തിലെ ഏറ്റവും വലിയ പ്രവാചകനായ മോശയേക്കാൾ വലിയവനായിരിക്കും എന്ന് വചനം പറഞ്ഞ് വച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ട് ഹെബ്രായ

ലേഖനം നമ്മെ ഓർമ്മപ്പെടുത്തുന്നു: *മോശ ദൈവത്തിന്റെ ഭവനത്തിൽ വിശ്വസ്തനായിരുന്നതുപോലെ അവനും തന്നെ നിയോഗിച്ചവനോടു വിശ്വസ്തനായിരുന്നു. യേശു മോശയെക്കാൾ വളരെയേറെ മഹത്വമുള്ളവനായി കണക്കാക്കപ്പെടുന്നു* (ഹെബ്രായർ 3: 2-5). അതുകൊണ്ടാണ് അവിടുന്ന് നാൽപ്പത് പകലും നാൽപ്പത് രാവും ഉപവസിക്കുന്നതും പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതും.

ദൈവത്തിന്റെ പ്രമാണങ്ങൾ കൽപ്പലകകളിൽ എഴുതപ്പെട്ടാണ് മോശക്ക് കിട്ടിയത്. ഈശോയാകട്ടെ ദൈവത്തിന്റെ പ്രമാണം അഥവാ വചനം മനുഷ്യനായി അവതരിച്ചതാണ്. ഈ ഈശോയുടെ മൗതികശരീരത്തിലെ അവയവങ്ങളാണ് നമ്മൾ. അവയവങ്ങൾ ശരീരം പോലെ തന്നെ പരിശുദ്ധമായിരിക്കണം എന്നത് സ്വാഭാവികമാണല്ലോ. ആ പരിശുദ്ധിയിലേക്ക് നമ്മെ അടുപ്പിക്കുന്ന പ്രക്രിയയാണ് നോമ്പും അതിനോടനുബന്ധിച്ചുള്ള പ്രാർത്ഥനകളും പരിഹാര പ്രവൃത്തികളും ഉപവാസവും എല്ലാം.

ദൈവത്തെ കണ്ടിട്ട് ഇറങ്ങിവരുന്ന മോശയുടെ മുഖത്ത് നോക്കാൻ ജനത്തിന് കഴിയില്ലായിരുന്നു. അത്രയേറെ പ്രകാശം ദൈവസാന്നിദ്ധ്യം അദ്ദേഹത്തിന്റെ മുഖത്തിന് പ്രദാനം ചെയ്തു. എങ്കിൽ ഈ നോമ്പിന്റെ അവസാനം നാം എത്രയോ കൂടുതൽ ഈശോയുടെ ശരീരവുമായി അഥവാ മിശിഹായുമായി താദാത്മ്യം പ്രാപിക്കണം എന്ന് ചിന്തിക്കാവുന്നതേയുള്ളൂ. അത് നമ്മുടെ ചുറ്റുമുള്ളവർക്ക് നമ്മുടെ ചിന്തകളിലും പ്രതികരണങ്ങളിലും വാക്കുകളിലും പ്രവൃത്തികളിലും കാണാൻ സാധിക്കുകയും വേണം

ക്രൈസ്തവജീവിതത്തിന്റെ കേന്ദ്ര ബിന്ദുവാണ് ഈസ്റ്റർ അഥവാ ഈശോമിശിഹായുടെ ഉയിർപ്പ്. നമുക്കും ഇതുപോലെ ഒരു ഉയിർപ്പ് ഉണ്ടാകും എന്നതിന്റെ ഉറപ്പാണ് ഈശോയുടെ ഉയിർപ്പ്. അതുകൊണ്ട് വി. പൗലോസ് ഉദ്ഘോഷിക്കുന്നു: *ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം നിഷ്ഫലമാണ്. നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽത്തന്നെ വർത്തിക്കുന്നു. ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർഥം. മാത്രമല്ല, ഞങ്ങൾ ദൈവത്തിനുവേണ്ടി കപടസാക്ഷ്യം വഹിക്കുന്നവരായിത്തീരുന്നു. എന്തെന്നാൽ, ദൈവം ക്രിസ്തുവിനെ ഉയിർപ്പിച്ചു എന്നു ഞങ്ങൾ സാക്ഷ്യപ്പെടുത്തി.* (1 കോറിന്തോസ് 15: 12-15).

എന്നാൽ ഉയിർപ്പിന്റെ ജീവിതം മരണശേഷം കിട്ടാൻ പോകുന്ന ഒന്നായി മാത്രമല്ല നാം മനസ്സിലാക്കേണ്ടത്. പ്രത്യുത അത് ഈ ലോകത്തിൽ തന്നെ ലഭ്യമാകും. ലഭ്യമാകണം. മരണശേഷമുള്ളത് നിത്യജീവന്റെ പൂർണ്ണതയും നിത്യതയും മാത്രമാണ്. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു: *എങ്ങനെ ഉത്ഥാനം സംഭവിക്കുന്നു എന്നതു നമ്മുടെ ഭാവനയ്ക്കും ഗ്രഹണശക്തിക്കും അതീതമാണ്; അതു വിശ്വാസത്തിനുമാത്രം അഭിഗമ്യമാണ്. എന്നാലും കുർബാനയിലുള്ള നമ്മുടെ ഭാഗഭാഗിത്വം നമ്മുടെ ശരീരങ്ങൾ ക്രിസ്തുവിലൂടെ രൂപാന്തരപ്പെടുന്നതിന്റെ ഒരു മുന്നാസ്വാദനം നമുക്കു പ്രദാനം ചെയ്യുന്നു* (CCC 1000). അതായത് നാം വിശുദ്ധ കുർബാന സ്വീകരിക്കുമ്പോൾ നാം ഈശോമിശിഹായുടെ ശരീരവുമായി ഒന്നാകുന്നു.

സഭാപിതാവായ വി. ഇരനേവൂസ് ഇപ്രകാരം പറയുന്നു: *ഭൂമിയിൽനിന്നുള്ള അപ്പം, അതിൻമേൽ ദൈവത്തിന്റെ ആശീർവാദത്തിനായുള്ള പ്രാർഥന ചൊല്ലിക്കഴിയുമ്പോൾ സാധാരണ അപ്പമല്ല, ഭൗതികവും സ്വർഗീയവുമായ രണ്ട് യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളുന്ന കുർബാനയായി തീരുന്നു. അതുപോലെ തന്നെ കുർബാനയിൽ പങ്കുകൊള്ളുന്ന നമ്മുടെ ശരീരങ്ങളും നശ്വരമല്ല, പ്രത്യുത ഉത്ഥാനത്തിന്റെ പ്രത്യാശ ഉൾക്കൊള്ളുന്നതായി തീരുന്നു.*

മതബോധന ഗ്രന്ഥം തുടർന്ന് പറയുന്നു: *അവസാന ദിവസം ക്രിസ്തു നമ്മെ ഉയിർപ്പിക്കുമെന്നത് സത്യമെങ്കിൽ, ഒരുവിധത്തിൽ, നാം ക്രിസ്തുവിനോടുകൂടി ഉത്ഥാനം ചെയ്തുകഴിഞ്ഞു എന്നതും സത്യമാണ്. എന്തെന്നാൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ക്രിസ്തീയജീവിതം ഭൂമിയിൽ ഇപ്പോൾത്തന്നെ, ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലുമുള്ള പങ്കുചേരലാണ്* (CCC 1002).

അതുകൊണ്ടാണ് വി. പൗലോസ് പറയുന്നത്: *മാമ്മോദീസവഴി നിങ്ങൾ അവനോടൊപ്പം സംസ്കരിക്കപ്പെട്ടു. മരിച്ചവരിൽ നിന്ന് അവനെ ഉയിർപ്പിച്ച ദൈവത്തിന്റെ പ്രവർത്തനത്തിലുള്ള വിശ്വാസം നിമിത്തം നിങ്ങൾ അവനോടുകൂടെ ഉയിർപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ക്രിസ്തുവിനോടൊപ്പം നിങ്ങൾ ഉയിർപ്പിക്കപ്പെട്ടെങ്കിൽ ദൈവത്തിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന ക്രിസ്തു*

*വസിക്കുന്ന ഉന്നതത്തിലുള്ളവയെ അന്വേഷിക്കുവിൻ* (Col. 2:12; 3:1). *മാമ്മോദീസവഴി ക്രിസ്തുവിനോട് ഐക്യപ്പെട്ട വിശ്വാസികൾ ഉത്ഥിതനായ ക്രിസ്തുവിന്റെ സ്വർഗീയജീവിതത്തിൽ ഇപ്പോൾത്തന്നെ പങ്കുപറ്റുന്നു. പക്ഷേ, ആ ജീവിതം ദൈവത്തിൽ ക്രിസ്തുവിനോടുകൂടെ നിഗൂഢമായിരിക്കുന്നു* (CCC 1003).

നാം ഈശോയോടൊപ്പം നടന്ന് അവിടുത്തെ മനസ്സ് സ്വന്തമാക്കിയവരാകണം. അതുകൊണ്ട് ഈശോ തന്നെ പറയുന്നു. *ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും* (മത്തായി 5:8). യോഹന്നാൻ അത് അവതരിപ്പിക്കുന്നത് ഇങ്ങനെയാണ്: *ഏകസത്യദൈവമായ അവിടുത്തെയും അങ്ങ് അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ* (യോഹന്നാൻ 17:3). നമ്മളെല്ലാം ആ അറിവിൽ കുളിച്ചവരാണ്. അതാണല്ലോ അറിവിലുള്ള കുളി അഥവാ ജ്ഞാനസ്നാനം (മാമ്മോദീസാ). ഈ സാഹചര്യത്തിൽ പത്രോസിനോട് ഈശോ പറഞ്ഞത് നമ്മെ സംബന്ധിച്ചും പ്രസക്തമാണ്: പത്രോസ് പറഞ്ഞു: *നീ ഒരിക്കലും എന്റെ പാദം കഴുകരുത്. യേശു പറഞ്ഞു: ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല* (യോഹന്നാൻ 13 : 8). എങ്കിൽ തന്റെ ശിരസ്സും ശരീരവും കൂടെ കഴുകണം എന്ന് പറഞ്ഞ പത്രോസിനോട് ഈശോ പ്രതിവചിച്ചു: *കുളികഴിഞ്ഞവന്റെ കാലുകൾ മാത്രമേ കഴുകേണ്ടതുള്ളു. അവൻ മുഴുവൻ ശുചിയായിരിക്കും. നിങ്ങളും ശുദ്ധിയുള്ളവരാണ്; എന്നാൽ എല്ലാവരുമല്ല* (യോഹന്നാൻ 13: 10). ഈശോയെ ദൈവപുത്രനും മിശിഹായുമായി ഏറ്റുപറഞ്ഞ പത്രോസ് ആ അറിവിൽ കുളിച്ചവനായിരുന്നു.

നമ്മുടെ രക്ഷക്കായി ദൈവത്തിന്റെ വചനം മാംസം ധരിച്ചതാണ് എന്നും അവിടുന്ന് കാണിച്ചു തന്ന സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും ക്ഷമയുടെയും ആത്മദാനത്തിന്റെയും എല്ലാം വഴിയാണ് രക്ഷയിലേക്കുള്ള വഴി എന്ന് നമ്മൾ അറിയുകയും ജ്ഞാനസ്നാനത്തിൽ ഏറ്റുപറയുകയും ചെയ്തതാണ്. അത് നമ്മൾ ഓരോ ദിവസവും വിശ്വാസപ്രമാണത്തിൽ ആവർത്തിക്കുകയും ചെയ്യുന്നു. സംഗതി അങ്ങനെയൊക്കെയാണെങ്കിലും ഈ ലോകത്തിലായിരിക്കുന്നിടത്തോളം കാലം കാലിൽ ചെളി പറ്റുന്നതുപോലെ ഈ ലോകത്തിന്റെ ശൈലികളാകുന്ന ചെളി, അതായത് പാപം,

നമ്മിൽ പറ്റിപ്പിടിക്കും. അതിനെ കഴുകിക്കളയാൻ കർത്താവിനെ നമ്മൾ അനുവദിക്കണം. എങ്കിലേ അവിടുത്തോടൊപ്പം നമ്മുക്ക് ആയിരിക്കാൻ കഴിയുകയുള്ളു. ഇതാണ് കുമ്പസാരത്തിലൂടെയും പ്രായച്ഛിത്തത്തിലൂടെയും പരിഹാരപ്രവൃത്തിയിലൂടെയും സംഭവിക്കുന്നത്.

കുളി ആണ്ടിൽ ഒരിക്കൽ മാത്രം പോരല്ലോ. ഇതുപോലെ തന്നെയാണ് പാപമോചനശുശ്രൂഷയും പ്രാർത്ഥനയും പരിഹാരപ്രവൃത്തികളും എല്ലാം. ഇക്കാര്യങ്ങളെല്ലാം നമ്മെ ഓർമ്മപ്പെടുത്തുന്ന കാലഘട്ടമാണ് നോമ്പുകാലം. മാത്രമല്ല, ഈശോ പ്രവേശിച്ച മഹത്വപൂർണ്ണമായ ജീവിതത്തിലേക്ക് പ്രവേശിക്കണമെങ്കിൽ ഈശോയോടൊപ്പം പിതാവായ ദൈവത്തിന്റെ സന്നിധിയിലേക്ക് നടക്കുന്ന നമ്മളും അവിടുന്ന് കടന്നുപോയ ഉപവാസത്തിന്റെയും പരീക്ഷണങ്ങളുടെയും ഘട്ടത്തിലൂടെ കടന്നുപോകണം എന്ന വസ്തുത ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

ഇതിന്റെയെല്ലാം ആത്യന്തിക ലക്ഷ്യം എന്താണ്? *ഈ ഭൂമിയിലുള്ള എല്ലാവരെയും ഈശോ കല്പിച്ച എല്ലാ കാര്യങ്ങളും പഠിപ്പിക്കാൻ നമ്മൾ പ്രാപ്തരാകുകയും അങ്ങനെ ഈ ലോകത്തിലെ മനുഷ്യരെല്ലാവരും വിശുദ്ധിയിലും നീതിയിലും ഈ ലോകത്തെ ഭരിക്കാനും ഹൃദയപരമാർത്ഥതയോടെ വിധികൾ പ്രസ്താവിക്കാനും എല്ലാവരെയും പ്രാപ്തരാക്കുക എന്നതുമാണ്* (ജ്ഞാനം 9:3). അതിനാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

വചനം തന്നെയായ ഈശോമിശിഹായെയും അവിടുത്തെ പ്രബോധനങ്ങളെയും മനസ്സിലാക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം അവിടുത്തെ വചനവും അതിന്റെ വ്യാഖ്യാനങ്ങളും അവയനുസരിച്ച് ജീവിച്ച ഈശോയുടെ ശിഷ്യരുടെ പ്രവർത്തനങ്ങളും എല്ലാം അടങ്ങിയ വി. ഗ്രന്ഥം വായിച്ചു ഹൃദ്യസ്ഥമാക്കുകയും അവയെ ശരിയായ രീതിയിൽ മനസ്സിലാക്കി അവയനുസരിച്ച് ജീവിക്കുകയും ചെയ്യുക എന്നതാണ്. ഈ നോമ്പു കാലത്തും തുടർന്നും നിങ്ങളുടെ ജീവിതത്തിൽ ഒരിക്കലും മുടങ്ങാത്ത ഒരു ദിനചര്യ ആയി മാറട്ടെ വി. ഗ്രന്ഥവായന. അത് നിങ്ങളുടെ സ്വഭാവത്തെ മാറ്റിമറിക്കും. തിന്മകളിൽ നിന്ന് മോചിതരാകാൻ സഹായിക്കും. മനോഭാവങ്ങളും വാക്കുകളും പ്രവൃത്തികളും പ്രതികരണങ്ങളും

എല്ലാം ക്രൈസ്തവ ധാർമ്മികതയിൽ അടിസ്ഥാനമിട്ടതാകും. അപ്പോൾ നമ്മൾ വീണുപോകുകയില്ല. അതിലൂടെ നമ്മൾ നല്ല പ്രവൃത്തികൾ ചെയ്ത് പരിപൂർണ്ണത പ്രാപിക്കും (2 തിമോ. 3:17). മനസ്സിന്റെ നവീകരണം വഴി പുതിയ മനുഷ്യനെ ധരിക്കാൻ ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ.

ഇത്തരുണത്തിൽ മറ്റൊരു കാര്യം കൂടി ഓർമ്മപ്പെടുത്തട്ടെ. നമ്മുടെ നാട്ടിൽ കാട്ടുമൃഗങ്ങളുടെ ആക്രമണം നമ്മുടെ ജീവനും സ്വത്തിനും വലിയ ഭീഷണിയായി മാറിയിരിക്കുകയാണല്ലോ. ഇതിനകം പലർക്കും ജീവൻ നഷ്ടപ്പെട്ടുകഴിഞ്ഞു. അവരുടെ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ആക്രമണത്തിൽ പരിക്കുപറ്റി ശയ്യാവലംബരായവർക്കുവേണ്ടിയും പ്രാർത്ഥിക്കുകയും നമ്മെ കഴിയുന്ന വിധത്തിലെല്ലാം സഹായിക്കുകയും ചെയ്യാം. അതോടൊപ്പം ആവശ്യമായ മുൻകരുതലുകൾ നമ്മളും എടുക്കണം. നമ്മുടെ സമൂഹത്തിൽ നിന്ന് തദ്ദേശ സ്വയംഭരണ സമിതികളിലും സ്ഥാപനങ്ങളിലും മറ്റ് ഭരണതലങ്ങളിലും ഓഫീസുകളിലും എല്ലാം ഉള്ളവരുടെ ശ്രദ്ധയും പരിഗണനയും ഇക്കാര്യത്തിലെല്ലാം പ്രത്യേകം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത് നിങ്ങളുടെ ക്രൈസ്തവവിശ്വാസം ആവശ്യപ്പെടുന്നു.

നോമ്പുകാലം മൂന്നാം വ്യാഴത്തിലെ സപ്രാ പ്രാർത്ഥനയിലെ ഒരു ഗീതത്തോടെ ഈ നോമ്പുകാല പരിചിന്തനം അവസാനിപ്പിക്കട്ടെ.

*ഉപവാസത്തിൻ സ്നേഹിതരായ് ഉലകിൽ മേവുകയതിധന്യം;*
*അവരുടെ മേനിയുമാത്മാവും നിത്യാഗ്നിക്കിരയാകില്ല.*
*തൃപ്തിവരുത്തും ഭോജ്യങ്ങൾ വർജിച്ചാലും തിന്മകളിൽ*
*നിലനിന്നീടിൽ സോദരരേ, ഉപവാസം ഫലമേകില്ല.*
*ജാഗ്രതയാർന്നവരായെന്നും തിന്മവെടിഞ്ഞു നടന്നീടാൻ*
*നന്മയിലനിശം മുന്നേറാൻ കർത്താവേ, കൃപയേകണമേ.*

ഏവർക്കും ആസന്നമായ ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവം നേരുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവിൽ നിന്നുള്ള ശാന്തിയും സമാധാനവും നിങ്ങളുടെ ഹൃദയങ്ങളിലും മനസ്സുകളിലും നിറയട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2024 ഫെബ്രുവരി മാസം 22 ന് നൽകപ്പെട്ടത്.

യേശുവിൽ,

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**ശ്രദ്ധിക്കുക:**

*1. ഈ ഇടയലേഖനം 2024 മാർച്ച് മാസം 10-ാം തീയതി എല്ലാ ഇടവകകളിലും വി. കുർബാന മധ്യേ വായിക്കുകയും ഇടവകയുടെയും സംഘടനകളുടെയും സ്ഥാപനങ്ങളുടെയും വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിലേക്ക് അയച്ചു കൊടുക്കുകയും ചെയ്യേണ്ടതാണ്.*

*2. മുമ്പ് തീരുമാനിക്കപ്പെട്ടതുപോലെ വർദ്ധിച്ചുവരുന്ന വന്യമൃഗാക്രമണം പരിഗണിച്ച് ഉയിർപ്പ് തിരുനാളിന്റെ തിരുക്കർമ്മങ്ങൾ ദുഃഖശനി വൈകുന്നേരം 7 മണിയോടെ ആരംഭിച്ച് രാത്രി 10 മണിക്ക് മുമ്പായി അവസാനിപ്പിക്കാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.*

# രൂപതാകച്ചേരി വാർത്തകൾ

**അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാൾ**

മാർച്ച് 19-ാം തിയതി തിരുസഭ വി. യൗസേപ്പിതാവിന്റെ ഓർമ്മ തിരുനാൾ ആചരിക്കുകയാണല്ലോ. യൗസേപ്പിതാവിന്റെ നാമധാരിയായ നമ്മുടെ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിന് രൂപത മുഴുവന്റേയും പേരിൽ നാമഹേതുക തിരുനാളിന്റെ സ്നേഹപൂർവ്വകമായ മംഗളാശംസകൾ. തിരുസഭയുടെ സംരക്ഷകനായ മാർ യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭിവന്ദ്യ പിതാവും മാനന്തവാടി രൂപതയും അനുഗ്രഹിക്കപ്പെടുന്നതിനായി നമുക്കൊന്നു ചേർന്ന് പ്രാർത്ഥിക്കാം. വി. യൗസേപ്പിതാവിന്റെ നാമധാരികളായ ബഹു. വൈദികരെയും നമ്മുടെ പ്രാർത്ഥനയിൽ അന്നേദിവസം പ്രത്യേകം ഓർക്കാം. വി. യൗസേപ്പിതാവിന്റെ നാമധാരികളായ എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ.

**മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമവാർഷികം**

നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ പ്രിയങ്കരനായ മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമദിനം ഏപ്രിൽ 6-ാം തിയതി ശനിയാഴ്ചയാണ്. അന്നേ ദിവസം കത്തീഡ്രൽ ദേവാലയത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രാവിലെ 6.45 ന് തിരുകർമ്മങ്ങൾ ഉണ്ടായിരിക്കും. സാധിക്കുന്ന വൈദികരും സന്യസ്തരും അത്മായ സഹോദരങ്ങളും ആ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സ്നേഹസ്മരണ**

മാർച്ച് 3 ന് ബഹു. ജോർജ്ജ് മൂലയിൽ അച്ചന്റെയും മാർച്ച് 10 ന് ബഹു. ഫ്രാൻസീസ് വാളായിൽ അച്ചന്റെയും, ബഹു. മാത്യു പൈക്കാട്ടച്ചന്റെയും ഏപ്രിൽ 8 ന് ബഹു. പോൾ മണക്കാട്ട്മറ്റം അച്ചന്റെയും ഏപ്രിൽ 5 ന് ബഹു. ജോസഫ് തുരുത്തേൽ അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും നമുക്കോർക്കാം.

**വൈദിക സമിതി (Presbyteral Council)**

വൈദിക സമിതി (Presbyteral Council) യുടെ ഒരു യോഗം 2024 മാർച്ച് 6 ബുധനാഴ്ച രാവിലെ 10.30 നു മാനന്തവാടി ബിഷപ്സ് ഹൗസ്സിൽ ചേരുന്നതാണ്. അംഗങ്ങൾക്കു ക്ഷണക്കത്തുകൾ അയക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ കിട്ടിയില്ലെങ്കിൽ ഇതൊരറിയിപ്പായി സ്വീകരിച്ച് യോഗത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വൈദിക സമ്മേളനം (Priests' Conference)**

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം (PRIESTS' CONFERENCE) 2024 മാർച്ച് 14 വ്യാഴാഴ്ച്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 1.30വരെ ദ്വാരക കോർപ്പറേറ്റ് ഓഡിറ്റോറിയത്തിൽ ചേരുന്നതാണ്.ഏതെങ്കിലും കാരണവശാൽ ക്ഷണക്കത്ത് ലഭിക്കാതെ വന്നാൽ ഇതു അറിയിപ്പായി സ്വീകരിച്ച് വൈദികസമ്മേളനത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പൊതു പിരിവുകൾ**

രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ചു തരേണ്ട പൊതു പിരിവുകൾ മാർച്ച് 31 നകം എത്തിച്ചു തരണമെന്ന് ഓർമ്മിപ്പിക്കുന്നു. എല്ലാ ഇടവകകളിൽ നിന്നും 10% രൂപതാ വിഹിതവും, വൈദിക ക്ഷേമ നിധിയിലേയ്ക്കുള്ള തുകയും, വൈദിക ക്ഷേമനിധി കുടിശിഖയുള്ള ഇടവകകൾ കുടിശിഖയും അടയ്ക്കാൻ ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുന്നു.

**വിദ്യാഭ്യാസ സഹായനിധി (Education Aid Fund), വൈദിക വിദ്യാർത്ഥി ക്ഷേമനിധി (Seminary Formation)**

എല്ലാവർഷത്തേയും പോലെ ഈ വർഷവും മാർച്ച് 10 ന് രൂപതാ വിദ്യാഭ്യാസ സഹായനിധിയിലേയ്ക്കും, മാർച്ച് 17-ന് വൈദിക വിദ്യാർത്ഥി ക്ഷേമനിധിയിലേക്കും ഓരോ ഇടവകയിലും നിന്ന് പിരിവ് എടുക്കേണ്ടതും രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതുമാണ്.

**മൈനർ ഓർഡേഴ്സ്**

വിവിധ മേജർ സെമിനാരികളിൽ ദൈവശാസ്ത്ര പരിശീലനം നേടികൊണ്ടിരിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ മൈനർ ഓർഡേഴ്സ് മാർച്ച് 25 ന് രാവിലെ 7 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് നൽകപ്പെടുന്നതായിരിക്കും.

**വാർഷിക പൊതുയോഗവും തിരഞ്ഞെടുപ്പും**

ഈ വർഷത്തെ ആണ്ടുതിരട്ട്, അടുത്ത വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ പാസ്സാക്കുന്നതിനും കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള വാർഷിക പൊതുയോഗം ഏപ്രിൽ 14-ാം തിയ്യതി ഞായറാഴ്ചയോ അതിനു മുൻപോ നടത്തേണ്ടതാണ്. പൊതുയോഗത്തിൽ 2023-24 വർഷത്തെ വാർഷിക കണക്ക്, 2024-25 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ അവതരിപ്പിച്ച് പാസാക്കുകയും 2024-25 വർഷത്തേയ്ക്കുള്ള കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്യണം. രണ്ട് ഇന്റേണൽ ഓഡിറ്റർമാരെയും തിരഞ്ഞെടുക്കണം. കൈക്കാരന്മാരായി തിരഞ്ഞെടുക്കപ്പെടുന്നവരിൽ നിന്ന് പ്രതിജ്ഞാപത്രം അപ്പോൾ തന്നെ ഒപ്പിട്ട് വാങ്ങേണ്ടതാണ്.

* വാർഷിക തെരട്ടിനോടൊപ്പം പൊതുയോഗ മിനിറ്റ്സിന്റെ പകർപ്പും വാർഷിക തെരട്ടിന്റെയും ബഡ്ജറ്റിന്റേയും കോപ്പികളും, കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രവും ഓഡിറ്റിംഗിനു വരുമ്പോൾ ബഹു. വികാരി ജനറാളച്ചനു സമർപ്പിച്ച് അംഗീകാരം വാങ്ങണം. കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രങ്ങൾ സമർപ്പിച്ച് അംഗീകാരം ലഭിച്ചതിനുശേഷമാണ് പുതിയ കൈക്കാരന്മാർ ചാർജ്ജെടുക്കുക. കൈക്കാരന്മാരുടെ യോഗ്യതകളെക്കുറിച്ച് നിയമാവലിയിൽ പറഞ്ഞിരിക്കുന്നതിന് പുറമെ (കൈക്കാരന്മാർ 21 വയസിൽ കുറയാത്തവരും, 65 ൽ കവിയാത്തവരും സുരക്ഷിത ചുറ്റുവട്ട സമിതി (Safe Environment Committee) സംഘടിപ്പിക്കുന്ന കോഴ്സിൽ സംബന്ധിച്ച് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവരും വിശ്വസ്തരും, സത്യസന്ധരും, കഴിവുറ്റവരും, കാര്യപ്രാപ്തരും, സേവനസന്നദ്ധരും, ഇടവക കുടിശിഖ ഇല്ലാത്തവരും, ലഹരിക്ക് അടിമപ്പെടാത്തവരും പള്ളിയുടെ നന്മയ്ക്ക് പ്രവർത്തിക്കുന്നവരും സഭാവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടാത്തവരും ആയിരിക്കണം. പേജ് 205, നമ്പർ 42.) സഭാശുശ്രൂഷകരെ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അഭിവന്ദ്യ പിതാവിന്റെ പ്രത്യേക പാസ്റ്ററൽ ലെറ്റർ നമ്പർ 02/2008, Prot.No. 6414/2008 -ൽ പറഞ്ഞിട്ടുള്ളതും പ്രത്യേകം ഓർമ്മിപ്പിക്കട്ടെ. കൈക്കാരന്മാർ മുമ്പ് കോഴ്സ് കൂടിയിട്ടില്ലെങ്കിൽ Safe Environment Committee പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്ന കോഴ്സ് കൂടേണ്ടതാണ്.

* സഭാ ശുശ്രൂഷകർക്കായി നിയോഗിക്കപ്പെടുന്ന സഭാംഗങ്ങൾ, ഏതുതരത്തിൽപ്പെട്ടവരായാലും ക്രൈസ്തവവിശ്വാസവും ധാർമ്മികതയും ആചാരാനുഷ്ഠാനങ്ങളും ശരിയായി മനസ്സിലാക്കി അവ തെറ്റു

കൂടാതെയും കുറവു കൂടാതെയും വിശ്വസിച്ച് ജീവിക്കുന്നവരും ആകണം.

* വിശ്വാസജീവിതം നയിക്കാത്തവരും അതു പരസ്യമായി പറയാൻ മടിക്കുന്നവരും ശുശ്രൂഷയുടെ സ്ഥാനങ്ങളിലേയ്ക്ക് നിയോഗിക്കപ്പെടരുത്.

* ക്രൈസ്തവവിശ്വാസവും ധാർമ്മികതയും അംഗീകരിക്കാത്ത പ്രസ്ഥാനങ്ങളിലും സംഘടനകളിലും അംഗങ്ങളാകുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ തിരഞ്ഞെടുക്കപ്പെടാൻ പാടില്ല.

* സീറോമലബാർ സഭയുടെ പള്ളി നടപടി ക്രമം 6.1.1. അനുസരിച്ച് സഭയുടെ വിശ്വാസത്തെയും സഭാപ്രബോധനങ്ങളെയും പരസ്യമായി എതിർക്കുന്നവർ പൊതുയോഗത്തിലും പ്രതിനിധിയോഗത്തിലും അംഗങ്ങളാകുവാൻ പാടില്ല. അവർ ശുശ്രൂഷാസ്ഥാനങ്ങളിൽ നിയോഗിക്കപ്പെടാനും പാടില്ല.

* കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പ് അംഗീകരിച്ച് നിയമിക്കാനായി രൂപതാകേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്ന പൊതുയോഗ തീരുമാനത്തോടൊപ്പം രൂപതാകേന്ദ്രത്തിൽ ലഭ്യമാക്കിയിട്ടുള്ള പ്രത്യേക പ്രതിജ്ഞാപത്രം തെരഞ്ഞെടുക്കപ്പെടുന്നവരുടെയും ബഹു. വികാരിയുടെയും സാക്ഷികളുടെയും ഒപ്പുസഹിതം സമർപ്പിക്കേണ്ടതാണ്.

* പ്രതിനിധിയോഗാംഗങ്ങൾ, സംഘടനാഭാരവാഹികൾ എന്നിവരുടെ തെരഞ്ഞെടുപ്പിനുശേഷം അവർ സ്ഥാനമേൽക്കുന്നതിനു മുൻപായി മേല്പറഞ്ഞ പ്രകാരം സത്യപ്രതിജ്ഞാപത്രം ഒപ്പിട്ട് ബഹു. വികാരിയെ ഏൽപിക്കേണ്ടതാണ്. വികാരി അവ ഇടവക ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

* മതാധ്യാപകരായി നിയമിക്കപ്പെടുന്നവരും സത്യപ്രതിജ്ഞാപത്രം ഒപ്പിട്ടു നൽകുകയും വികാരി അത് ഇടവക ഫയലിൽ സൂക്ഷിക്കുകയും വേണം.

* മദ്യപർ എന്ന് അറിയപ്പെടുന്നവരും ഏതെങ്കിലും ലഹരിക്ക് അടിമപ്പെട്ടവരും തെരഞ്ഞെടുക്കപ്പെടാൻ പാടില്ല.

## ഓഡിറ്റിംഗ്

പ്രിയമുള്ളവരേ,

നമ്മുടെ രൂപതയിലെ 2023-2024 വർഷത്തെ എല്ലാ ഇടവകകളുടെയും, സ്ഥാപനങ്ങളുടെയും ഓഡിറ്റിംഗ് ഏപ്രിൽ 16-ാം തിയ്യതി മുതൽ 27-ാം തിയ്യതി വരെ നടത്തപ്പെടുന്നതാണ്. ഇടവകകളുടെ ഓഡിറ്റിംഗ് ഏപ്രിൽ 16-ാം തിയ്യതി മുതൽ ഏപ്രിൽ 25 വരെയും,

സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ഓഡിറ്റിംഗ് (FC & General) ഏപ്രിൽ 26, 27 തിയ്യതികളിലുമാണ് ക്രമീകരീച്ചിരിക്കുന്നത്. ഓഡിറ്റിംഗിനായി വരുമ്പോൾ കഴിഞ്ഞ വർഷം ഓഡിറ്റേഴ്സ് നൽകിയ നിർദേശങ്ങൾ അനുസരിച്ച് വേണ്ട രേഖകൾ ഹാജരാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഇടവകകളുടെ പൊതുകണക്കുകൾ അംഗീകാരത്തിനും ഓഡിറ്റിംഗിനുമായി കൊണ്ടുവരേണ്ട തിയ്യതികൾ താഴെ ചേർത്തിട്ടുണ്ട്.

എല്ലാ ദിവസവും രാവിലെ 9 മണിക്ക് ഓഡിറ്റിംഗ് ആരംഭിക്കുന്നതാണ്. ഓഡിറ്റേഴ്സ് പലരുള്ളതിനാൽ ഓരോ പള്ളിക്കും കൃത്യ സമയം നിശ്ചയിച്ചിട്ടില്ല. രാവിലെ, ഉച്ചയ്ക്കു ശേഷം എന്നിങ്ങനെയേ സമയം ക്രമീകരിച്ചിട്ടുള്ളു. രാവിലെ ഓഡിറ്റിംഗിന് സമയം കിട്ടിയിരിക്കുന്നവർ 9 മണിയോടുകൂടിയും ഉച്ചയ്ക്കുശേഷം കിട്ടിയിരിക്കുന്നവർ ഉച്ചകഴിഞ്ഞ് 2 മണിയോടുകൂടിയും എത്തിച്ചേരുവാൻ ശ്രദ്ധിക്കുമല്ലോ. ഏതെങ്കിലും കാരണത്താൽ ദിവസമാറ്റം വളരെ അത്യാവശ്യമായി വന്നാൽ രൂപതാ ഓഫീസിൽ അറിയിച്ച് മറ്റൊരു ദിവസവും സമയവും ക്രമീകരിക്കേണ്ടതാണ്.

ഇടവകയുടെ പൊതുകണക്കുകൾ അംഗീകാരത്തിനും ഓഡിറ്റിംഗിനുമായി വരുമ്പോൾ താഴെ പറയുന്ന രേഖകൾ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്:

**വികാരി ജനറാളിന്റെ വിലയിരുത്തലിന്:**

1. വാർഷിക തെരട്ട്ബുക്ക്
2. വാഷിക പൊതുയോഗ മിനിട്സിന്റെ പകർപ്പ്
3. 2024-2025 വർഷത്തിലേക്കുള്ള അംഗികരിച്ച ബഡ്ജറ്റ്
4. വർഷികതെരട്ടിന്റെ 2 കോപ്പികൾ
5. 10% രൂപതാ വിഹിതം അടച്ചതിന്റെ രസീത്
6. കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രം
7. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറിന്റെ വാർഷിക മെയിന്റൻസ് ചാർജ്ജ് അടച്ചതിന്റെ രസീത്

**ഓഡിറ്റേഴ്സിന്റെ പരിശോധയ്ക്ക്:**

1. Online ആയി account ചെയ്തതിന്റെ Print out

- Daybook (നാൾവഴി)
- Ledger
- Annual STATEMENT of Receipt and Payment - 2 കോപ്പി (1 കോപ്പി LEDGER ന്റെ കൂടെ BIND ചെയ്യണം, 1 കോപ്പി ഓഡിറ്റേഴ്സിന് നൽകുവാൻ)

2. പാസ്ബുക്കുകൾ/ ബാങ്ക് സ്റ്റേറ്റ്മെന്റ്
3. ചെക്കുബുക്കുകൾ
4. ബില്ലുകൾ, വൗച്ചറുകൾ, രസീത്കുറ്റികൾ
5. FD രസീതുകൾ
6. 10,000 രൂപയ്ക്ക് മുകളിൽ പണമായി നൽകിയതിന്റെ വിവരങ്ങൾ
7. TDS അടച്ചതിന്റെ രേഖകൾ
8. 2,00,000-വും അതിന് മുകളിലുമുള്ള തുക പണമായി കൈപ്പറ്റിയതിന്റെ വിവരങ്ങൾ

അതോടൊപ്പം തന്നെ ചുരുക്കം ചില ഇടവകളിൽ പള്ളിയുടെ ഭൂനികുതിയും, വാണിജ്യാടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ നികുതിയും, മറ്റ് നികുതികളും വർഷങ്ങളായി അടച്ചിട്ടില്ലെന്ന് കാണുന്നു. വികാരിയച്ചന്മാർ മുൻകൈ എടുത്ത് പ്രസ്തുത നികുതികൾ എത്രയും വേഗം അടച്ച് രസീത് പള്ളി ഫയലിൽ സൂഷിക്കേണ്ടതും ഒരു കോപ്പി ഓഡിറ്റിംഗിനു വരുമ്പോൾ രൂപതാ ഓഫിസിൽ ഏൽപ്പിക്കേണ്ടതുമാണ്

നീലഗിരി റീജിയണിലുള്ള പള്ളികളുടെ കണക്കുകൾ ഓഡിറ്റർ ശ്രീ.ജോൺ മാത്യുവിന്റെ ഊട്ടിയിലോ, ഗൂഡല്ലൂരോ ഉള്ള ഓഫിസുകളിൽ നേരത്തെ തന്നെ ഓഡിറ്റിംഗിന് കൊടുക്കുന്നത് സൗകര്യപ്രദമായിരിക്കുമെന്ന് ഓഡിറ്റർ അറിയിച്ചിട്ടുണ്ട്. ആണ്ടുതെരട്ട് പരിശോധനയും പൊതുയോഗതീരുമാനങ്ങളുടെ അംഗികാരവും മെയ് 4ന് സേക്രട്ട്ഹാർട്ട് റീജണൽ സെന്ററിൽ വച്ച് ആയിരിക്കും (അധികാരിവയൽ, ഗൂഡല്ലൂർ) നടക്കുന്നത്.

**ഓരോ ഇടവകയ്ക്കും വേണ്ടി നിയോഗിച്ചിരിക്കുന്ന സമയക്രമം ചുവടെ ചേർക്കുന്നു.**

| | **മുള്ളൻകൊല്ലി ഫൊറോന** | **ഏപ്രിൽ 16 ചൊവ്വ** |
|---|---|---|
| 1. | ആടിക്കൊല്ലി | രാവിലെ 9 മുതൽ |
| 2. | അമരക്കുനി | രാവിലെ 9 മുതൽ |
| 3. | ഇരുളം | രാവിലെ 9 മുതൽ |
| 4. | കബനിഗിരി | രാവിലെ 9 മുതൽ |
| 5. | മരകാവ് | രാവിലെ 9 മുതൽ |
| 6. | മരക്കടവ് | രാവിലെ 9 മുതൽ |
| 7. | മുള്ളൻകൊല്ലി | രാവിലെ 9 മുതൽ |
| 8. | പാടിച്ചിറ | രാവിലെ 9 മുതൽ |

| | | |
|---|---|---|
| 9. | പട്ടാണിക്കൂപ്പ് | രാവിലെ 9 മുതൽ |
| 10. | പുൽപ്പള്ളി | രാവിലെ 9 മുതൽ |
| 11. | സീതാമൗണ്ട് | രാവിലെ 9 മുതൽ |
| 12. | ശിശുമല | രാവിലെ 9 മുതൽ |
| 13. | വാളാഞ്ചരി | രാവിലെ 9 മുതൽ |

**മാനന്തവാടി ഫൊറോന** **ഏപ്രിൽ 16 ചൊവ്വ**

| | | |
|---|---|---|
| 1. | ആലാറ്റിൽ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 2. | ഏലപ്പീടിക | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. | കരിമാനി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 4. | കുറ്റിമൂല | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 5. | മാനന്തവാടി കത്തീഡ്രൽ | ഉച്ചകഴിഞ്ഞ് 2 മുതൽ |

**പയ്യംപള്ളി ഫൊറോന** **ഏപ്രിൽ 17 ബുധൻ**

| | | |
|---|---|---|
| 1. | പയ്യംപള്ളി | രാവിലെ 9 മുതൽ |
| 2. | അപ്പപ്പാറ | രാവിലെ 9 മുതൽ |
| 3. | ആറാട്ടുതറ | രാവിലെ 9 മുതൽ |
| 4. | ബാവലി | രാവിലെ 9 മുതൽ |
| 5. | എടയൂർക്കുന്ന് | രാവിലെ 9 മുതൽ |
| 6. | കമ്മന | രാവിലെ 9 മുതൽ |
| 7. | കാട്ടിക്കുളം | രാവിലെ 9 മുതൽ |
| 8. | മാർട്ടിൻനഗർ | രാവിലെ 9 മുതൽ |
| 9. | പടമല | രാവിലെ 9 മുതൽ |
| 10. | പനവല്ലി | രാവിലെ 9 മുതൽ |
| 11. | തൃശ്ശിലേരി | രാവിലെ 9 മുതൽ |

**മാനന്തവാടി ഫൊറോന** **ഏപ്രിൽ 17 ബുധൻ**

| | | |
|---|---|---|
| 1. | പാറത്തോട്ടം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 2. | പേരിയ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. | പോരൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 4. | പുതിയിടം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 5. | തലപ്പുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 6. | തവിഞ്ഞാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 7. | മാനന്തവാടി ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ |

**നടവയൽ ഫൊറോന** **ഏപ്രിൽ 18 വ്യാഴം**

| | | |
|---|---|---|
| 1. | നടവയൽ | രാവിലെ 9 മുതൽ |
| 2. | കുറുമ്പാലക്കോട്ട | രാവിലെ 9 മുതൽ |

| | | |
|---|---|---|
| 3. | നെയ്ക്കുപ്പ | രാവിലെ 9 മുതൽ |
| 4. | പറളിക്കുന്ന് | രാവിലെ 9 മുതൽ |
| 5. | വാളവയൽ | രാവിലെ 9 മുതൽ |
| 6. | അരിഞ്ചേർമല | രാവിലെ 9 മുതൽ |
| 7. | ചെറുകാട്ടൂർ | രാവിലെ 9 മുതൽ |
| 8. | ചുണ്ടക്കര | രാവിലെ 9 മുതൽ |
| 9. | കല്ലുവയൽ | രാവിലെ 9 മുതൽ |
| 10. | കണിയാമ്പറ്റ | രാവിലെ 9 മുതൽ |
| 11. | കേണിച്ചിറ | രാവിലെ 9 മുതൽ |
| 12. | പനമരം | രാവിലെ 9 മുതൽ |
| 13. | കൂളിവയൽ | രാവിലെ 9 മുതൽ |

**മാനന്തവാടി ഫൊറോന** **ഏപ്രിൽ 18 വ്യാഴം**

| | | |
|---|---|---|
| 1. | വാളാട് | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 2. | വലിയകൊല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. | ബോയ്സ്ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 4. | മുതിരേരി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 5. | പ്രശാന്തിഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 6. | യവനാർകുളം | ഉച്ചകഴിഞ്ഞ് 2 മുതൽ |

**ബത്തേരി ഫൊറോന** **ഏപ്രിൽ 19 വെള്ളി**

| | | |
|---|---|---|
| 1. | അമ്പലവയൽ | രാവിലെ 9 മുതൽ |
| 2. | ചീങ്ങവല്ലം | രാവിലെ 9 മുതൽ |
| 3. | ചിത്രഗിരി | രാവിലെ 9 മുതൽ |
| 4. | ചുള്ളിയോട് | രാവിലെ 9 മുതൽ |
| 5. | കടൽമാട് | രാവിലെ 9 മുതൽ |
| 6. | കരണി | രാവിലെ 9 മുതൽ |
| 7. | മീനങ്ങാടി | രാവിലെ 9 മുതൽ |
| 8. | കല്ലുമുക്ക് | രാവിലെ 9 മുതൽ |
| 9. | പഴൂർ | രാവിലെ 9 മുതൽ |
| 10. | സു.ബത്തേരി | രാവിലെ 9 മുതൽ |
| 11. | മൂലങ്കാവ് | രാവിലെ 9 മുതൽ |
| 12. | തോമാട്ടുചാൽ | രാവിലെ 9 മുതൽ |
| 13. | വടക്കനാട് | രാവിലെ 9 മുതൽ |
| 14. | വാകേരി | രാവിലെ 9 മുതൽ |

| | | |
|---|---|---|
| **ദ്വാരക ഫൊറോന** | | **ഏപ്രിൽ 19 വെള്ളി** |
| 1. | ചുള്ളിയാന | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 2. | ദ്വാരക | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. | കാരയ്ക്കാമല | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 4. | കൊമ്മയാട് | ഉച്ചകഴിഞ്ഞ് 2 മുതൽ |
| **നിലമ്പൂർ ഫൊറോന** | | **ഏപ്രിൽ 20 ശനി (മണിമൂളി പാസ്റ്ററൽ സെന്റർ)** |
| 1. | നിലമ്പൂർ | രാവിലെ 9 മുതൽ |
| 2. | ചോക്കാട് | രാവിലെ 9 മുതൽ |
| 3. | ഇടിവണ്ണ | രാവിലെ 9 മുതൽ |
| 4. | മൂലേപ്പാടം | രാവിലെ 9 മുതൽ |
| 5. | മൂട്ടിയേൽ | രാവിലെ 9 മുതൽ |
| 6. | പൂക്കോട്ടുംപ്പാടം | രാവിലെ 9 മുതൽ |
| 7. | പൂളപ്പാടം | രാവിലെ 9 മുതൽ |
| 8. | റൂബിനഗർ | രാവിലെ 9 മുതൽ |
| 9. | റ്റി.കെ.കോളനി | രാവിലെ 9 മുതൽ |
| 10. | തേൾപ്പാറ | രാവിലെ 9 മുതൽ |
| 11. | വടപുറം | രാവിലെ 9 മുതൽ |
| **മണിമൂളി ഫൊറോന** | | **ഏപ്രിൽ 20 ശനി (മണിമൂളി പാസ്റ്ററൽസെന്റർ)** |
| 1. | മണിമൂളി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 2. | ഭൂദാനം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. | നരിവാലമുണ്ട | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 4. | താളിപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 5. | മുണ്ടേരി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 6. | പാലാങ്കര | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 7. | പാലേമാട് | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 8. | പാതിരിപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 9. | തലഞ്ഞി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 10. | മരുത | ഉച്ചകഴിഞ്ഞ് 2 മുതൽ |
| **ചുങ്കക്കുന്ന് ഫൊറോന** | | **ഏപ്രിൽ 23 ചൊവ്വ** |
| 1. | അടക്കാത്തോട് | രാവിലെ 9 മുതൽ |
| 2. | അമ്പായത്തോട് | രാവിലെ 9 മുതൽ |
| 3. | ചുങ്കക്കുന്ന് | രാവിലെ 9 മുതൽ |

| | | |
|---|---|---|
| 4. | കേളകം | രാവിലെ 9 മുതൽ |
| 5. | കൊട്ടിയൂർ | രാവിലെ 9 മുതൽ |
| 6. | നെല്ലിയോടി | രാവിലെ 9 മുതൽ |
| 7. | ഒറ്റപ്ലാവ് | രാവിലെ 9 മുതൽ |
| 8. | പാൽചുരം | രാവിലെ 9 മുതൽ |
| 9. | ശാന്തിഗിരി | രാവിലെ 9 മുതൽ |
| 10. | വെള്ളൂന്നി | രാവിലെ 9 മുതൽ |

**തരിയോട് ഫൊറോന** **ഏപ്രിൽ 23 ചൊവ്വ**

| | | |
|---|---|---|
| 1. | തരിയോട് | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 2. | ചെന്നലോട് | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. | കാവുംമന്ദം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 4. | കോട്ടത്തറ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 5. | കുറുമ്പാല | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 6. | കുറുമണി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 7. | മംഗളം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 8. | പന്തിപ്പൊയിൽ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 9. | മഞ്ഞൂറ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 10. | പുതുശ്ശേരിക്കടവ് | ഉച്ചകഴിഞ്ഞ് 2 മുതൽ |

**കല്പ്പറ്റ ഫൊറോന** **ഏപ്രിൽ 24 ബുധൻ**

| | | |
|---|---|---|
| 1. | കല്പ്പറ്റ | രാവിലെ 9 മുതൽ |
| 2. | വാഴവറ്റ | രാവിലെ 9 മുതൽ |
| 3. | തെനേരി | രാവിലെ 9 മുതൽ |
| 4. | നെടുമ്പാല | രാവിലെ 9 മുതൽ |
| 5. | കളത്തുവയൽ | രാവിലെ 9 മുതൽ |
| 6. | റിപ്പൺ | രാവിലെ 9 മുതൽ |
| 7. | കൊളവയൽ | രാവിലെ 9 മുതൽ |
| 8. | എടപ്പെട്ടി | രാവിലെ 9 മുതൽ |
| 9. | വൈത്തിരി | രാവിലെ 9 മുതൽ |
| 10. | ചാരിറ്റി | രാവിലെ 9 മുതൽ |
| 11. | ലക്കിടി | രാവിലെ 9 മുതൽ |
| 12. | ഒലിവുമല | രാവിലെ 9 മുതൽ |
| 13. | ചൂരൽമല | രാവിലെ 9 മുതൽ |
| 14. | പുഴമുടി | രാവിലെ 9 മുതൽ |
| 15. | തൃക്കൈപ്പറ്റ | രാവിലെ 9 മുതൽ |

| ദ്വാരക ഫൊറോന | | ഏപ്രിൽ 24 ബുധൻ |
|---|---|---|
| 1. | മംഗലശ്ശേരി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 2. | മൊതക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. | തോണിച്ചാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 4. | വെള്ളമുണ്ട | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 5. | വിളമ്പുകണ്ടം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| **കല്ലോടി ഫൊറോന** | | **ഏപ്രിൽ 25 വ്യാഴം** |
| 1. | ദീപ്തിഗിരി | രാവിലെ 9 മുതൽ |
| 2. | എള്ളുമന്ദം | രാവിലെ 9 മുതൽ |
| 3. | ജൂഡ്സ്മൗണ്ട് | രാവിലെ 9 മുതൽ |
| 4. | കല്ലോടി | രാവിലെ 9 മുതൽ |
| 5. | കുഞ്ഞോം | രാവിലെ 9 മുതൽ |
| 6. | മക്കിയാട് | രാവിലെ 9 മുതൽ |
| 7. | നിരവിൽപുഴ | രാവിലെ 9 മുതൽ |
| 8. | പുതുശ്ശേരി | രാവിലെ 9 മുതൽ |
| 9. | പുതിയിടംകുന്ന് | രാവിലെ 9 മുതൽ |
| 10. | വഞ്ഞോട് | രാവിലെ 9 മുതൽ |
| 11. | വാളേരി | രാവിലെ 9 മുതൽ |
| 12. | കരിമ്പിൽ | രാവിലെ 9 മുതൽ |

**പ്രത്യേക അറിയിപ്പ്**

- Online Accounting System Software Maintenance Charge 3,570 രൂപ രൂപതയിൽ അടയ്ക്കേണ്ടതാണ്.

**മോൺ. പോൾ മുണ്ടോളിക്കൽ**
വികാരി ജനറാൾ

## HCC മൂല്യനിർണ്ണയം

HCC (പ്ലസ് വൺ, പ്ലസ് ടു) പരീക്ഷകളുടെ മൂല്യനിർണ്ണയം ഫെബ്രുവരി 18 ന് രാവിലെ വി. കുർബാനയോടുകൂടി ആരംഭിച്ച് വൈകുന്നേരം 5 മണിയോടെ സമാപിച്ചു. മൂല്യനിർണ്ണയത്തിന് സഹായിച്ച മേഖലാ ഡയറക്ടേഴ്സിനും, ബഹു. വൈദികർക്കും, രൂപതാടീമംഗങ്ങൾക്കും, പ്രധാനാധ്യാപകർക്കും, എല്ലാ അധ്യാപകർക്കും, സൗകര്യങ്ങളൊരുക്കിത്തന്ന പാസ്റ്ററൽ സെന്ററിലെ എല്ലാവർക്കും നന്ദിയർപ്പിക്കുന്നു.

**വാർഷിക പരീക്ഷകൾ**

1 മുതൽ 9 വരെ ക്ലാസിലെ കുട്ടികൾക്കുള്ള രണ്ടാം സെമസ്റ്റർ പരീക്ഷ 2024 ഏപ്രിൽ 6 ന് ശനിയാഴ്ച രാവിലെ 9 മണി മുതൽ 11 മണി വരെയും ഡിപ്ലോമ പരീക്ഷ രാവിലെ 11 മണി മുതൽ ഉച്ചക്ക് 1 മണിവരെയും ആയിരിക്കും.

**ഡിപ്ലോമപരീക്ഷ**

പരീക്ഷാനടത്തിപ്പിന്റെ ക്രമീകരണങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം അതാത് ഇടവകയിലെ ബഹു. വികാരിയച്ചന്മാർക്കും, ഹെഡ്മാസ്റ്റേഴ്സിനും ആയിരിക്കും. ഓരോ ഇടവകയിലേക്കും സൂപ്പർവൈസർമാരെ ഫൊറോന ഡയറക്ടറുടെ നേതൃത്വത്തിൽ ഫൊറോന ടീം അംഗങ്ങളുടെ സഹകരണത്തോടെ നിയോഗിക്കേണ്ടതാണ്. ചോദ്യപേപ്പർ പായ്ക്കറ്റ് പൊട്ടിക്കാനുള്ള അധികാരം ബഹു. വികാരിയച്ചന്മാരുടെ സാന്നിധ്യത്തിൽ സൂപ്പർവിഷന് വരുന്ന അദ്ധ്യാപകൻ / അദ്ധ്യാപികക്കായിരിക്കും. സൂപ്പർവിഷന് പോകുന്നവർ രൂപത ഓഫീസിൽനിന്നും തന്നിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ച് പ്രവർത്തിക്കുമല്ലോ.

## Invigilators നുള്ള നിർദ്ദേശങ്ങൾ

1. പരീക്ഷാ സമയത്തിനു മുമ്പായി പരീക്ഷാ കേന്ദ്രത്തിൽ എത്തി വന്ന വിവരം വികാരിയെ അറിയിക്കുക. ചോദ്യപേപ്പർ എത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.

2. രൂപതാമതബോധനകേന്ദ്രം നിശ്ചയിച്ചിരിക്കുന്ന സമയത്തുതന്നെ പരീക്ഷ നടത്തുക. സമയമാറ്റം അനുവദനീയമല്ല.

3. 30 മിനിറ്റിലധികം താമസിച്ച് വരുന്നവരെ പരീക്ഷ എഴുതാൻ അനുവദിക്കണമെന്നില്ല.

4. രജിസ്ട്രേഷൻ നമ്പർ ഇട്ടതിൽ വല്ല പിശകുകളും ഉണ്ടെങ്കിൽ ഫാൾസ് നമ്പർ നല്കുക. അക്കാര്യം രൂപതാകേന്ദ്രത്തിൽ അറിയിക്കുക.

5. ഉത്തരകടലാസുകൾ സൂപ്പർവൈസർ ഒപ്പിട്ട് വിതരണം ചെയ്യുക. ഇടവകയുടെ മുദ്രയോ, പേരോ, മറ്റ് കാര്യങ്ങളോ പാടില്ല. രജിസ്റ്റർ നമ്പർ ഉത്തരപേപ്പറിൽ വലുപ്പത്തിൽ എഴുതുവാൻ പറയുക.

6. പാഠപുസ്തകം, നോട്ട് ബുക്ക് മുതലായവ പരീക്ഷാഹാളിൽ അനുവദിക്കരുത്.

7. കൃത്യസമയത്തുതന്നെ ചോദ്യപേപ്പർ കുട്ടികൾക്ക് നൽകുക. രജിസ്റ്റർ നമ്പർ ചോദ്യപേപ്പറിലും എഴുതിക്കുക. ബാക്കി വരുന്നവ പരീക്ഷ തീരുന്നതുവരെ മറ്റാർക്കും നൽകരുത്.

8. പരീക്ഷ തീരുന്നതിന് 5 മിനിറ്റ് മുമ്പ് ബെല്ലടിച്ച് പേപ്പർ കെട്ടാൻ പറയുകയും പരീക്ഷാസമയം തീരുമ്പോൾ ലോംഗ് ബെൽ നൽകി പേപ്പർ വാങ്ങുകയും ചെയ്യുക.

9. പരീക്ഷാ സമയത്ത് സൂപ്പർവൈസർ ഹാളിൽ മുഴുവൻ സമയവും ഉണ്ടായിരിക്കണം. ഹെഡ്മാസ്റ്റർ, വികാരിയച്ചൻ എന്നിവരൊഴികെ മറ്റാരെയും ഹാളിൽ പ്രവേശിപ്പിക്കരുത്.

10. എഴുതി നിർത്തിയിരിക്കുന്നതിനു താഴെ ശേഷമുള്ള സ്ഥലം വെട്ടിയിടാൻ പറയുക.

11. നമ്പർ അനുസരിച്ച് പേപ്പർ അടുക്കി തന്നിട്ടുള്ള കവറിൽ ഇട്ട് കെട്ടി സീൽ ചെയ്ത് ഹെഡ്മാസ്റ്ററെ ഏല്പ്പിക്കുക.

12. പരീക്ഷാ നടത്തിപ്പു സംബന്ധിച്ച് Invigilator രൂപതയിൽ നിന്ന് റിപ്പോർട്ട് എഴുതുവാൻ തന്നിരിക്കുന്ന പേപ്പറിൽ അത് എഴുതി ഹെഡ്മാസ്റ്ററെ ഏല്പിക്കണം. - വികാരി ഒപ്പിട്ട റിപ്പോർട്ട് ഉത്തരക്കടലാസിനൊപ്പം ഹെഡ്മാസ്റ്റർ രൂപതയ്ക്ക് നൽകണം.

13. സൂപ്പർവൈസർ വന്നിട്ടില്ലെങ്കിൽ 15 മിനിറ്റ് കാത്തിട്ട് ഹെഡ്മാസ്റ്റർ - വികാരിയച്ചൻ എന്നിവരുടെ മേൽനോട്ടത്തിൽ മുകളിൽ പറഞ്ഞ കാര്യങ്ങൾ പാലിച്ചുകൊണ്ട് പരീക്ഷ നടത്താവുന്നതാണ്.

## Diploma Valuation

ഈ വർഷം ഡിപ്ലോമപരീക്ഷയുടെ Centralized Valuation നടത്തുന്നതല്ല എന്ന് അറിയിച്ചിരുന്നല്ലോ. Valuation അതാത് ഇടവ

കകളിലെ 10-ാം ക്ലാസിലെ അദ്ധ്യാപകരാണ് നടത്തേണ്ടത്. ചില ഫൊറോനകളിൽ ഫൊറോനാ തലത്തിൽ Valuation നടത്തുവാൻ താത്പര്യപ്പെടുന്നതായി ഫൊറോനാ ഡയറക്ടർമാർ അറിയിച്ചിരുന്നു. Valuation കഴിഞ്ഞ് മാർക്ക്‌ലിസ്റ്റും ഉത്തരക്കടലാസും രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. പരീക്ഷയിൽ ജയിച്ചവർക്ക് ഡിപ്ലോമ നല്കുന്നതാണ്. പരാജയപ്പെട്ടവർക്ക് say പരീക്ഷക്ക് അവസരം നല്കുന്നതാണ്. say പരീക്ഷയിൽ ജയിക്കുന്നവർക്ക് ഡിപ്ലോമ നല്കുന്നതാണ്. പരാജയപ്പെടുന്നവർക്ക് കോഴ്സ് സർട്ടിഫിക്കറ്റ് നല്കും. കോഴ്സ് സർട്ടിഫിക്കറ്റ് ലഭിക്കുന്നവർക്ക് HCC യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കില്ല. അവർ 2 വർഷത്തെ കോഴ്സ് പൂർത്തിയാക്കി പരീക്ഷയെഴുതിയാൽ HCC കോഴ്സ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. ഡിപ്ലോമ മാർക്ക് ചെയ്യേണ്ട വിധം അറിയിക്കുന്നതാണ്.

**HCC Exam Result**

ഫെബ്രുവരി മാസത്തിൽ നടത്തിയ HCC പരീക്ഷയുടെ റിസൾട്ട് രൂപതാ മതബോധന കേന്ദ്രത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. https://catechismmdy.in/panel പ്രസിദ്ധീകരിക്കുന്ന തിയ്യതി പ്രധാനാദ്ധ്യാപകരെ അറിയിക്കുന്നതാണ്.

**വിശ്വാസോത്സവം**

ഏപ്രിൽ മാസത്തിൽ മുൻപ് ഉണ്ടായിരുന്നതുപോലുള്ള വിശ്വാസോത്സവം രൂപതയിൽനിന്ന് ക്രമീകരിക്കുന്നതല്ല. കുട്ടികൾക്ക് ധ്യാനം, ക്യാമ്പ് എന്നിവ ഇടവകതലത്തിൽ നടത്താമല്ലോ.

**ഫാ. തോമസ് കച്ചിറയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

നോമ്പിന്റെ താപസ വഴികളിലൂടെ ഉയിർപ്പിന്റെ ആനന്ദത്തിലേക്ക് സഞ്ചരിക്കുന്ന ദിനങ്ങളിലൂടെ നമ്മൾ കടന്നു പോവുകയാണല്ലോ. നോമ്പിന്റെ ഇനിയുള്ള ദിനങ്ങളും സമാഗതമാകുന്ന വിശുദ്ധ വാരവും ഉയിർപ്പ് തിരുനാളും അനുഗ്രഹപ്രദമാകട്ടെ എന്ന് ആശംസിക്കുന്നു. മാർച്ച് മാസം വിവിധ പരീക്ഷകൾക്കായി തയ്യാറെടുക്കുന്ന നമ്മുടെ എല്ലാ മിഷൻ ലീഗ് അംഗങ്ങളെയും പ്രാർത്ഥനാപൂർവ്വം ഓർക്കുകയും വിജയങ്ങൾ ആശംസിക്കുകയും ചെയ്യുന്നു. നമുക്ക് ഒരുമയോടെ നമ്മുടെ കർത്താവിന്റെ ഉയിർപ്പിന്റെ മഹത്വത്തിലേക്കും സന്തോഷത്തിലേക്കും യാത്ര ചെയ്യാം

**ഫാ. മനോജ് അമ്പലത്തിങ്കൽ**

**അഭിനന്ദനങ്ങൾ**

കണ്ഠവ രൂപതയുടെ നിയുക്തമെത്രാൻ മാനന്തവാടി രൂപതാ കൂളിവയൽ ഇടവകാംഗമായ ബഹു.അഗസ്റ്റിൻ മഠത്തിൽക്കുന്നേൽ അച്ചന് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ പ്രാർത്ഥാനനിർഭരമായ ആശംസകൾ.

**സ്വാഗതം**

ചുങ്കക്കുന്ന് മേഖല ഡയറക്ടറായി തിരഞ്ഞെടുക്കപ്പെട്ട ബഹു. സെബിൻ ഐക്കരത്താഴത്ത് അച്ചന് ചെറുപുഷ്പ മിഷൻ ലീഗ് രൂപത കുടുംബത്തിന്റെ അഭിനന്ദനവും സ്വാഗതവും.

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത 2023 ഒക്ടോബർ മിഷൻ മാസാചരണത്തൽ ഏറ്റവും നല്ല പ്രവർത്തനങ്ങൾ കാഴ്ചവച്ച മേഖല, ശാഖകൾ, മേഖല ഒന്നാം സ്ഥാനം നീലഗിരി, രണ്ടാം സ്ഥാനം ബത്തേരി, മൂന്നാം സ്ഥാനം ചുങ്കക്കുന്ന്. മികച്ച ശാഖകൾ ഒന്നാം സ്ഥാനം ശിശുമല, രണ്ടാം സ്ഥാനം ചെറുക്കാട്ടൂർ, മൂന്നാം സ്ഥാനം കല്ലോടി. മികച്ച പത്ത് ശാഖകൾ. 1 കാവുംമന്ദം 2 ഒലിവുമല 3. മണിമൂളി 4. പാലാങ്കര 5. മുള്ളൻകൊല്ലി, 6.ശാന്തിഗിരി 7.നടവയൽ 8.തലഞ്ഞി 9. നരിവാലമുണ്ട 10. വിമലഗിരി. ജോൺസൺ ചിറായിൽ, ജോണി പുല്ലാപിള്ളി, ടോണി ചെമ്പോട്ടിക്കൽ എന്നിവർ

വിധികർത്താക്കൾ ആയ സമിതിയാണ് വിലയിരുത്തൽ നടത്തിയത്. മിഷൻ മാസം നമ്മുടെ രൂപതയിൽ ക്രിസ്തു സാക്ഷ്യത്തിന്റെ പ്രഘോഷണമാക്കിയ 160 ശാഖകൾക്കും അഭിനന്ദനങ്ങൾ.

**മാർഗരേഖ മത്സര ഫലം**

ചെറുപുഷ്പ മിഷൻലീഗ് മലബാർ റീജിയണിന്റെ നേതൃത്വത്തിൽ റീജിയനിലെ ശാഖ, മേഖലാ, രൂപതകൾക്കായി 2023 – 24ലെ പ്രവർത്തന വർഷത്തെ വിളിയറിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക് എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ മാർഗരേഖ നിർമ്മാണ മത്സരത്തിൽ വിജയികളായ ശാഖ, മേഖലകൾ ഫലപ്രഖ്യാപനം.

**രൂപത തലം:** രണ്ടാം സ്ഥാനം മാനന്തവാടി. മേഖല തലം മൂന്നാം സ്ഥാനം ബത്തേരി മേഖല. പ്രോത്സാഹന സമ്മാനം ചുങ്കക്കുന്ന് മേഖല. ശാഖാ തലം. രണ്ടാം സ്ഥാനം അരിഞ്ചേർമല, മൂന്നാം സ്ഥാനം ശിശുമല. പ്രോത്സാഹന സമ്മാനം – നരിവാലമുണ്ട, കൊട്ടിയൂർ.

**നന്ദിയോടെ**

കഴിഞ്ഞ ഒരു വർഷം ചെറുപുഷ്പ മിഷൻലീഗ് ചുങ്കക്കുന്ന് മേഖല ഡയറക്ർ ആയി സേവനം ചെയ്ത ബഹു. ജിജോ പല്ലാട്ടുക്കുന്നേൽ അച്ചനെയും, നടവയൽ മേഖലാ അസി. ഡയറക്ടർ ബഹു. അനൂപ് കോച്ചേരിൽ അച്ചനെയും നന്ദിയോടെ ഓർക്കുന്നു. നിങ്ങൾ ചെയ്തുതന്ന എല്ലാ നല്ല സേവനങ്ങൾക്കും പ്രോത്സാഹനത്തിനും മിഷൻലീഗ് രൂപതാ കുടുംബത്തിന്റെ നന്ദിയും സ്നേഹവും അറിയിക്കുന്നു.

***ഞങ്ങളുടെ മണ്ണിൽ ജീവിക്കാൻ അനുവദിക്കൂ***

വയനാട്ടിൽ വർദ്ധിച്ചു വരുന്ന വന്യമൃഗ ശല്യവും അതുവഴിയുള്ള ജീവനാശവും ഇനിയും നിസ്സാരമായി കാണേണ്ട ഒന്നല്ല. മനുഷ്യന് മരണഭയമില്ലാതെ സ്വസ്ഥവും സ്വതന്ത്രവുമായി ജീവിക്കാൻ ഉള്ള അവകാശം നിരന്തരം ഹനിക്കപ്പെടുകയാണ് വയനാട്ടിൽ. കടുവയും പുലിയും കരടിയും ആനയും എല്ലാം ചേർന്ന് നാട്ടിലിറങ്ങി സ്വൈര്യവിഹാരം നടത്തുമ്പോൾ മനുഷ്യന് വീട്ടുമുറ്റത്ത് പോലും ധൈര്യപൂർവ്വം നിൽക്കാൻ സാധിക്കാത്ത സാഹചര്യമാണ്. ഞങ്ങളുടെ മണ്ണിൽ ജീവിക്കാൻ അനുവദിക്കൂ

എന്ന മുദ്രാവാക്യവുമായി മാനന്തവാടി ചെറുപുഷ്പ മിഷൻലീഗ്.

**കൊട്ടിയൂർ**

കഴിഞ്ഞ ഒരു വർഷം ശാഖാ ഡയറക്ടറായി സേവനം ചെയ്ത് സ്ഥലം മാറി പോകുന്ന ഫാ. അമൽ പന്നക്കലിന് യാത്രാമംഗളങ്ങൾ നേർന്നു. മേഖലാ തിരുബാലസഖ്യ ബൈബിൾ കലോത്സവത്തിൽ കൊട്ടിയൂർ ശാഖ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ചെറുപുഷ്പ മിഷൻലീഗ് മലബാർ റീജിയൺ സംഘടിപ്പിച്ച 2023-24 വർഷത്തെ മാർഗ്ഗരേഖ നിർമ്മാണ മത്സരത്തിനുള്ള പ്രോത്സാഹന സമ്മാനം കൊട്ടിയൂർ ശാഖ കരസ്ഥമാക്കി.

**കരിമ്പിൽ**

മുൻവികാരി ബഹു.ബിനുവച്ചന് ഫീസ്ററ് ദിനത്തോടനുബ സ്ഥിച്ച് പ്രാർഥനാപൂർവ്വം ആശംസകൾ നേർന്നു കൊണ്ട് ആശംസാ പോസ്റ്റർ തയ്യാറാക്കി അയച്ചു. തിരുബാലസഖ്യ കുട്ടികൾക്ക് വർ ഷികത്തിനൊരുക്കമായ പ്രോഗ്രാമിന് പരിശീലനം നല്കി. ഡയ റക്ടർ ബഹു. മാർട്ടിനച്ചന് ഓർഡിനേഷൻ ഡെ'യോടനുബന്ധിച്ച് ആശംസ അർപ്പിച്ചു.

മിഷൻലീഗ് കുട്ടികൾ തിരുനാൾ പ്രദക്ഷിണത്തിനൊരുക്ക മായി അലങ്കാരവിളക്കുകൾ തയ്യാറാക്കുകയും തിരുനാളിനൊരു ക്കമായി ഡെക്കറേഷൻ നടത്തുകയും ചെയ്തു. എല്ലാ ഞായറാഴ് ചയും തൊട്ടുമുമ്പുള്ള ആഴ്ചയിൽ പിറന്നാൾ ആയിരുന്ന ടീച്ചേഴ് സിനെയും കുട്ടികളെയും പൂവ് നല്കി ആശംസകൾ നേർന്നു. ഓരോ ഞായറാഴ്ചയും സൺഡെ സ്റ്റാർ ആയി ഒരു കുട്ടിയെ തിരഞ്ഞെ ടുക്കുകയും ഇഷ്ടമുള്ള പ്രോഗ്രാം അവതരിപ്പിക്കുകയും സമ്മാനം നല്കി പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

**കയ്യൂന്നി**

വർഷാരംഭ ആരാധനയിലും വിശുദ്ധ കുർബാനയിലും കുട്ടി കൾ പങ്കുചേർന്നു. മാതാവിന്റെ ദൈവ മാതൃത്വ തിരുനാൾ ദിന ത്തിൽ ഗ്രൂപ്പുകളിലേക്ക് വീഡിയോ ഷെയർ ചെയ്ത് ആശംസകളറി യിച്ചു.

ദനഹ തിരുനാൾ ദിനത്തിൽ പ്രേഷിത വാര ആരംഭത്തിൽ ബീഹാറിലെ ചൻപട്ടിയ എന്ന മിഷൻ ഗ്രാമത്തിലേക്ക് മിഷൻ സഹായം കുട്ടികളിൽ നിന്ന് സ്വീകരിച്ചു.

**പുതിയിടംകുന്ന്**

ഇടവകയിൽ നിന്നും പണിത് കൊടുത്ത വീടിന്റെ House warming ന് സഹായിച്ചു. ഇടവക തിരുനാളിനോടനുബന്ധിച്ച് തോരണം ഉണ്ടാക്കാനും, അലങ്കാരങ്ങൾക്കും മിഷൻലീഗ് അംഗങ്ങൾ സഹായിച്ചു. തിരുനാളിനോടനുബന്ധിച്ച് ശാഖയിൽ കുട്ടികൾ കലാപരിപാടികൾ അവതരിപ്പിച്ചു. ഭവന സന്ദർശനം നടത്തി.

**ചുങ്കക്കുന്ന് മേഖല**

ഒരു വർഷമായി മേഖല ഡയറക്ടറായി സേവനം ചെയ്ത് സ്ഥലം മാറി പോകുന്ന ഫാ. ജിജോ പല്ലാട്ടുക്കുന്നേലിന് യാത്രാ മംഗളങ്ങൾ നേർന്നു. മേഖലാ തിരുബാലസഖ്യ ബൈബിൾ കലോത്സവം സംഘടിപ്പിച്ചു. കൊട്ടിയൂർ, പാൽച്ചുരം, കേളകം ശാഖകൾ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. ചെറുപുഷ്പ മിഷൻ ലീഗ് മലബാർ റീജിയൺ സംഘടിപ്പിച്ച 2023-24 വർഷത്തെ മാർഗ്ഗരേഖ നിർമ്മാണ മത്സരത്തിനുള്ള പ്രോത്സാഹന സമ്മാനം ചുങ്കക്കുന്ന് മേഖല കരസ്ഥമാക്കി.

ഡിസംബർ, ജനുവരി പ്രതിമാസ മത്സരങ്ങളുടെ സമ്മാനങ്ങൾ മേഖല മാനേജിംഗ് കമ്മിറ്റിയിൽ വിതരണം ചെയ്തു.

പ്രിയരേ, വയനാട് ഹർത്താൽ പ്രമാണിച്ച് മാറ്റിവെച്ച തിരുബാലസഖ്യ ബൈബിൾ കലോത്സവം ഏപ്രിൽ ആദ്യവാരം നടക്കുന്നതാണ്. സ്ഥലവും തീയതിയും ഉടൻ അറിയിക്കുന്നതാണ്.

**തങ്കച്ചൻ മാപ്പിളക്കുന്നേൽ**
സി. എം. എൽ രൂപതാ സെക്രട്ടറി

# Department of Youth Ministry

**ഏകദിന ധ്യാനം**

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2024 ജനുവരി 26-ാം തിയ്യതി കേണിച്ചിറ ഇൻഫന്റ് ജീസസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വെച്ച് പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി പരീക്ഷ ഒരുക്ക ധ്യാനം നടത്തപ്പെട്ടു. പ്രസ്തുത ധ്യാനത്തിൽ 30 വിദ്യാർത്ഥികൾ പങ്കെടുത്തു. ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, സി. ആൻസി തോമസ് സി.എം. സി., സി. ഡെൽഫി മരിയ സി. എം. സി എന്നിവർ ക്ലാസുകൾ നയിച്ചു. ധ്യാനത്തിന്റെ ഭാഗമായി സി. ഡീനാ റോസ് സി.എം.സി., സി. തെരേസ് മാത്യു എന്നിവർ സ്പിരിച്ചൽ ഗൈഡൻസ് നൽകി. ധ്യാനത്തിനുവേണ്ട എല്ലാ സജ്ജീകരണങ്ങളും ക്രമീകരിച്ച പ്രിൻസിപ്പൽ സി. ലിൻസ് മരിയ സി.എം.സി.യ്ക്കും അധ്യാപകർക്കും പ്രത്യേകം നന്ദി.

**പരീക്ഷാ ഒരുക്ക ധ്യാനം**

ഫെബ്രുവരി 10 ശനിയാഴ്ച രാവിലെ 9 മണി മുതൽ ഉച്ചകഴിഞ്ഞ് 2 മണി വരെ SSLC, +1,+2 വിദ്യാർത്ഥികൾക്കായി നടവയൽ മൗണ്ട് കാർമൽ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് പരീക്ഷാ ഒരുക്ക ധ്യാനം സംഘടിപ്പിച്ചു. ക്ലാസുകൾ, കുമ്പസാരം, കൗൺസിലിങ് പഠനോപകരണങ്ങളുടെ വെഞ്ചിരിപ്പ് എന്നിവ ധ്യാനത്തിന്റെ ഭാഗമായി നടന്നു. ഫാ. ബെന്നി പാറാനിയിൽ, ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ എന്നിവർ ക്ലാസുകൾ നയിച്ചു. പഠനോപകരണങ്ങളുടെ വെഞ്ചരിപ്പ് ആശിർവാദ പ്രാർത്ഥന തുടങ്ങിയ കർമ്മങ്ങൾക്ക് നടവയൽ ആർച്ച് പ്രീസ്റ്റ് ഫാ. ഗർവ്വാസീസ് മറ്റം മുഖ്യ കാർമികത്വം വഹിച്ചു. ഫാ. അനറ്റ് കൊച്ചുമലയിൽ, ഫാ. റിജോസ് അരുമായിൽ എന്നിവർ സഹകാർമികരായിരുന്നു. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെയും സി.എം.സി ക്രിസ്തീയ രൂപീകരണ ഡിപ്പാർട്ട്മെന്റിന്റെയും നേതൃത്വത്തിൽ നടത്തപ്പെട്ട ധ്യാനത്തിൽ 135 വിദ്യാർത്ഥികൾ പങ്കെടുത്തു. ധ്യാനത്തിന് കുമ്പസാരത്തിന് സഹായിച്ച ഫാ. ഗർവാസിസ് മറ്റം, ഫാ. അനറ്റ് കൊച്ചുമലയിൽ, ഫാ. റിജോസ് അരുമായിൽ, ഫാ. ബിനു ലാസലേറ്റ്, ഫാ. ജോസ് തോമസ് OFM Cap, ഫാ. ക്രിസ്റ്റി

OFM Cap എന്നിവർക്കും സ്പിരിച്ച്വൽ ഗൈഡൻസ് നടത്തിയ സി. ഡീന റോസ്, സി. പാവന, സി. കൊച്ചുറാണി, സി. ഡോണ, സി. തെരേസ്, സി. റീസ, സി. സ്മിത, സി. റോസിൻ മരിയ, സി. ബെൻസി, സി. സെറിൻ, സി. ടെസി, സി. ലില്ലി, സി. മെറീന പോൾ എന്നിവർക്കും വിവിധ ഇടവകകളിൽ നിന്നും കുട്ടികളെ എത്തിച്ച ബഹു. സിസ്റ്റേഴ്സിനും ധ്യാനത്തിന് പലവിധത്തിൽ സഹായിച്ച നോവിസസിനും മറ്റു സിസ്റ്റേഴ്സിനും പ്രത്യേകം നന്ദി.

**ലൈഫ് ട്രെയിനിംഗ്**

ഫെബ്രുവരി മാസത്തെ ലൈഫ് ട്രെയിനിംഗ് ഫെബ്രുവരി 10 ന് രണ്ടാം ശനിയാഴ്ച രാവിലെ 9 മണി മുതൽ വൈകുന്നേരം നാലു മണി വരെ പരീക്ഷാ ഒരുക്ക ധ്യാനമായി നടവയൽ സി. എം. സി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടത്തപ്പെട്ടു. രണ്ടു മണിവരെ പരീക്ഷാ ഒരുക്ക ധ്യാനവും തുടർന്ന് നാലുമണിവരെ ലൈഫ് ട്രെയിനിംഗ് പ്രത്യേക പരിശീലനവും നടന്നു. 25 വിദ്യാർത്ഥികൾ പങ്കെടുത്ത പരിശീലനത്തിന് ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, സി. ആൻസി തോമസ് എന്നിവർ നേതൃത്വം നൽകി.

**ലൈഫ് ട്രെയിനിംഗ് ഒന്നാം സെഷൻ പ്രവേശന പരീക്ഷ**

18-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് മൂന്നുമണി മുതൽ നാലുമണിവരെ ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2024 ബാച്ചിലേക്കുള്ള കുട്ടികളുടെ തിരഞ്ഞെടുപ്പിലേക്കായി ലൈഫ് ട്രെയിനിംഗിന്റെ ഒന്നാംഘട്ട പ്രവേശന പരീക്ഷ 10 സെന്ററുകളിലായി നടത്തപ്പെട്ടു.

നിലമ്പൂർ ലിറ്റിൽ ഫ്ളവർ ചർച്ച്, മണിമൂളി പാസ്റ്ററൽ സെന്റർ, ബത്തേരി അസംപ്ഷൻ ഹൈസ്കൂൾ, നടവയൽ സെന്റ് തോമസ് എൽ. പി സ്കൂൾ, ദ്വാരക യൂത്ത് മിനിസ്ട്രി ഓഫീസ്, മാനന്തവാടി ടൗൺ ചർച്ച്, കൽപ്പറ്റ ഡി പോൾ സ്കൂൾ, ചുങ്കക്കുന്ന് സൺഡേ സ്കൂൾ, പുൽപ്പള്ളി തിരുഹൃദയ ദേവാലയം, ചെന്നലോട് സെന്റ് സെബാസ്റ്റ്യൻസ് ദേവാലയം എന്നീ സെന്ററുകളിൽ വെച്ച് നടത്തപ്പെട്ട പരീക്ഷയിൽ വിവിധ ഇടവകകളിൽ നിന്നുള്ള 151 വിദ്യാർത്ഥികൾ പങ്കെടുത്തു. ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, ഫാ. പ്രിൻസ് തെക്കേതിൽ, സി. സോണ സി. എം. സി, സി. ക്രിസ്റ്റി സി. എം. സി, സി. മഞ്ജു ജോൺ സി. എം. സി, സി. പ്രിൻസി ജോൺ സി. എം. സി, സി. ജെസ്റ്റീന സി. എം. സി., സി. ആൻസി തോമസ് സി. എം. സി, സി. മെറീനാ പോൾ സി. എം. സി, സി. ഡെൽഫി മരിയ സി. എം. സി, സി.മരിയ ആൻസ്

സി. എം. സി, സന്തോഷ് ജോസഫ്  ഞാറകുളം, ഷിജോ പുരയ്ക്കൽ, ബിജു നിലമ്പൂർ, ബിൻസി ബൈജു കൂർക്കമറ്റത്തിൽ, ആൻ മരിയ അജിൻ  എന്നിവർ 10 സെന്ററുകളിൽ നേതൃത്വം നൽകി. ഒരോ സെന്ററുകളിലും പരീക്ഷയുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ ഒരുക്കി തന്ന ബഹുമാനപ്പെട്ട വൈദികർക്കും അധ്യാപകർക്കും ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ആത്മാർത്ഥമായ നന്ദി.

**ലൈഫ് ട്രെയിനിംഗ് രണ്ടാം സെഷൻ പ്രവേശന പരീക്ഷ**

2024 ബാച്ചിലേക്കുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള ലൈഫ് ട്രെയിനിംഗിന്റെ  രണ്ടാം സെഷൻ പ്രവേശന പരീക്ഷ മാർച്ച് 7 വ്യാഴാഴ്ച വൈകുന്നേരം 6 മണി മുതൽ 9-ാം തിയ്യതി ശനിയാഴ്ച 4 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുന്നതായിരിക്കും.

**സി. ആൻസി തോമസ് സി. എം. സി**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

## കെ. സി. വൈ. എം.

**ഇടയനോടൊപ്പം**

2024 ജനുവരി 21 ഞായറാഴ്ച്ച കെ.സി.വൈ.എം മാനന്തവാടി രൂപതാ സമിതി, കെ.സി.വൈ.എം രൂപതാ രക്ഷാധികാരി അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിനെ സന്ദർശിക്കുകയും ആനുകാലിക വിഷയങ്ങളുമായി ബന്ധപ്പെട്ട് ചർച്ച നടത്തുകയും ചെയ്തു. സമുദായക ഉന്നമനത്തിനായി കെ.സി.വൈ.എം കൂടുതൽ പ്രവർത്തിക്കാൻ സന്നദ്ധരാകണമെന്നും, എല്ലാ ജോലികളും മഹത്വമുള്ളതാണെന്ന ബോധ്യം യുവജനങ്ങളിൽ സൃഷ്ടിക്കാൻ സാധിക്കുക വഴി യുവജനങ്ങൾ നേരിടുന്ന പ്രതിസന്ധികൾ തരണം ചെയ്യാൻ കെ.സി. വൈ.എം പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് സാധിക്കട്ടെ എന്നും പിതാവ് ആശംസിച്ചു.

**യുവജനവർഷ ഉദ്ഘാടനം:** കെ.സി.ബി.സി ആഹ്വാനപ്രകാരം ജനുവരി 26 ന് യുവജനവർഷം 2024 കെ.സി.വൈ.എം മാനന്തവാടി രൂപതാതല ഉദ്ഘാടനം നടത്തി. കൽപ്പറ്റ മേഖലയുടെ ആതിഥേയത്വത്തിൽ കാക്കവയലിൽ നിന്ന് കൽപ്പറ്റ ഡി പോൾ ഫൊറോന ദേവാലയത്തിലേക്ക് നടത്തപ്പെട്ട വാഹന വിളംബര റാലി പയ്യംമ്പള്ളി മേഖലാ ഡയറക്ടർ ബഹു. ഫാ. സജി പുതുകുളങ്ങര ഫ്ളാഗ് ഓഫ് ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടയ്ക്കാത്തടത്തിൽ അധ്യക്ഷത വഹിച്ച യുവജനവർഷ ഉദ്ഘാടന സമ്മേളനത്തിൽ മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ യുവജന വർഷ ഉദ്ഘാടനവും ലോഗോ പ്രകാശനകർമ്മവും നിർവ്വഹിച്ചു. ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ ആമുഖപ്രഭാഷണം നടത്തി.

**സലാമി 2024 :** 75-ാം റിപ്പബ്ളിക് ദിനത്തിൽ രാജ്യത്തിനായി വീരമൃത്യു വരിച്ച ധീരജവാന്മാരുടെ അനുസ്മരണാർത്ഥം കെ.സി.വൈ. എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ സലാമി 2024 ന്റെ ഭാഗമായി കാക്കവയൽ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചനയും അനുസ്മരണവും നടത്തപ്പെട്ടു. രൂപതാ പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടയ്ക്കാത്തടത്തിൽ അധ്യക്ഷത വഹിച്ച അനുസ്മരണ ചടങ്ങിൽ

കൽപ്പറ്റ നിയോജക മണ്ഡലം എം.എൽ.എ അഡ്വ. ശ്രീ.ടി. സിദ്ധിഖ് പുഷ്പാർച്ചന നടത്തി സംസാരിച്ചു. രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ ആമുഖ പ്രഭാഷണം നടത്തി.

**സഹൃദയ 2024:** കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ 2024 പ്രവർത്തന വർഷ ഉദ്ഘാടനം നടവയൽ മേഖലയുടെ ആതിഥേയ ത്വത്തിൽ സെന്റ് സെബാസ്റ്റ്യൻസ് ചെറുകാട്ടൂർ യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു. രൂപതാ പ്രസിഡന്റ് ശ്രീ. ജീഷിൻ മുണ്ടയ്ക്കാത്തട ത്തിൻ അദ്ധ്യക്ഷത വഹിച്ച യോഗം പനമരം പഞ്ചായത്ത് വൈസ് പ്രസിഡന്റും കെ. സി. വൈ. എം മാനന്തവാടി രൂപതാ മുൻ കോർഡി നേറ്ററും ആയ ശ്രീ. സിനോ പാറക്കാലായിൽ തിരിതെളിച്ച് ഉദ്ഘാ ടനം ചെയ്തു. കെ. സി. വൈ. എം മാനന്തവാടി രൂപതയുടെ ആഭിമുഖ്യ ത്തിൽ 2024 ൽ നടത്തുന്ന ഭവനനിർമ്മാണ ജീവകാരുണ്യ പ്രവർ ത്തന പദ്ധതിയായ 'സഹൃദയ' 2024 – ന്റെ ഉദ്ഘാടനം കെ.സി. വൈ. എം. ചെറുകാട്ടൂർ യൂണിറ്റ് ഡയറക്ടർ ഫാ. ജോസ് കപ്യാരുമലയിൽ നിർവ്വഹിച്ചു. ഡിജിറ്റൽ അംഗത്വ നവീകരണ പദ്ധതിയുടെ ലോഞ്ചിംഗ് കർമ്മം കെ.സി .വൈ.എം നടവയൽ മേഖലാ പ്രസിഡന്റ് ശ്രീ. നിഖിൽ ചൂടിയാങ്കൽ നിർവഹിച്ചു. കെ.സി.വൈ.എം മാനന്തവാടി രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ ആമുഖ പ്രഭാഷണം നടത്തി പഠനവിഷയങ്ങൾ വിശദീകരിച്ചു. മുള്ളൻകൊല്ലി മേഖലാ മുൻ പ്രസിഡന്റ് ജോസഫ് ജോർജ് ഡിപ്പോയിലിനും മുൻവർഷത്തെ രൂപതാ ഭാരവാഹികൾക്കും മൊമന്റോ നല്കി ആദരിച്ചു.

**പ്രതിക്ഷേധങ്ങൾ**

**കാട്ടാന ആക്രമണം:** ജനവാസ മേഖലയിൽ റേഡിയോ കോളർ ഘടിപ്പിച്ച കാട്ടാന വീട്ടിൽ ഓടി കയറി വീട്ടുമുറ്റത്തിട്ട് അജിയെന്ന ചെറുപ്പക്കാരനെ ദാരുണമായി ചവിട്ടി കൊലപ്പെടുത്തിയ സംഭവ ത്തിൽ വനംവകുപ്പിന്റെയും ഭരണകൂടത്തിന്റെയും തികഞ്ഞ അലം ഭാവത്തിനെതിരെയും മനുഷ്യ ജീവന് വില കല്പ്പിക്കാതെ നാട് കാടാക്കാൻ കൂട്ടുനില്ക്കുന്ന സർക്കാരിന്റെ ജനവിരുദ്ധ നിലപാടു കൾക്കെതിരെയും കെ.സി.വൈ.എം മാനന്തവാടി രൂപതാ സമിതി ശക്തമായി പ്രതിഷേധിച്ചു.

**തലതാഴ്ത്തി മതേതരത്വം:** മധ്യപ്രദേശിൽ ക്രൈസ്തവ ദേവാലയ ങ്ങൾക്ക് മുകളിൽ കുരിശിൽ ഒരു സംഘം യുവാക്കൾ കാവി പതാക ഉയർത്തിയ സംഭവത്തിൽ സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രതിഷേധം അറിയിച്ചു.

**പത്രപ്രസ്താവന:** വന്യജീവികളുടെ നിരന്തര ആക്രമണത്താൽ വലയുന്ന വയനാടൻ ജനതയുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും, വന്യമൃഗശല്യത്തിന് ശാശ്വത പരിഹാരം കാണുന്നതിനും ബന്ധപ്പെട്ട അധികാരികൾ തയ്യാറാകണമെന്ന് കെ.സി.വൈ.എം മാനന്തവാടി രൂപതാ സമിതി പത്രപ്രസ്താവനയിലൂടെ ആവശ്യപ്പെട്ടു.

**ആശംസകൾ:** നിയുക്ത സീറോ മലബാർ സഭ തലവൻ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന് പ്രാർത്ഥനാശംസകൾ നേർന്നു. കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടയ്ക്കത്തടത്തിൽ, കെ.സി.വൈ.എം മാനന്തവാടി രൂപതാ സിൻഡിക്കേറ്റ് അംഗങ്ങളായ കുമാരി. റോസ്മിൻ തൈപ്പറമ്പിൽ, ശ്രീ. ആൽബിൻ കല്ലറയ്ക്കൽ, കുമാരി. വിജി മഞ്ഞലാടിയിൽ, ശ്രീ. ഷാരോൺ നീലംകാവിലിനും മാനന്തവാടി രൂപതാ ഓഫീസ് സെക്രട്ടറിയായി സേവനം ചെയ്യുന്ന സിസ്റ്റർ ജിൽസ ടോം എസ്.എ.ബി.എസ് എന്നിവർക്ക് ജന്മദിന ആശംസകൾ നേർന്നു.

**യാത്ര മംഗളങ്ങൾ:** കല്ലോടി മേഖല ഡയറക്ടർ ഫാ. ആന്റോ ചിറയിൽ പറമ്പിലിന് യാത്രാമംഗളങ്ങൾ നേർന്നു.

**ആദരാഞ്ജലികൾ:** കെ.സി.വൈ.എം മാനന്തവാടി രൂപത ഓഫീസ് സെക്രട്ടറി സി. ജിൽസ ടോം എസ്.എ. ബി. എസിന്റെ മാതാവ് ഏലിക്കുട്ടി കോലക്കുന്നേലിന് ആദരാഞ്ജലികൾ

**മേഖലാ വാർത്തകൾ**

**ദ്വാരക:** ജനുവരി 10 ന് **EPIC 2K** 24 ദ്വാരക മേഖലാ പ്രവർത്തന വർഷ ഉദ്ഘാടനം നടത്തി. വർദ്ധിച്ചു വരുന്ന വന്യമൃഗ ആക്രമണങ്ങൾക്കെതിരെ യുവജനങ്ങൾ ചേരിയംകൊല്ലി ടൗണിൽ കണ്ണുകെട്ടി പ്രതിഷേധിച്ചു. സമർപ്പിത ദിനത്തിൽ യൂണിറ്റുകളിലെ സമർപ്പിതരെ ആദരിച്ചു. ലോക ക്യാൻസർ ദിനത്തിൽ ദ്വാരക യൂണിറ്റിൽ വച്ച് ക്യാൻസർ ബോധവത്കരണ ക്ലാസ് നടത്തി. ഡോ. സ്മിത ക്ലാസ്സ് നയിച്ചു.

**മാനന്തവാടി:** "FOCUS 2024 ". ഫെബ്രുവരി 4 ന് ലോക ക്യാൻസർ ദിനത്തിനോടനുബന്ധിച്ച് രോഗികൾക്കായുള്ള കേശദാന ശേഖരണം നടത്തി.

**കല്ലോടി:** ജനുവരി 14 ന് കല്ലോടി മേഖലയുടെ 2024 വർഷത്തെ പ്രവർത്തനവർഷം ഉദ്ഘാടനം നടത്തി, കല്ലോടി മേഖലയുടെ ഡയറക്ടർ ഫാ. ആന്റോ ചിറയിൽപറമ്പിലിന് യാത്രയയപ്പ് നൽകി. ക്യാൻസർ

ദിനത്തോടനുബന്ധിച്ച് ക്യാൻസർ രോഗത്തെ അതിജീവിച്ച മക്കിയാട് ഇടവക അംഗമായ ശ്രീമതി പ്രിയ സിജോ അനുഭവങ്ങൾ പങ്കുവെച്ച് സംസാരിച്ചു.

**യൂണിറ്റ് വാർത്തകൾ:**

**വിളമ്പുകണ്ടം:** ജനുവരി 28 ന് The Way of Jesus പ്രവർത്തന വർഷ ഉദ്ഘാടനവും യുവജന വർഷ ഉദ്ഘാടനവും നടത്തി.

**കൊമ്മയാട്:** ഇടവകയിലെ യുവജനങ്ങളെ ഒന്നിച്ചുകൂട്ടി "Egeiro" യുവജന സംഗമം നടത്തി. ശ്രീ. സജിൻ ജോസ് ചാലിൽ ക്ലാസ്സ് നയിച്ചു. ഇടവകയിൽ നിന്ന് രൂപതാ നേതൃത്വത്തിലേക്കും മേഖലാ നേതൃത്വത്തിലേക്കും തിരഞ്ഞെടുക്കപ്പെട്ടവർക്ക് സ്വീകരണം നൽകി.

**ദ്വാരക:** ജനുവരി 7 ന് രൂപതാ ഡയക്ടർ റവ ഫാ. സാന്റോ അമ്പലത്തറ വി. ബലിയർപ്പിച്ച് പ്രവർത്തന വർഷത്തിന് ആരംഭം കുറിച്ചു, പെരുവക വൃദ്ധ സദനത്തിൽ അവരോപ്പം ഉച്ചഭക്ഷണത്തിൽ പങ്കു ചേർന്നു, ദ്വാരകമേഖലയുടെ പ്രവർത്തനവർഷ ഉദ്ഘാടനത്തിലും വന്യജീവികൾക്കെതിരായി നടത്തിയ കണ്ണുകെട്ടി പ്രതിഷേധത്തിലും പങ്കെടുത്തു, റിപ്പബ്ലിക് ദിനത്തിൽ യൂണിറ്റിൽ ധീരജവന്മാരെ ആദരിക്കുകയും രൂപതയുടെ പരിപാടികളിൽ അംഗങ്ങൾ പങ്കെടുക്കുകയും ചെയ്തു, ഫെബ്രുവരി 4 ലോക ക്യാൻസർ ദിനത്തിൽ ദ്വാരകമേഖല നടത്തിയ ബോധവത്ക്കരണ പരിപാടിക്ക് ദ്വാരക യൂണിറ്റ് ആതിഥേയത്വം വഹിച്ചു.

**മക്കിയാട്**

റിപ്പബ്ലിക് ദിനത്തിൽ കാക്കവയലിൽ വച്ച് നടന്ന വാഹനവിളംബര റാലിയിലും കല്ലോടിയിൽ വച്ച് നടന്ന പ്രവർത്തന വർഷ ഉദ്ഘാടനത്തിലും അംഗങ്ങൾ പങ്കെടുത്തു. ഇടവകയിലെ ഒരു ക്യാൻസർ രോഗിക്ക് 5000 രൂപ ചികിത്സസഹായവും സമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു കുടുംബത്തിന് 50,000 രൂപ ഭവനനിർമ്മാണ സഹായവും നൽകി. രോഗി സന്ദർശനവും ഭവനസന്ദർശനവും നടത്തി.

**തവിഞ്ഞാൽ:** വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ അകപ്പെട്ട് പോയ കുടുംബങ്ങൾക്ക് വേണ്ടി കെ.സി.വൈ.എം തവിഞ്ഞാൽ യൂണിറ്റിലെ യുവജനങ്ങൾ പ്രാർത്ഥനായജ്ഞം നടത്തി, 'യുവന്റീനോ 2024' കെ. സി.വൈ.എം തവിഞ്ഞാൽ യൂണിറ്റിന്റെ പ്രവർത്തനവർഷം ഉദ്ഘാടനത്തിന് തിരി തെളിയിച്ചു. പ്രവർത്തന വർഷ ഉത്ഘാടന ദിനത്തോടനുബന്ധിച്ച് മുൻ ഭാരവാഹിയും ഇപ്പോൾ രോഗാവസ്ഥയിൽ ആയിരിക്കുന്ന സഹോദരിയെ സന്ദർശിക്കുകയും ചികിത്സാ

സഹായം നൽകുകയും ചെയ്തു. ലോക ക്യാൻസർ ദിനത്തിൽ ക്യാൻസർ ദിനമായി ബന്ധപ്പെട്ട സന്ദേശം നൽകി.

**തോണിച്ചാൽ:** തിരുനാളിന് ഒരുക്കമായി, വയോജനങ്ങൾക്കായി മാറ്റിവെച്ച ദിവസം ശാരീരികമായ പ്രശ്നങ്ങളാൽ ദേവാലയത്തിൽ വരാൻ സാധിക്കാത്തവരെ, യുവജനങ്ങൾ ഭവനങ്ങളിൽ നിന്നും ദേവാലയത്തിൽ എത്തിക്കുകയും അവർക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. തോണിച്ചാൽ എമ്മാവൂസ് വില്ല സ്പെഷ്യൽ സ്കൂൾ  യുവജനങ്ങൾ സന്ദർശിക്കുകയും, അവർക്കായി സ്നേഹവിരുന്ന് ഒരുക്കുകയും ചെയ്തു.

**പുതിയിടംകുന്ന്:** മേഖലയിലെ  മികച്ച യൂണിറ്റായി പുതിയിടംകുന്ന് യൂണിറ്റിനെ രൂപതാ തിരഞ്ഞെടുത്തു. ജനുവരി 14 ന് പ്രവർത്തന വർഷത്തിന് ആരംഭം കുറിച്ചു. *സലാമി* 2024 ൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു.

**വാളേരി:** ജനുവരി 14 ന് കല്ലോടിയിൽ വച്ച് നടന്ന പ്രവർത്തന വർഷ ഉദ്ഘാടനത്തിൽ യുവജനങ്ങൾ പങ്കെടുത്തു. അപകടങ്ങൾ സ്ഥിരമാകുന്ന പുതുശ്ശേരി മൂളിത്തോട് റോഡിലെ  വളവിൽ  ജനങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിന് ആവശ്യമായ സുരക്ഷാ വേലിയും ജാഗ്രത ബോർഡുകളും അടിയന്തരമായി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട്   എടവക പഞ്ചായത്ത് പ്രസിഡണ്ടിന് നിവേദനം നൽകി.

**വഞ്ഞോട്:** യൂണിറ്റിലെ അംഗങ്ങൾ മേഖല സെനറ്റിലും തിരഞ്ഞെടുപ്പിലും പങ്കെടുത്തു. കെ.സി.വൈ.എം  ഫണ്ട് ശേഖരണാർത്ഥം തിരുനാൾ ദിനങ്ങളിൽ ഐസ്ക്രീം വില്പന നടത്തി.

**അമരക്കുനി:** കാക്കവയൽ സ്മൃതി മണ്ഡപത്തിൽ വച്ച് നടന്ന ജവാന്മാരെ അനുസ്മരിക്കൽ ചടങ്ങിലും യുവജന വർഷ വിളംബര വാഹന റാലിയിലും യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു. വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്കെതിരായി മുള്ളൻകൊല്ലി മേഖലയിൽ നടത്തിയ പ്രതിഷേധ റാലിയിൽ പങ്കെടുത്തു.

**പാടിച്ചിറ:** കെ.സി.വൈ.എം ഫണ്ട് ശേഖരണാർത്ഥം തിരുനാൾ ദിനങ്ങളിൽ  സ്റ്റാൾ തുടങ്ങി. കടുവയുടെ ആക്രമണത്തിന് എതിരായി മുള്ളൻകൊല്ലി മേഖലയുടെ പ്രതിഷേധ ജ്വാലയിൽ യൂണിറ്റിലെ യുവജനങ്ങൾ പങ്കെടുത്തു.

**ഇരുളം:**   യുണിറ്റ് ഫണ്ട് ശേഖരണാർത്ഥം തിരുനാൾ ദിനങ്ങളിൽ

സ്റ്റാൾ  നടത്തി.  കടുവയുടെ ആക്രമത്തിനെത്തിരായി കെ.സി.വൈ. എം മുള്ളൻകൊല്ലി മേഖലയുടെ  പ്രതിഷേധ ജ്വാലയിൽ പങ്കെടുത്തു.

**മരക്കടവ്:** യുണിറ്റ് ഫണ്ട് ശേഖരണാർത്ഥം തിരുനാൾ ദിനങ്ങളിൽ സ്റ്റാൾ നടത്തുകയും ഗെയിമുകൾ സംഘടിപ്പിക്കുകയും ചെയ്തു. കടുവയുടെ ആക്രമത്തിനെത്തിരായി കെ. സി. വൈ. എം മുള്ളൻ കൊല്ലി മേഖലയുടെ  പ്രതിഷേധ ജ്വാലയിൽ പങ്കെടുത്തു.

**കബിനിഗിരി:** ജനുവരി 28 ന് കെ.സി.വൈ.എം പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. കാക്കവയലിൽ വെച്ച് നടന്ന യുവജന വാഹന വിളംബര റാലിയിൽ യൂണിറ്റ് അംഗങ്ങൾ  പങ്കെടുത്തു. വർദ്ധിച്ചു വരുന്ന വന്യമൃഗങ്ങളുടെ ആക്രമണത്തിനെതിരെ നടന്ന പ്രതിഷേധ പ്രകടനത്തിലും റാലിയിലും യുവജനങ്ങൾ പങ്കെടുത്തു.

**ആടിക്കൊല്ലി:** രാജ്യത്തെയും പൗരന്മാരെയും സംരക്ഷിക്കുന്നതിനായി ജീവൻ ബലിയർപ്പിച്ച ധീരരായ  ജവാന്മാരെ അനുസ്മരിച്ചു. കെ.സി.ബി.സി 2024 യുവജന വർഷം രൂപതാതല ഉദ്ഘാടനത്തിലും തുടർന്ന് നടന്ന  വാഹന വിളംബര റാലിയിലും യൂണിറ്റിൽ നിന്ന് യുവജനങ്ങൾ  പങ്കെടുത്തു.

**കയ്യൂന്നി:** തിരുനാൾ പ്രദക്ഷിണത്തിനായി അതിമനോഹരമായ ഒരു രഥം ഇടവകയിലെ യുവജനങ്ങൾ നിർമ്മിച്ചു.  രോഗി സഹായം നൽകി.

**പുതുശ്ശേരിക്കടവ്:** റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ഓൺലൈൻ പ്രസംഗ മത്സരം നടത്തി. ജനുവരി 28 ന് 2024 യുവജന വർഷം ഉദ്ഘാടനം യൂണിറ്റിൽ  നടത്തി. പടമലയിൽ കാട്ടാന അജിയെന്ന ചെറുപ്പക്കാരനെ ദാരുണമായി ചവിട്ടി കൊലപ്പെടുത്തിയ സംഭവത്തിൽ പുതുശ്ശേരിക്കടവ് യൂണിറ്റ് ഡയറക്ടർ ഫാ. പോൾ ഇടയ്കൊണ്ടാട്ടിന്റെ നേതൃത്വത്തിൽ പ്രതിഷേധം സംഘടിപ്പിച്ചു.

**റ്റിജിൻ ജോസഫ് വെള്ളപ്ലാക്കിൽ**
ജനറൽ സെക്രട്ടറി

## കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

**സമിതിരൂപീകരണവും തിരഞ്ഞെടുപ്പും**

ഇനിയും മദ്യ വിരുദ്ധ സമിതിരൂപീകരിക്കാത്ത ഇടവകയിൽ മാർച്ച് 08-ന് മുൻപ് സമിതി രൂപീകരിച്ച് യൂണിറ്റ് പ്രസിഡന്റ്, 2 വൈസ് പ്രസിഡന്റ്മാർ, ജനറൽ സെക്രട്ടറി, 2 സെക്രട്ടറിമാർ, ട്രഷറർ എന്നിവരെ തിരഞ്ഞെടുത്ത് ലിസ്റ്റ് സമിതി ഓഫീസിൽ നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

**രൂപതാവാർഷിക സമ്മേളനം, തിരഞ്ഞെടുപ്പ്**

2024 മാർച്ച് 08 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് സമിതിയുടെ വാർഷിക സമ്മേളനവും മേഖലാ, രൂപത സമിതികളുടെ തിരഞ്ഞെടുപ്പും നടക്കുന്നു. ഇടവയിലെ സമിതി എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുക്കേണ്ടതാണ്.

**അവാർഡ് വിതരണം:**

CASA ലഹരി വിരുദ്ധ ക്ലബ് സംഘടിപ്പിച്ച ലഹരി വിരുദ്ധ വാരാചരണമത്സരത്തിന്റെ അവാർഡുകൾ 2024 ജനുവരി 30 ന് കബനിഗിരി നിർമലാ ഹൈസ്കൂളിൽവച്ചു വിതരണം ചെയ്തു. ചടങ്ങിൽ സ്കൂൾ മാനേജർ ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ, ശ്രീ. പി കെ വിജയൻ (മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്) ശ്രീ. ഷിനു കച്ചിറയിൽ (പിടിഎ പ്രസിഡന്റ് & വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ) ശ്രീ. ടോമി നെടുംകൊമ്പിൽ ( സ്കൂൾ പ്രധാന അദ്ധ്യാപകൻ ) രൂപത സമിതി അംഗങ്ങൾ, വിവിധ സ്കൂളുകളിൽ നിന്ന് അധ്യാപകർ, അവർഡിന് അർഹരായ കുട്ടികൾ എന്നിവർ പങ്കെടുത്തു. അവാർഡ് ലഭിച്ച സ്കൂളുകൾക്കും കുട്ടികൾക്കും അഭിന്ദനങ്ങൾ.

**ലഹരി വിരുദ്ധ ദൂത്:** ചിത്രഗിരി ഇടവകയിൽ ഫെബ്രുവരി 18 ന് ലഹരി വിരുദ്ധ ദൂത് നടത്തി. രൂപത ഡയറക്ടർ വി. ബലി അർപ്പിച്ചു സന്ദേശം നൽകി. ഇടവക വികാരി ഫാ. ജോയ് തുരുത്തേൽ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

**യൂണിറ്റ് സന്ദർശനം:** നടവയൽ കെ.സി.ബി.സി മദ്യ വിരുദ്ധ സമിതി ജനറൽ ബോഡി ചേർന്ന് ഇടവകയിൽ നടപ്പിൽ വരുത്തേണ്ട ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. രൂപതാ ഡയറക്ടർ, സമിതി എക്സിക്യൂട്ടീവ് അംഗങ്ങൾ, മറ്റ് അംഗങ്ങൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സുകൾ**

ഫെബ്രുവരി മാസത്തെ വിവാഹ ഒരുക്ക കോഴ്സിൽ 47 പേർ പങ്കെടുത്തു. മാർച്ച് മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 9,10,11,12 എന്നീ തീയതികളിലും മണിമൂളിയിൽ മാർച്ച് മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 23, 24, 25 എന്നീ തീയതികളിലും നടത്തപ്പെടുന്നു.

**രൂപതാ വാർത്തകൾ**

**മാതൃവേദി**

വി. ചാവറ പിതാവിന്റെ തിരുനാൾ ദിനമായ ജനുവരി മൂന്നിന് ഇടവകകളിൽ 'വി. ചാവറ പിതാവും കേരളസഭയും'എന്ന വിഷയത്തിൽ പ്രസംഗ മത്സരങ്ങൾ നടത്തി, വിജയികളെ കണ്ടെത്തി. അന്തർദേശീയ തലത്തിൽ മാസം തോറും നടത്തുന്ന ജപമാല പ്രാർത്ഥനയ്ക്ക് ജനുവരി 19 ന് രൂപതാ ടീം നേതൃത്വം കൊടുത്തു. 30/1/2024 ന് രൂപത ടീം അംഗങ്ങൾ മാനന്തവാടി മെഡിക്കൽ കോളേജിൽ ഭക്ഷണം പാചകം ചെയ്തു വിതരണം ചെയ്യുകയും, സാമ്പത്തിക സഹായം നൽകുകയും രോഗി സന്ദർശനം നടത്തുകയും ചെയ്തു. മാതൃവേദി അംഗങ്ങൾക്കു വേണ്ടി ദിവ്യകാരുണ്യ ആരാധന നടത്തി. ഗർഭസ്ഥ ശിശുക്കൾക്ക് വേണ്ടി മുള്ളൻകൊല്ലി മേഖല ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 8 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് മാർച്ച് 18.

**മേഖലാ വാർത്തകൾ**

**മണിമൂളി**

വാർഷികാഘോഷം, കരോൾ ഗാന മത്സരം എന്നിവ നടത്തി. ക്രിസ്തുമസ് കേക്ക് നൽകി. മേഖല ഡയറക്ടർ ഫാ. ജെയിംസ് കുന്നത്തേട്ട് അച്ചന്റെ സപ്തതി ആഘോഷം നടത്തി. സങ്കീർത്തന പാരായണം മേഖലയും ശാഖകളും നടത്തി. മേഖലാ മാതൃവേദിയുടെ നേതൃത്വത്തിൽ 10 ശാഖകളിലും ഭക്ഷണകിറ്റ് നൽകി. ബൈബിൾ പാരായണം പഴയനിയമം ജനുവരി മാസത്തിൽ നടത്തി. മാർഗ്ഗരേഖ തയ്യാറാക്കി പ്രകാശനം ചെയ്തു. മേഖലാ കൗൺസിൽ കൂടി 35

പേർ പങ്കെടുത്തു. അവിവാഹിതരായ യുവജനങ്ങളുടെ സർവ്വേ എല്ലാ ഇടവകകളിലും നടത്തി.

**തരിയോട്**

മേഖല ജനറൽബോഡി ചേർന്നു. മാർഗ്ഗരേഖയുടെ കരട് രൂപം തയ്യാറാക്കാൻ കോട്ടത്തറ സെന്റ് ആന്റണീസ് ദേവാലയത്തിൽ എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങളും ഒത്തുചേർന്നു. റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് കോട്ടത്തറ സെന്റ് ആന്റണീസ് എൽ. പി സ്കൂളിലെ വിദ്യാർഥികൾക്ക് മേഖലാ ടീം അംഗങ്ങൾ മധുരം വിതരണം ചെയ്തു. മേഖലാ ടീം അംഗങ്ങൾ കോട്ടത്തറ ഇടവകയിലെ കിടപ്പുരോഗികളെ സന്ദർശിച്ചു. രൂപതയിൽ നിന്നും അയയ്ക്കുന്ന സാന്ത മോനിക്ക പ്രാർത്ഥനയും, മറ്റ് നിയോഗങ്ങളും സമർപ്പിച്ച് ചെയിൻ റോസറി, കരുണക്കൊന്ത, തിരുഹൃദയ ജപമാല എന്നിവ ചൊല്ലുന്നു.

**മുള്ളൻകൊല്ലി**

ജീവിതപങ്കാളിയെ ലഭിക്കാത്ത യുവതി യുവാക്കൾക്ക് വേണ്ടി മരകാവ് യൂണിറ്റ്, മുള്ളൻകൊല്ലി യൂണിറ്റ്, ഉപവാസ പ്രാർത്ഥന നടത്തി. മേഖല എക്സിക്യൂട്ടീവ് ഇൻഫന്റ് ജീസസ് ശിശുമലയിൽ വച്ച് നടത്തി. മുള്ളൻകൊല്ലി ബഡ്സ് സ്കൂൾ എക്സിക്യൂട്ടീവ് അംഗങ്ങൾ സന്ദർശിച്ച് മധുര പലഹാരങ്ങൾ നല്കി.

**ശാഖാ വാർത്തകൾ**

**പുതുശ്ശേരിക്കടവ്**

ചാവറ പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് പ്രസംഗ മത്സരം നടത്തി. ഗവൺമെന്റ് ഹോസ്പിറ്റലിൽ ടീം അംഗങ്ങൾ ഭക്ഷണം ഉണ്ടാക്കി 5000 രൂപ നൽകി. പാലിയേറ്റീവ് ഡേയിൽ സേവനം ചെയ്യുന്നവരെ ആദരിച്ചു. മേഖലാ ജനറൽ ബോഡിയിൽ പങ്കെടുത്തു. സെമിനാരി സന്ദർശിച്ച് നോമ്പിലെ ചെറുത്യാഗത്തിന്റെ തുകയായ 11000 രൂപനൽകി. കിടപ്പു രോഗികളെ സന്ദർശിച്ചു.

**കോട്ടത്തറ**

ദൈവ മാതാവിന്റെ തിരുനാൾ, വി. ചാവറ പിതാവിന്റെ തിരുനാൾ, യുവജന ദിനം, പാലിയേറ്റീവ് ദിനാചരണം, റിപ്പബ്ലിക് ദിനം എന്നിവ ആചരിച്ചു. ഓൺലൈൻ പ്രസംഗം മത്സരം നടത്തി. കിടപ്പു രോഗികളെ സന്ദർശിച്ചു. ലോകസമാധാനത്തിനു വേണ്ടി ചെയിൻ റോസറി നടത്തി. സെന്റ് ആന്റണീസ് യു. പി സ്കൂൾ കുട്ടികൾക്ക് മിഠായി വിതരണം നടത്തി.

**മക്കിയാട്**

ഏറ്റവും കൂടുതൽ വചനം ചൊല്ലിയ 6 പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ നല്കി. പള്ളിയും പരിസരവും വൃത്തിയാക്കി. യൂണിറ്റ്

മീറ്റിഗ് കൂടി വികാരി ബഹു. ആന്റോ അച്ചന് യാത്രയയപ്പ് നല്കി.

**മരക്കടവ്**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആശാ കിരൺ വസ്ത്ര ബാങ്കിലേക്ക് വസ്ത്രങ്ങൾ നൽകി. WSS മായി സഹകരിച്ച് ഇടവകയിലെ അമ്മമാർക്കായി സോപ്പും സോപ്പു ഉൽപ്പന്നങ്ങളും നിർമ്മിക്കാനുള്ള ട്രെയിനിങ് നടത്തി. തിരുനാളിന് അൾത്താര അലങ്കരിക്കുന്നതിനായി 3000 രൂപയുടെ പൂക്കൾ വാങ്ങി നൽകി. ഫണ്ട് ശേഖരണാർത്ഥം പലഹാരങ്ങളും ഉപ്പിലിട്ട പൈനാപ്പിളും വിപണനം ചെയ്തു. പെരിക്കല്ലൂരിൽ നിന്നും ദീർഘദൂര സർവീസുകൾ നിർത്തലാക്കിയതിനെത്തുടർന്ന് നടത്തിയ പ്രതിഷേധ ധർണയിൽ ആനിമേറ്ററും പ്രസിഡണ്ടും പങ്കെടുത്തു.

**പനഞ്ചിറ**

അൾത്താര നവീകരണത്തോടനുബന്ധിച്ച് നടന്ന ക്ലീനിംഗിൽ സഹായിച്ചു. പള്ളിയും പരിസരങ്ങളും വൃത്തിയാക്കി. പ്രദക്ഷിണത്തിന് മുത്തുക്കുടകളും തിരികളും പിടിച്ച് ഭക്തിപൂർവ്വം പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി.

**പാടിച്ചിറ**

പൊതുപണിയിൽ പങ്കെടുത്തു. മാതൃവേദി പ്രവർത്തനങ്ങൾക്ക് ഫണ്ട് ഉണ്ടാക്കുന്നതിനുവേണ്ടി അച്ചാർ ഉണ്ടാക്കി വില്പന നടത്തി. തിരുനാളിന് ഒരു കുടുംബത്തിന് വസ്ത്രം വാങ്ങി നല്കി.

**വടപുറം**

ഇടവക തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാനയ്ക്ക് മുമ്പുള്ള ജപമാലയ്ക്ക് നേതൃത്വം കൊടുത്തു. പൂക്കൾ ഉണ്ടാക്കി പള്ളിയും പരിസരവും അലങ്കരിച്ചു. ഭക്ഷണം പാകം ചെയ്യുന്നതിലും വിളമ്പുന്നതിലും നേതൃത്വം നൽകി. തിരുനാളിന് സ്കിറ്റ് അവതരിപ്പിച്ചു.

**ശിശുമല**

പള്ളിയും പരിസരവും വൃത്തിയാക്കി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മരണവീട് സന്ദർശനം, കിടപ്പുരോഗികളുടെ സന്ദർശനം, ഏലീശാ സന്ദർശനം, വിവാഹ ചടങ്ങിൽ പങ്കെടുക്കൽ എന്നിവ നടത്തി. മേഖലാ ജനറൽ ബോഡിയിൽ പങ്കെടുത്തു. തിരുനാൾ ആഘോഷങ്ങളുടെ ഭാഗമായി 25 നിർദ്ധനരായ അക്രൈസ്തവ കുടുംബങ്ങളെ സഹായിക്കാൻ കൂപ്പൺ വിറ്റ് പണം സമാഹരിച്ചു. 17200 രൂപയുടെ കിറ്റുകൾ നൽകി.

**അസംപ്ഷൻ**

ജനറൽ ബോഡി കൂടി. സെമിത്തേരി, പള്ളിയും പരിസരം എന്നിവ വൃത്തിയാക്കി. തിരുനാളിന് അമ്മമാർ ബൈബിൾ ദൃശ്യാ

വതരണം നടത്തി. ജീവകാരുണ്യ ഫണ്ടിനായി തട്ടുകട നടത്തി. രോഗി സന്ദർശനം നടത്തി.

**മാർട്ടിൻ നഗർ**

ചെയിൻ റോസറി, കരുണക്കൊന്ത, തിരുഹൃദയ ജപമാല എന്നിവ നടത്തി. രണ്ടാം ചൊവ്വാഴ്ച ഗവൺമെൻറ് ഹോസ്പിറ്റലിൽ ഭക്ഷണം പാകം ചെയ്തു നല്കി. പള്ളിയും പരിസരങ്ങളും വൃത്തിയാക്കി. അഗതി മന്ദിര സന്ദർശനം നടത്തി. വസ്ത്രങ്ങൾ, മധുരപലഹാരങ്ങൾ, സമ്മാനപ്പൊതികൾ എന്നിവ നൽകി. രോഗി സന്ദർശനം നടത്തി.

**തവിഞ്ഞാൽ**

എക്സിക്യൂട്ടീവ് കൂടി. രോഗി സന്ദർശനം നടത്തി. സെമിത്തേരി ക്ലീനിങ്ങ്, പള്ളി ക്ലീനിങ്ങ് എന്നിവ നടത്തി. എല്ലാ ഞായറാഴ്ചകളിലും മാതൃവേദി പ്രാർത്ഥന നടത്തുന്നു.

**മാനന്തവാടി ടൗൺ ചർച്ച്**

പള്ളി ക്ലീനിംഗിൽ പങ്കെടുത്തു. പ്രായമായ അമ്മച്ചിയെ സന്ദർശിച്ചു 3000 രൂപ നൽകി. സ്നേഹദീപം ചാരിറ്റബിൾ ട്രസ്റ്റിലേക്ക് 1000 രൂപ നൽകി. മേഖലാ ഫണ്ടിലേക്ക് 1600 രൂപ നൽകി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

**തലഞ്ഞി**

പൂന്തോട്ട നിർമ്മാണ മത്സരം നടത്തി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മൂന്ന് ഭവനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ കൊടുത്തു. ദൈവമാതാവിന്റെ തിരുന്നാൾ, വിശുദ്ധ ചാവറ കുര്യാക്കോസിന്റെ തിരുനാൾ, മംഗല വാർത്ത തിരുന്നാൾ എന്നിവ ആചരിച്ചു. ഇൻഷുറൻസ് പദ്ധതികളെക്കുറിച്ച് ഇടവകയിൽ മാർഗ്ഗനിർദേശം നല്കി.

**പാലാങ്കര**

പള്ളിയും പരിസരവും വൃത്തിയാക്കി. തിരുനാളിൽ നേർച്ച ഭക്ഷണം ഉണ്ടാക്കാനും വിളമ്പാനും സഹായിച്ചു. മേഖലാ നിർദ്ദേശമനുസരിച്ച് ബൈബിൾ പാരായണം നടത്തി. രോഗീ സന്ദർശനം നടത്തി. ശാഖയിൽ 30 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായവരുടെ പേരുവിവരങ്ങൾ മേഖലക്ക് നൽകി.

**കബനിഗിരി**

കപ്പേള വൃത്തിയാക്കി. ശിശുമലയിൽ വച്ചു നടന്ന മേഖലാ എക്സിക്യൂട്ടീവിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. ഇടവകയിൽ നിന്നുമുള്ള വൈദികന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി.

**കുഞ്ഞോം**

പള്ളിയും പരിസരവും വൃത്തിയാക്കി. രോഗി സന്ദർശനം നടത്തി. തിരുന്നാളിന് നേർച്ച ഭക്ഷണം തയ്യാറാക്കുന്നതിന് സഹായിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. സാന്ത മോനിക്കാ മധ്യസ്ഥ പ്രാർത്ഥനയിൽ പങ്കെടുത്തു.

**സീതാമൗണ്ട്**

അവിവാഹിതരായ യുവതി യുവാക്കന്മാർക്കു വേണ്ടി കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. മേഖലാ ജനറൽ ബോഡിയിൽ പങ്കെടുത്തു. തിരുനാളിനോടനുബന്ധിച്ച് ഫണ്ട് ശേഖരണാർത്ഥം ചായപ്പൊടി വിൽപ്പന നടത്തി.

**വഞ്ഞോട്**

പള്ളിയും പരിസരവും വൃത്തിയാക്കി. രോഗി സന്ദർശനം നടത്തി. പള്ളിയിലേക്ക് ആവശ്യമായ ചൂലുകൾ നിർമ്മിച്ച് നല്കി.

**മഞ്ഞൂറ**

പള്ളിയും പരിസരവും വൃത്തിയാക്കി. മാർഗ്ഗരേഖ തയ്യാറാക്കി. പച്ചക്കറിതോട്ട മൽസരം നടത്തി. രോഗി സന്ദർശനം നടത്തി.

**മണിമൂളി**

എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു. മേഖലാ കൗൺസിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി. ബൈബിൾ പഴയ നിയമപാരായണം നടത്തി.

**പോരൂർ**

പള്ളിയും പരിസരവും വൃത്തിയാക്കി. മരണ വീടുകൾ സന്ദർശിച്ച് പ്രാർത്ഥിച്ചു. രോഗീ സന്ദർശനം നടത്തി. വി. സെബസ്ത്യാനോസിന്റെ തിരുനാൾ സമാപന ദിവസം നേർച്ച ഭക്ഷണത്തിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിന് നേതൃത്വം വഹിച്ചു.

**ഇരുളം**

അങ്കണവാടി, ഭവന സന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി, മേഖല ജനറൽ ബോഡിയിൽ പങ്കെടുത്തു. മൂന്ന് നിർധന കുടുംബത്തിന് പഴയ ഡ്രസ്സ് ശേഖരിച്ച് നല്കി. ഫണ്ട് ശേഖരണാർത്ഥം തിരുന്നാളിന് പായസം ഉണ്ടാക്കി വിതരണം ചെയ്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**പ്രശാന്തിഗിരി**

തിരുന്നാളിന് സെമിത്തേരി അലങ്കരിച്ചു. പരേതർക്ക് വേണ്ടി പ്രാർത്ഥിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. തിരുനാൾ ദിവസങ്ങളിൽ പായസ കച്ചവടം, കാപ്പി കച്ചവടം, ഭക്ത വസ്തുക്കളുടെ കച്ചവടം എന്നിവ നടത്തി.

**കരിമാനി**

വി. ചാവറയച്ചന്റെ തിരുനാൾ ആചരിച്ചു. വിവിധ നിയോഗങ്ങൾക്ക് വേണ്ടി ദിവ്യകാരുണ്യ ആരാധന നടത്തി. രോഗീസന്ദർശനം, അഗതിമന്ദിര സന്ദർശനം എന്നിവ നടത്തി. മേഖലയ്ക്ക് 2 നൈറ്റി കൊടുത്തു.

**നടവയൽ**

ജനറൽബോഡി യോഗം ചേർന്നു. രോഗി സന്ദർശനം നടത്തി. തിരുപ്പട്ട സ്വീകരണത്തിൽ പങ്കെടുത്ത് സഹായം നൽകി.

**കയ്യൂന്നി**

എക്സിക്യൂട്ടീവ് കൂടി. വി. ചാവറ കുര്യാക്കോസ് തിരുനാൾ, ദനഹാ തിരുനാൾ എന്നിവ ആചരിച്ചു. ബ്രയ്‌ലി ദിനം, ദേശീയ പ്രവാസിദിനം, റിപ്പബ്ലിക്ക് ദിനം എന്നീ ദിനാചാരണങ്ങൾ നടത്തി. തിരുനാളിന് ജനറൽ ക്ലീനിങ്, അലകാരം, പലഹാര നിർമ്മാണം, കലാസന്ധ്യ എന്നിവ നടത്തി. ചികിത്സാ സഹായമായി 5000 രൂപ നൽകി.

**കരിമ്പിൽ**

ഇടവക തിരുനാളിന് പള്ളിയും പരിസരവും സെമിത്തേരിയും വൃത്തിയാക്കി. നേർച്ച ഭക്ഷണം ഉണ്ടാക്കാൻ സഹകരിച്ചു. രോഗി സന്ദർശനം നടത്തി. മേഖലയിൽ നിന്ന് ലഭിക്കുന്ന വചനം ചൊല്ലി പ്രാർത്ഥിച്ചു.

**നരിവാലമുണ്ട**

പ്രവർത്തന മാർഗരേഖ പ്രകാശനം ചെയ്തു. എല്ലാ ദിവസവും പ്രത്യേക നിയോഗങ്ങൾക്കായി സുകൃതജപം ചൊല്ലുന്നു. ചാവറ പിതാവിന്റെ ചാവരുൾ വീഡിയോ എടുത്ത് സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തു. റിപ്പബ്ലിക് ദിനത്തിൽ ഇടവകയിലെ ജവാന്മാരെ ആദരിച്ചു. തിരുനാളിനോടനുബന്ധിച്ചു എല്ലാ കുടുംബങ്ങളിലൂടെയും അമ്പ് എഴുന്നെള്ളിപ്പ് നടത്തി.

**ദ്വാരക**

വി. സെബസ്ത്യാനോസിന്റെ തിരുനാൾ ദിനത്തിൽ അമ്മമാരുടെ നേതൃത്വത്തിൽ ഓരോ ഭവനങ്ങളിലും അമ്പ് എഴുന്നെള്ളിച്ചു കൊണ്ടുവന്നു പ്രാർത്ഥിച്ചു. ശാഖാതലത്തിൽ ശീതകാല പച്ചക്കറി മത്സരം നടത്തി. രോഗി സന്ദർശനം നടത്തി.

**മരകാവ്**

മേഖലാ ജനറൽ ബോഡിയിൽ പങ്കെടുത്തു. ഫണ്ട് ശേഖരണാർത്ഥം Stall ഇടുകയും കൊന്ത അനുബന്ധ സാധനങ്ങൾ വിൽക്കുകയും ചെയ്തു. ദേവാലയവും പരിസരവും വൃത്തിയാക്കി. രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. സഹായം

നൽകി. ചൊവ്വാഴ്ചകളിൽ അമ്മമാർ മാനന്തവാടി ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം നൽകുന്നതിനായി സഹായിച്ച് വരുന്നു.

**മാർട്ടിൻ നഗർ**

രണ്ടാം ചൊവ്വാഴ്ച ഗവൺമെൻറ് ഹോസ്പിറ്റലിൽ ഭക്ഷണം പാകം ചെയ്തു കൊടുക്കുവാൻ സഹായിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു. ദേവാലയവും പരിസരവും വൃത്തിയാക്കി. അഗതിമന്ദിരമായ സെന്റ് വിൻസന്റ് റിഹാബ് സെന്റർ വേങ്ങപ്പള്ളി സന്ദർശനം നടത്തി വസ്ത്രങ്ങൾ, മധുരപലഹാരങ്ങൾ, സമ്മാനപ്പൊതികൾ എന്നിവ നൽകി. ഹോസ്പിറ്റലിലും ഭവനങ്ങളിലും രോഗി സന്ദർശനം നടത്തി.

**നിലമ്പൂർ**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ചാവറ അച്ചന്റെ തിരുനാൾ, ദനഹാ തിരുനാൾ എന്നിവ ആചരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. മാതൃവേദി ഫണ്ട് ശേഖരണാർത്ഥം തിരുനാളിന് സ്റ്റാൾ നടത്തി.

**താളിപ്പാടം**

ചാവറ അച്ചന്റെ തിരുനാൾ, ദനഹാ തിരുനാൾ എന്നിവ ആചരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. മേഖലാ കൗൺസിലിൽ പങ്കെടുത്തു. ബൈബിൾ പാരായണം നടത്തി.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി നിക്ഷേപ സമാഹരണ ഫണ്ടിലേക്ക് 15,000 രൂപ സമാഹരിച്ചു. 30 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ യുവതി യുവാക്കളുടെ ലിസ്റ്റ് തയ്യാറാക്കി രൂപതയ്ക്ക് നൽകി. കൂൺ കൃഷി പരിശീലന ക്ലാസ് നടത്തി. മരണവീട് സന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി.

**തോമാട്ടുചാൽ**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. നാച്വറൽ ഫുഡിനെപ്പറ്റി ബോധവൽക്കരണ ക്ലാസ് നൽകി. പച്ചക്കറി വിത്ത് വിതരണം ചെയ്തു. പള്ളിയും പരിസരവും വൃത്തിയാക്കി. രോഗി സന്ദർശനം നടത്തി

സ്നേഹാശംസകളോടെ,
**ഫാ. ജോജോ കുടക്കച്ചിറ**
**ഫാ. എമ്മാനുവേൽ വടക്കേൽ**

## സീയോൻ വാർത്തകൾ

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ ഫെബ്രുവരി 3 വെള്ളിയാഴ്ച്ച, രാവിലെ 10 മുതൽ രാത്രി 9.30 വരെ പ്രാർത്ഥിച്ചൊരുങ്ങി സിയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 45 ശുശ്രൂഷകർ പങ്കെടുത്തു. ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.00 വരെ സിയോൻ പൊതു സമ്മേളനം നടന്നു. ഫെബ്രുവരി 04ന് ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബിജു പുളിക്കൽ, സി. അന്ന FCC, സി. അനറ്റ് SKD, എന്നിവർ ഗാനശുശ്രൂഷയ്ക്കും, ബ്രദർ ബേബി കുപ്പയിൽ സ്തുതി ആരാധനയ്ക്കും, ബഹു. സിസ്റ്റർ സ്മിത CMC, സിസ്റ്റർ നവ്യ SH എന്നിവർ മറ്റു ശുശ്രൂഷകൾക്കും നേതൃത്വം നൽകി.

ഫെബ്രുവരി 10ന് ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 1.00 മണിവരെ സ്പിരിചൽ ഷെയറിംഗ് നടത്തി. ഫെബ്രുവരി 15 മുതൽ 18 വരെ താമസിച്ചുള്ള ആന്തരിക സൗഖ്യ ധ്യാനം നടന്നു. ഫെബ്രുവരി 23 വെള്ളി വൈകുന്നേരം 5 മുതൽ രാത്രി 10.30 വരെ ജാഗരണ പ്രാർത്ഥന നടത്തി.

**ഇടവക ധ്യാനം**

ഫെബ്രുവരി 23 മുതൽ ഫെബ്രുവരി 25 വരെ ചൂരൽമല ഇടവകയിൽ സിയോൻ ടീമിന്റെ നേതൃത്വത്തിൽ ഇടവക ധ്യാനം നടത്തി. മീഡിയ കമ്മീഷൻ, സിയോൻ CRC എന്നീ യൂട്യൂബ് ചാനലുകളിലൂടെ എല്ലാ ഞായറാഴ്ചകളിലും വചന വിചിന്തനം നടത്തി.

(NB: മാർച്ച് മാസത്തിലെ താമസിച്ചുള്ള ധ്യാനം 14 വ്യാഴം 4 മണിമുതൽ 17 ഞായർ 01 മണി വരെ. For Booking: 9544606936, 8281132195)

**ഫാ. ജിന്റോ തട്ടുപറമ്പിൽ**
ഡയറക്ടർ, സീയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

ഒരു വലിയ നോമ്പിലൂടെ നാം കടന്നു പോവുകയാണല്ലോ. പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും നാളുകളിലൂടെയാണ് നാം കടന്നുപോകുന്നത്. ബലഹീനരായ നാം പാപങ്ങൾ ചെയ്യുക എന്നത് മാനുഷികമാണ്. എന്നാൽ ചെയ്തുപോയ പാപങ്ങളോർത്ത് അനുതപിക്കാനും പരിഹാരക്രിയകൾ ചെയ്യുവാനും നമുക്ക് കടമ യുണ്ട്. പശ്ചാത്തപിക്കുന്ന പാപിയെ സ്നേഹിക്കുന്ന ദൈവമാണ് നമുക്കുള്ളത്. നമുക്കറിയാം - ദൈവം സ്നേഹമാണ്. ദൈവപുത്ര നായ യേശുവും നമ്മെ പഠിപ്പിച്ചത് സ്നേഹിക്കുവാനാണ്. 'ഞാൻ പുതിയൊരു കൽപ്പന നിങ്ങൾക്ക് നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമു ണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും'.(യോഹന്നാൻ - 13:34 -35) വിൻസെൻഷ്യൻ സഹോദ രരായ നാം ആദിമ ക്രൈസ്തവരെ പോലെ പരസ്പരം സ്നേഹി ക്കുന്നവരാകണം. മറ്റുള്ളവർക്ക് നമ്മുടെ കൂട്ടായ്മകൾ മാതൃകയാ വണം. ഓരോ കോൺഫ്രൻസുകളും ഓരോ കുടുംബങ്ങൾ ആവണം. ആ കുടുംബങ്ങൾ നമ്മുടെ സമൂഹത്തിൽ നന്മയുടെ കൂട്ടായ്മ കളായി മാറട്ടെ. നമ്മുടെ പരസ്പര സ്നേഹവും പരസ്നേഹപ്രവർ ത്തികളുമാണ് മറ്റുള്ളവരെ നമ്മുടെ കൂട്ടായ്മയിലേക്ക് ആകർ ഷിക്കേണ്ടത്. കൂടുതൽ യുവജനങ്ങൾ, കുട്ടികൾ എന്നിവരെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയിലേക്ക് ആകർഷിച്ചു ചേർക്കുവാൻ നമ്മുടെ പ്രവർത്തികളും കൂട്ടായ്മകളും നിദാന മാകട്ടെ.

**സി.സി ബോർഡ് യോഗം**

ഓസാനാം ഭവൻ ഹാളിൽ ചേർന്ന സി.സി. ബോർഡ് യോഗ ത്തിൽ സി. സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം അധ്യക്ഷത വഹിച്ചു. പ്രാരംഭ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ സി.സി.

സീനിയർ വൈസ് പ്രസിഡന്റ് ബ്രദർ ജോണി പാറ്റാനി, ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ എന്നിവർ സംസാരിച്ചു. സി. സി. ജനറൽ സെക്രട്ടറി ബദർ ജോസ് മാത്യു മെഴുകനാൽ റിപ്പോർട്ടും, സി.സി. ട്രഷറർ ബ്രദർ വിൻസന്റ് റാത്തപള്ളി കണക്കുകളും അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം യോഗം ഇവ അംഗീകരിച്ചു. സി. സി. വാർഷികം, കെ. ആർ. സി. സി. യോഗം, ഓസാനം ഭവൻ പ്രവർത്തനങ്ങൾ തുടങ്ങിയവ യോഗം വിശദമായി ചർച്ച ചെയ്തു. സിസ്റ്റർ റോസമ്മ അയ്യംകുഴക്കലിന്റെ നന്ദിയോടെ യോഗം സമാപിച്ചു.

**സി.സി. യോഗം**

2024 ജനുവരി 10 ശനിയാഴ്ച നടവയൽ ഓസാനം ഭവൻ ഹാളിൽ സി.സി.യോഗം ചേർന്നു. പ്രാരംഭ പ്രാർത്ഥനകൾ, ജ്ഞാന വായന എന്നിവയ്ക്ക് സിസ്റ്റർ ഡെയ്സി പുളിയമ്മാക്കൽ (കൽപ്പറ്റ എ.സി പ്രസിഡന്റ്), സിസ്റ്റർ റോസമ്മ അയ്യംകുഴയ്ക്കൽ (സി.സി. വൈസ് പ്രസിഡന്റ്) എന്നിവർ നേതൃത്വം നൽകി. ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ സ്വാഗതം ആശംസിച്ചു. സി.സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം അധ്യക്ഷത വഹിച്ചു. സി.സി. ജനറൽ സെക്രട്ടറി ബ്രദർ ജോസ് മാത്യു മെഴുകനാൽ റിപ്പോർട്ടും, സി.സി. ട്രഷറർ ബ്രദർ വിൻസന്റ് റാത്തപ്പള്ളി കണക്കുകളും അവതരിപ്പിച്ചു. ഓസാനം ഭവൻ സെക്രട്ടറി ബ്രദർ ബെന്നി മാങ്കോട്ട് റിപ്പോർട്ടും, ട്രഷറർ ബ്രദർ തങ്കച്ചൻ മേപ്പാടത്ത് കണക്കുകളും അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം യോഗം ഇവ അംഗീകരിച്ചു. 2024-ലെ സി.സി. വാർഷികത്തെക്കുറിച്ച് യോഗം ചർച്ച ചെയ്തു. ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് 2024 മെയ് 18.ന് സി.സി . വാർഷികം നടത്തുവാൻ തീരുമാനിച്ചു. എല്ലാ കോൺഫറൻസുകളിൽ നിന്നും 5 പ്രതിനിധികളെ വീതം വാർഷികത്തിൽ പങ്കെടുപ്പിക്കുവാനും തീരുമാനിച്ചു കെ. ആർ. സി. സി. ഭാരവാഹികൾ അടക്കമുള്ളവരെ വാർഷികത്തിലേക്ക് ക്ഷണിക്കുവാനും തീരുമാനിച്ചു. 2024 ഏപ്രിൽ 6, 7 തീയതികളിൽ വയനാട്ടിൽ നടക്കുന്ന കേരള റീജിണൽ കോർഡിനേഷൻ കമ്മറ്റിയോഗം (KRCC) ഭംഗിയായി നടത്തുവാനും യോഗം തീരുമാനിച്ചു. സമ്മേളനത്തിൽ പങ്കെടുക്കുവാൻ എത്തുന്ന നാഷണൽ കൗൺസിൽ പ്രസിഡന്റ് ബ്രദർ ജൂഡ് മംഗൾരാജ്, KRCC പ്രതിനിധികൾ സി.സി. പ്രസിഡന്റ്മാർ എന്നിവർക്ക് ഉചിതമായ സ്വീകരണം നൽകുവാനും യോഗം തീരുമാനിച്ചു. 2024 ഏപ്രിൽ 7-

ഞായറാഴ്ച ഓസാനം ഭവൻ ജൂബിലി ആഘോഷിക്കുവാനും തീരുമാനിച്ചു. ജനുവരി ആദ്യവാരം ബാംഗ്ലൂരിൽ നടന്ന വനിത നാഷണൽ കൗൺസിൽ തീരുമാനങ്ങൾ സി.സി. വനിത വിഭാഗം പ്രസിഡന്റ് സിസ്റ്റർ പ്രിയ ഷൈജൻ തടങ്ങഴിയിൽ യോഗത്തിൽ വിശദീകരിച്ചു. 2023 - 24 സാമ്പത്തിക വർഷത്തിലെ വാർഷിക റിപ്പോർട്ടുകൾ 2024 ഏപ്രിൽ 10 നകം സി.സി.യിൽ ഏൽപ്പിക്കണമെന്ന് യോഗം നിർദ്ദേശിച്ചു. സമാപന പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

**ഓസാനം ഭവൻ ബോർഡ് യോഗം**

2024 ഫെബ്രുവരി 8 ന് ഓസാനം ഭവൻ ബോർഡ് യോഗം ചേർന്നു. ബോർഡ് ചെയർമാൻ ബദർ ബാബു നമ്പുടാകം അധ്യക്ഷത വഹിച്ചു. ബ്രദർ രാജു വലിയാറ സ്വാഗതം ആശംസിച്ചു. റിപ്പോർട്ട് ഓസാനം ഭവൻ സെക്രട്ടറി ബ്രദർ ബെന്നി മാങ്കോട്ട് കണക്കുകൾ, ഓസാനം ഭവൻ ട്രഷറർ ബ്രദർ തങ്കച്ചൻ മേപ്പാടത്ത് എന്നിവർ അവതരിപ്പിച്ചു. ചർച്ചകൾക്ക് ശേഷം യോഗം ഇവ അംഗീകരിച്ചു. ഓസാനം ഭവൻ ജൂബിലി ആഘോഷങ്ങളെക്കുറിച്ച് യോഗം ചർച്ച ചെയ്തു. 2024 ഏപ്രിൽ ഏഴിന് ജൂബിലി ആഘോഷങ്ങൾ നടത്തുവാൻ തീരുമാനിച്ചു. ഓസാനം ഭവൻ മുൻ ഭാരവാഹികളെ യോഗത്തിൽ ആദരിക്കുവാൻ തീരുമാനിച്ചു. ഫാമിലി ഭവൻ പ്രവേശനം സംബന്ധിച്ച് ചർച്ച ചെയ്തു. ഇടത്തരം കുടുംബങ്ങളിൽ നിന്നുള്ളവരെ ഓസാനം ഭവനിൽ പ്രവേശിപ്പിക്കുന്നത് സംബന്ധിച്ച് യോഗം ചർച്ച ചെയ്തു. ഇതു സംബന്ധിച്ച തീരുമാനമെടുക്കുന്നതിനായി ചെയർമാൻ സെക്രട്ടറി ട്രഷറർ എന്നിവരെ യോഗം ചുമതലപ്പെടുത്തി. ഓസാനം ഭവന്റെ സാമ്പത്തിക പ്രതിസന്ധികൾ നേരിടുന്നതിന് വിശദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ യോഗം തീരുമാനിച്ചു. ഓസാനം ഭവൻ വൈസ് ചെയർമാൻ ബ്രദർ ജോണി പാറ്റാനി നന്ദി അർപ്പിച്ചു

**പയ്യമ്പള്ളി കോൺഫ്രൻസ് ജൂബിലി ആഘോഷം**

പയ്യമ്പള്ളി സെന്റ് കാതറൈൻസ് കോൺഫ്രൻസിന്റെ ജൂബിലി ആഘോഷം നടന്നു. കോൺഫ്രൻസ് ഓഫീസ് ഹാളിൽ നടന്ന യോഗത്തിൽ കോൺഫ്രൻസ് പ്രസിഡന്റ് ബ്രദർ പൗലോസ് പൂവൻ അധ്യക്ഷത വഹിച്ചു. ബ്രദർ ജോൺ വടക്കുമ്പാടം സ്വാഗതം ആശംസിച്ചു. ഇടവക വികാരി റവ. ഫാദർ സുനിൽ വട്ടുകുന്നേൽ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. സി. സി.ആത്മീയ ഉപദേഷ്ടാവ്

റവ. ഫാദർ ജോജോ കുടക്കച്ചിറ മുഖ്യസന്ദേശം നൽകി. സി.സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം സന്ദേശം നൽകി. ബ്രദർ തോമസ് ഉള്ളോപള്ളിയിൽ, ബ്രദർ വർഗീസ് പുത്തൻപുരയിൽ തുടങ്ങിയവർ നേതൃത്വം നൽകി. കഴിഞ്ഞ 50 – വർഷങ്ങളായി കോൺഫ്രൻസിൽ പ്രവർത്തിക്കുന്ന ബ്രദർ ജോസ് കൂത്താമ്പുറത്തിനെ യോഗത്തിൽ അനുമോദിച്ചു. ബ്രദർ ജോൺ ഇളയിടത്ത് യോഗത്തിന് നന്ദി അർപ്പിച്ചു. സ്നേഹവിരുന്നോടെ ജൂബിലി ആഘോഷ പരിപാടികൾ സമാപിച്ചു.

**ഫാദർ ജോജോ കുടക്കച്ചിറ**
(സി.സി. ആധ്യാത്മിക ഉപദേഷ്ടാവ്)
**ബ്രദർ ബാബു നമ്പൂടാകം**
(സി.സി. പ്രസിഡന്റ്)

### യു. എൻ. വുമൺ പ്രതിനിധി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സന്ദർശിച്ചു

യു. എൻ വിമൻ, സ്പൈസസ് ബോർഡ് ഓഫ് ഇന്ത്യ, ദി ജെൻഡർ പാർക്ക് സംസ്ഥാന വനിതാ ശിശു ക്ഷേമ വകുപ്പ് എന്നിവരുടെ പിന്തുണയോടെയാണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കി വരുന്ന സുഗന്ധ വ്യഞ്ജനതോട്ടങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം, എന്നിവ മെച്ചപ്പെട്ട രീതിയിൽ തിരികെ കൊണ്ടു വരിക എന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് യു.എൻ വുമൺ സ്റ്റേറ്റ് ടെക്നിക്കൽ കൺസൾട്ടന്റ് ഡോക്ടർ പീജ രാജൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സന്ദർശിച്ചു. ഫെബ്രുവരി ആദ്യവാരം യു.എൻ വുമൺ അന്തർദ്ദേശീയ ടീം വയനാട് സന്ദർശിക്കുന്നതിന് മുന്നോടിയായിട്ടാണ് യു.എൻ വുമൺ പ്രതിനിധി സന്ദർശനം നടത്തിയത്. ജെൻഡർ പാർക്ക് റിസോഴ്സ് പേഴ്സൺ ദിവ്യ കെ യും സന്ദർശനത്തിന് ഒപ്പമുണ്ടായിരുന്നു. എടത്തന ട്രൈബൽ ഹയർ സെക്കണ്ടറി സ്കുളിൽ നടന്ന ഗ്രാമതല ശില്പ്പശാലയിലും റേഡിയോ മാറ്റൊലിയിലും ടീം സന്ദർശനം നടത്തി. കൂടാതെ ചേരിയംകൊല്ലിയിൽ ഉള്ള ഷാജി തോപ്പിലിന്റെ കൃഷിയിടവും ടീം സന്ദർശിച്ചു. സന്ദർശനത്തിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, ടീം ലീഡർ റോബിൻ ജോസഫ്, കമ്മ്യൂണിറ്റി ചാമ്പ്യന്മാരായ ഷീന ആന്റണി, റ്റുബിൻ ജിപ്സൺ, ബിൻസി വർഗ്ഗീസ്, ജിനി ഷിനു എന്നിവർ നേതൃത്വം നൽകി.

### വിദഗ്ധ സംഘം വയനാട്ടിൽ പഠനത്തിനെത്തി

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി യു.എൻ വുമന്റെ സാമ്പത്തിക സഹായത്തോടെ വയനാട്, ഇടുക്കി ജില്ലകളിൽ നടപ്പാക്കി വരുന്ന സ്ത്രീകളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നീ ലക്ഷ്യങ്ങളെ മുൻനിർത്തി പദ്ധതിയുടെ ഭാഗമായി അടുത്ത അഞ്ചു വർഷക്കാലത്തെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് സാങ്കേതിക വിദഗ്ധ സംഘം വയനാട്ടിൽ സന്ദർശനം നടത്തി.

ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന തിങ്ക് ത്രൂ കൺസൾട്ടൻസി യുടെ പ്രവർത്തകരായ സംഘമിത്ര താക്കൂർ, ഗൗരാവ് ബർഗവ് എന്നിവരാണ് പഠനത്തിനായി എത്തിയത്. കുടുംബശ്രീ പ്രവർത്തകർ, കൗമാരക്കാരായ വിദ്യാർത്ഥികൾ, സ്ത്രീ തൊഴിലാളികൾ, സന്നദ്ധ സംഘടന പ്രവർത്തകർ, ആശാവർക്കർമാർ, അംഗൻവാടി പ്രവർത്തകർ, ചെറുകിട സംരംഭകർ, വ്യവസായ യൂണിറ്റുകൾ, എന്നിവരുമായി പഠന സംഘം ചർച്ച നടത്തുകയും വരുന്ന അഞ്ചു വർഷക്കാലം നടപ്പിലാക്കേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. പഠന പ്രക്രിയയ്ക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ റോബിൻ ജോസഫ്, കമ്മ്യൂണിറ്റി ചാമ്പ്യന്മാരായ റ്റുബിൻ ജിപ്സൺ, ഷീന ആന്റണി എന്നിവർ നേതൃത്വം നൽകി.

**പൊർലോം നീർത്തട പദ്ധതി മാതൃകാപരം - പദ്ധതി വിലയിരുത്തൽ സംഘം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ പൊർലോം നീർത്തട പ്രദേശത്ത് കഴിഞ്ഞ 04 വർഷമായി നടപ്പിലാക്കി വന്നിരുന്ന കെ.എഫ്.ഡബ്ല്യു സോയിൽ പദ്ധതി നീർത്തട വികസന പദ്ധതികൾക്ക് മാതൃകയാണെന്ന് പദ്ധതി വിലയിരുത്തൽ സംഘം അഭിപ്രായപ്പെട്ടു. കെ.എഫ്.ഡബ്ല്യു റൂറൽ ഡവലപ്പമെന്റ് കൺസൾട്ടന്റായ അബ്രഹാം സാമുവൽ, സാമ്പത്തിക വിദഗ്ദനായ രാജീവ് സക്സേന, നബാർഡ് അസിസ്റ്റന്റ് ജനറൽ മാനേജർ ജിഷ വി, നബാർഡ് റീജിയണൽ ഓഫീസിലെ കൺസൾട്ടന്റ് ഷൈനി ആർ എന്നിവർ ആയിരുന്നു പദ്ധതി വിലയിരുത്തൽ സംഘത്തിൽ ഉണ്ടായിരുന്നത്. നീർത്തട പ്രദേശത്തെ വിവിധ പദ്ധതി പ്രവർത്തനങ്ങൾ സംഘം നേരിട്ട് കണ്ട് മനസ്സിലാക്കി. കൂടാതെ നീർത്തട കമ്മിറ്റി അംഗങ്ങളുമായി സംവദിക്കുകയും പദ്ധതികളുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധിക്കുകയും ചെയ്തു. ജനകീയ പങ്കാളിത്തം കൊണ്ടും ഉയർന്ന ഗുണമേന്മയുള്ള പദ്ധതി ഘടകങ്ങൾ കൊണ്ടും കാര്യക്ഷമമായ രീതിയിൽ ഫണ്ട് വിനിയോഗിച്ചതു കൊണ്ടും പദ്ധതി നടത്തിപ്പിലെ സുതാര്യത കൊണ്ടും വിവിധ ഏജൻസികളുടെ സഹകരണം കൊണ്ടും പൊർലോം നീർത്തടപദ്ധതി മാതൃകാപരമാണെന്ന് വിലയിരുത്തൽ സംഘം അഭിപ്രായപ്പെട്ടു. വിലയിരുത്തൽ പ്രക്രിയയ്ക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ

റവ. ഫാ. ജിനോജ് പാലത്തടത്തിൽ , പ്രോഗ്രാം ഓഫീസർ ജോസ് പി.എ, അഗ്രോണമിസ്റ്റ് ബിജുകെ.ജെ, കോ-ഓർഡിനേറ്റർ ദീപു ജോസഫ് എന്നിവർ നേതൃത്വം നൽകി.

**ഭവന നിർമ്മാണ പദ്ധതി സമ്മതപത്രം കൈമാറി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയുടെ സമ്മത പത്രം കൈമാറി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ചടങ്ങിൽ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ ഭവന നിർമ്മാണ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ ഉൾച്ചേർത്തു കൊണ്ടുള്ള സമ്മതപത്രം കൈമാറി. സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്നവരും സ്വന്തമായി ഭവനം ഇല്ലാത്ത വരുമായ 40 കുടുംബങ്ങൾക്ക് ഭവനം നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ വീതം ആണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നൽകുന്നത്. കഴിഞ്ഞ 4 പതിറ്റാണ്ടോളമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കുടുംബ നവീകരണ പ്രവർത്തനങ്ങൾക്ക് സാങ്കേതിക-സാമ്പത്തിക സഹായം നൽകി വരുന്ന സേവ് എ ഫാമിലി പ്ലാൻ ഇന്ത്യ എന്ന ഏജൻസിയുടെ സഹകരണത്തോടെയാണ് ഭവനങ്ങൾ നിർമ്മിക്കുന്നത്. വിധവകൾ, മാരകമായരോഗം ബാധിച്ചവർ, അംഗ പരിമിതി ഉള്ളവർ തുടങ്ങിയവർക്ക് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള ഈ പദ്ധതി അടുത്ത 06 മാസം കൊണ്ട് പൂർത്തിയാക്കുവാനാണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ലക്ഷ്യമിടുന്നത്. ചടങ്ങിൽ പ്രോഗ്രാം ഓഫീസർ ജോസ് പി.എ, പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ ദീപു ജോസഫ് എന്നിവർ സംസാരിച്ചു.

**ലോക ക്യാൻസർ ദിനത്തിൽ ബോധവത്ക്കരണ സെമിനാർ നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ നടപ്പിലാക്കി വരുന്ന ആശാകിരണം പദ്ധതിയുടെ ഭാഗമായി ലോക ക്യാൻസർ ദിനത്തിൽ തവിഞ്ഞാൽ സോഷ്യൽ വെൽഫയർ സൊസൈറ്റിയിലെ സ്വാശ്രയ സംഘാംഗങ്ങൾക്കായി ക്യാൻസർ ബോധവത്ക്കരണ സെമിനാർ നടത്തി. സെമിനാറിന് റിട്ടയേഡ് ഹെഡ്മിസ്ട്രസ് മോളി കപ്പലുമാക്കൽ നേതൃത്വം നൽകി. എന്താണ് ക്യാൻസർ എന്നും ലക്ഷണങ്ങൾ

കണ്ടാൽ വിദഗ്ദ ചികിത്സ നേടേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും നമ്മുടെ ശരീരത്തിലെ വിവിധ അവയവങ്ങളെ ബാധിക്കുന്ന ക്യാൻസറുകളെ കുറിച്ചും ടീച്ചർ ക്ലാസ്സിൽ വിശദീകരിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി റീജിയണൽ കോഡിനേറ്റർ ഷീന ആന്റണി, ഷേർലി മത്തായി, മേരി വടയാപറമ്പിൽ എന്നിവർ നേതൃത്വം നൽകി. കാരക്കാമല സോഷ്യൽ വെൽഫയർ സൊസൈറ്റിയിലെ സ്വാശ്രയ സംഘാംഗങ്ങൾക്കായി നടത്തിയ ക്യാൻസർ ബോധവത്ക്കരണ സെമിനാറിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി റീജിയണൽ കോ-ഓർഡിനേറ്റർ ജിനി ഷിനു ക്ലാസ് എടുത്തു. സ്വാശ്രയ സംഘം പ്രസിഡന്റ് സുനി സജി, സെക്രട്ടറി അൽഫോൻസ തോമസ് എന്നിവർ നേതൃത്വം നൽകി.

**നീരുറവകൾ പുനരുജ്ജീവിപ്പിച്ച് നബാർഡ് നീരുറവ സംരക്ഷണ പദ്ധതി**

ദശാബ്ദങ്ങൾക്ക് മുമ്പ് കുടിവെള്ളം രൂക്ഷമായിരുന്ന കാലത്ത് അനേകം കുടുംബങ്ങൾക്ക് കുടിവെള്ള സ്രോതസ്സായിരുന്ന തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ മുള്ളൻകൊല്ലി നീർത്തട പ്രദേശത്ത് 04 നീരുറവകൾ പുനരുജീവിപ്പിച്ചു. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മുള്ളൻകൊല്ലി നീർത്തട വികസന സമിതിയും സംയുക്തമായി നടപ്പിലാക്കി വരുന്ന നീരുറവ അടിസ്ഥാനമാക്കിയുള്ള നീർത്തട വികസന പദ്ധതിയുടെ ഭാഗമായിട്ടാണ് ഈ നീരുറവകൾ പൂർവ്വ സ്ഥിതിയിലേക്ക് മാറ്റിയത്. പതിനഞ്ച് വർഷം മുമ്പ് വരെ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ പതിനൊന്ന്, പതിനാല് വാർഡുകളിലെ ഭൂരിഭാഗം കുടുംബങ്ങളുടെ മുഖ്യ കുടിവെള്ള സ്രോതസ് ആയിരുന്നു ഈ പ്രദേശത്തെ നീരുറവകൾ. വർഷം മുഴുവൻ ശുദ്ധമായ കുടിവെള്ളം നൽകി വന്നിരുന്ന ഈ നീരുറവകൾ കാലക്രമത്തിൽ നാശമടഞ്ഞു. മണ്ണും മറ്റു മാലിന്യങ്ങളും അടിഞ്ഞുകൂടി പൂർണ്ണമായി നശിച്ച നീരുറവകളാണ് ജനകീയ ശ്രമദാനത്തിലൂടെയും പദ്ധതി പ്രവർത്തനങ്ങളിലൂടെയും പുനരുജ്ജീവിപ്പിക്കുന്നത്. ഇതിനോടകം മുള്ളൻകൊല്ലി കോളനി, കൂപ്പ് കോളനി, ചിറമ്മൂല എന്നിവിടങ്ങളിലെ നീരുറവകൾ പദ്ധതി സഹായത്തിലൂടെയും വിദ്യാഗോപുരം നീരുറവ ജനകീയ പങ്കാളിത്തത്തോടെയും പുനരുജ്ജീവിപ്പിച്ചു. ബാക്കിയുള്ള നീരുറവകളും പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയാണ് മുള്ളൻകൊല്ലി നീരുറവ സംരക്ഷണ സമിതി. പദ്ധതി പ്രവർത്തനങ്ങൾക്ക് നബാർഡിനൊപ്പം വയനാട്

സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മുള്ളൻകൊല്ലി വില്ലേജ് നീർത്തട കമ്മറ്റിയും നേതൃത്വം നൽകി വരുന്നു.

**നബാർഡ് ജില്ലാ മാനേജർ സന്ദർശനം നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ മുള്ളൻകൊല്ലി നീർത്തട പ്രദേശത്ത് നടപ്പിലാക്കി വരുന്ന നബാർഡ് നീരുറവ സംരക്ഷണ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും നബാർഡിന്റെ ജില്ലാ മാനേജർ ജിഷ വടക്കുംപറമ്പിൽ നീർത്തട പ്രദേശത്ത് സന്ദർശനം നടത്തി. സന്ദർശനത്തിന്റെ ഭാഗമായി നീർത്തട കമ്മറ്റി അംഗങ്ങളുമായി ചർച്ച, രേഖകളുടെ പരിശോധന, എന്നിവ നടത്തി. കൂടാതെ നീർത്തട പ്രദേശത്ത് നടപ്പിലാക്കിയ കിണർ റീചാർജ്ജിങ്, പച്ചക്കറി കൃഷി, നീരുറവ സംരക്ഷണം, കുളം പുനരുദ്ധരിക്കൽ, ചെറുകിട ജലസേചനം, മുള നട്ടുപിടിപ്പിക്കൽ, മരത്തൈകൾ നട്ടുപിടിപ്പിക്കൽ, തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കി. സന്ദർശനത്തിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ ദീപു ജോസഫ്, നീർത്തട കമ്മിറ്റി അംഗങ്ങളായ പി. സുനിൽകുമാർ, രാജേഷ് കൃഷ്ണ എന്നിവർ നേതൃത്വം നൽകി.

**കുടുംബോദ്ധാരണ പദ്ധതികൾ**

**സേവ് എ ഫാമിലി പ്ലാൻ**

രൂപതയിലെ സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി SAFP കാനഡ ടീം WSSS സന്ദർശിച്ചു. SAFP കാനഡ പ്രസിഡന്റ് Ms. LOIS COTE, SAFP CANADA EXICUTIVE DIRECTOR Ms. MARISA THORBURN, Mr. GREG CANADA, Mr. SHIBIN ANTONY (PROGRAM MANAGER SAFP INDIA) ഇവർ കുടുംബങ്ങളെ സന്ദർശിക്കുകയും 05 കുടുംബങ്ങളുടെ വിജയകഥകൾ രേഖപ്പെടുത്തുകയും ചെയ്തു. WSSS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ, കോഡിനേറ്റർമാരായ സി. അനിലിറ്റ് FCC, ദീപു ജോസഫ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. രൂപതയിലെ SAFP കുടുംബോദ്ധാരണ പദ്ധതികളുടെ ഫലദായക പ്രവർത്തനങ്ങളെ SAFP കാനഡ ടീം പ്രശംസിച്ചു.

SAFP കുടുംബോദ്ധാരണ പദ്ധതിയിലെ 2023-24 സാമ്പത്തിക വർഷത്തെ സഹായധനം 40 ലക്ഷം രൂപ പദ്ധതിയിലെ കുടുംബങ്ങൾക്ക് വിതരണം ചെയ്തു. SAFP ഇന്ത്യാ ഓഫീസിൽ വച്ച് നടന്ന വാർഷിക അവലോകന യോഗത്തിലും പരിശീലനത്തിലും രൂപതാ കോ-ഓർഡിനേറ്റർ സി.അനിലിറ്റ് FCC പങ്കെടുത്തു.

**സമൃദ്ധകുടുംബം പദ്ധതി**

ബയോവിൻ അഗ്രോ റിസേർച്ചും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ചേർന്ന് നടപ്പിലാക്കുന്ന സമൃദ്ധകുടുംബം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേയ്ക്ക് നമ്മുടെ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുമായി 105 കുടുംബങ്ങൾക്ക് അംഗത്വം നൽകി.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

**സോഷ്യൽ വെൽഫയർ സൊസൈറ്റി യോഗങ്ങൾ**

ഒഴുക്കന്മൂല, കുറുമണി, കോട്ടത്തറ, കരിമ്പിൽ, തലപ്പുഴ, തൃശ്ശിലേരി, ദ്വാരക, സീതാമൗണ്ട്, അമരക്കുനി, കമ്മന, ആറാട്ടുത്തറ, മരകാവ്, അരിഞ്ചേർമല, പട്ടാണിക്കൂപ്പ്, ചുള്ളിയാന, വലിയക്കൊല്ലി, കല്ലോടി, ഒണ്ടയങ്ങാടി, കൊട്ടിയൂർ, ചുങ്കക്കുന്ന് എന്നീ സ്ഥലങ്ങളിൽ മീറ്റിംഗുകൾ നടന്നു.

**സ്വാശ്രയ സംഘങ്ങൾ രൂപീകരണം**

കൊയിലേരി, പട്ടാണിക്കൂപ്പ്, വാരാമ്പറ്റ, പടിഞ്ഞാറത്തറ, കുപ്പാടിത്തറ, തലപ്പുഴ, കണിയാരം എന്നീ സ്ഥലങ്ങളിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു.

**സോപ്പ്, സോപ്പുല്പ്പന്നങ്ങൾ നിർമ്മാണ പരിശീലനം**

കുപ്പാടിത്തറ, പുതിയിടം, മരക്കടവ് എന്നീ സ്ഥലങ്ങളിൽ സോപ്പ്, സോപ്പുത്പ്പന്നങ്ങളുടെ നിർമ്മാണ പരിശീലനങ്ങൾ നടത്തി.

ആശാകിരണം പദ്ധതിയുടെ ഭാഗമായി പുതിയിടം SWSന് കീഴിൽ ഡ്രസ്സ് കളക്ഷൻ നടത്തി. വിജി സുരേഷ് കീച്ചങ്കേരിയിൽ നിന്ന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ വസ്ത്രങ്ങൾ ഏറ്റുവാങ്ങി.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

# ജീവസ് & കെ. എൽ. എം
(Department for Labour and Welfare - Diocese of Mananthavady)

**പാരീഷ് സെമിനാർ**

ഇടവകകളിൽ സുരക്ഷാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് മുന്നോടിയായി സാമൂഹ്യ സുരക്ഷ പദ്ധതികളെ കുറിച്ചും വിവിധ ഇൻഷൂറൻസ് പദ്ധതികളെക്കുറിച്ചുമുള്ള ഇടവകാതല സെമിനാറുകൾ നടന്നു വരുന്നു.

ദ്വാരക ഇടവകയിൽ പാരീഷ് കമ്മറ്റി അംഗങ്ങൾക്കായി സംഘടിപ്പിച്ച സെമിനാർ റവ. ഫാ. മാത്യു മൂത്തേടത്ത് ഉദ്ഘാടനം ചെയ്തു. ടീം അംഗം മാത്യു തറയിൽ ക്ലാസ് നയിച്ചു. പാരീഷ് കോ-ഓർഡിനേറ്റർ തങ്കച്ചൻ പിലാപ്പള്ളിൽ നേതൃത്വം നൽകി.

ലക്കിടി ഇടവകയിൽ നടന്ന സെമിനാറിൽ ടീം അംഗം സാലു അബ്രഹാം ക്ലാസ് നയിച്ചു. കോഡിനേറ്റർ ജറീഷ് കോട്ടേപറമ്പിൽ നേതൃത്വം നൽകി. വികാരി ഫാ. ഷിന്റോ സി. എം ഐ ഉദ്ഘാടനം ചെയ്തു. കാരക്കാമല ഇടവക സെമിനാർ ഫാ. ബെന്നി പനയ്ക്കൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ ക്ലാസ് എടുത്തു.

**ട്രേഡ് യൂണിയൻ മീറ്റിംഗ്**

തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് വിളിച്ച ട്രേഡ് യൂണിയൻ ലീഡേഴ്സ് മീറ്റിംഗിൽ രൂപതാ കോഡിനേറ്റർ മിനി ഉണ്ണികൃഷ്ണൻ പങ്കെടുത്തു.

**ലേബർ ഫെസിലിറ്റേഷൻ സെന്റർ പരിശീലനം**

രൂപതയിൽ ആരംഭിക്കുന്ന ലേബർ ഫെസിലിറ്റേഷൻ - ജനസേവന കേന്ദ്രം സംരംഭകർക്കായുള്ള പരിശീലനം മാർച്ച് 2,3 തിയ്യതികളിൽ മാനന്തവാടി WSSS ൽ നടക്കും

**വാർഷിക ജനറൽ ബോഡി മീറ്റിംഗ് (AGM)**

2024 ജനുവരി 25, 26 തിയ്യതികളിൽ എറണാകുളം POC യിൽ വെച്ച് വാർഷിക പൊതുയോഗം നടന്നു. KLM സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. തോമസ് മാത്യു അദ്ധ്യക്ഷത വഹിച്ചു. ലേബർ കമ്മീഷൻ ചെയർമാൻ റൈറ്റ്. റവ.ഡോ. സെൽവിസ്റ്റർ പൊന്നുമുത്തേൻ (പുനലൂർ രൂപതാ മെത്രാൻ) അനുഗ്രഹ പ്രഭാഷണം

നടത്തി. KLM രൂപതാ റിപ്പോർട്ടുകളുടെ അവതരണത്തിൽ മാനന്ത വാടി രൂപതയുടെ റിപ്പോർട്ട് അവതരിപ്പിച്ചു.

KLM മാനന്തവാടി രൂപതാ ഡയറക്ടർ KLM ന്റെ പ്രവർത്തന സാധ്യത മേഖലകൾ എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസെ ടുത്തു. മാനന്തവാടി രൂപതയിൽ നിന്നും ഡയറക്ടർക്ക് പുറമെ കോഡി നേറ്റർ മിനി ഉണ്ണികൃഷ്ണനും പങ്കെടുത്തു. പ്രസ്തുത മീറ്റിംഗിൽ KLM സംസ്ഥാന ട്രഷറർ ശ്രീ. ഡിക്സൻ മിനിക്ക് നന്ദി അർപ്പിച്ചു.

**അംഗത്വം പുതുക്കൽ**

2023 വർഷത്തെ നിർമ്മാണ തൊഴിലാളികളുടെ അംഗത്വം പുതുക്കൽ 2024 ജനുവരി 01 മുതൽ മാർച്ച് 31 വരെ നടത്തുന്ന താണ്. തൊഴിൽ പരിചയ സാക്ഷ്യപത്രം, ആധാർകാർഡിന്റെ പകർപ്പ്, അവസാനം ഒടുക്കിയ അംശാദായത്തിന്റെ വിവരങ്ങൾ എന്നിവ സഹിതം ഓഫീസിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**1. NABARD JOINT LIABILITY GROUP FORMATION (JLG)**

**JLG ഗ്രൂപ്പുകളുടെ രൂപീകരണം:** നീലഗിരി ഡെവലപ്മെന്റ് സെസൈറ്റിയുടെ ആഭിമുഖ്യത്തിൽ നബാർഡിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകളുടെ (JLG) രൂപീകരണവുമായി ബന്ധപ്പെട്ട് എരുമാട് പ്രദേശത്ത് 11 പുതിയ JLG ഗ്രൂപ്പുകൾ രൂപീകരിക്കുകയും അവയ്ക്ക് എരുമാട് കാനറാ ബാങ്കിൽ അക്കൗണ്ടുകൾ തുടങ്ങുകയും ചെയ്തു. നാളിതുവരെ NDS ന്റെ നേതൃത്വത്തിൽ 14 JLG ഗ്രൂപ്പുകളുടെ രൂപീകരണം പൂർത്തിയായി.

**2. NABARD - OFFD "Home Health Aide" ട്രെയിനിംഗ് പ്രോഗ്രാം**

**“Home Health Aide" ഇന്റർവ്യൂ:** നബാർഡിന്റെ സഹായത്തോടുകൂടി NDS നടപ്പിലാക്കുവാൻ പോകുന്ന 2 മാസത്തെ പരിശീലന പരിപാടിയായ "Home Health Aide" എന്ന കോഴ്സിന്റെ അപേക്ഷകർക്കുള്ള രണ്ടാംഘട്ട ഇന്റർവ്യൂ NDS ഡയറക്ടർ ബിനോയി കാശാംകുറ്റിയിൽ അച്ചന്റെ നേതൃത്വത്തിൽ 31.01.2024 ന് NDS ഓഫീസിൽ വെച്ച് നടത്തപ്പെട്ടു. 14 പേർ ഇന്റർവ്യൂവിൽ പങ്കെടുക്കുകയും അവരെ കോഴ്സിലേക്ക് തിരഞ്ഞെടുക്കുകയും ചെയ്തു.

**“Home Health Aide” ട്രെയിനിംഗ് പ്രോഗ്രാം ഉദ്ഘാടനം :** നബാർഡിന്റെ സഹായത്തോടുകൂടി NDS നടപ്പിലാക്കുന്ന പരിശീലന പരിപാടിയായ "Home Health Aide" എന്ന കോഴ്സിന്റെ ഉദ്ഘാടനം 2024 ഫെബ്രുവരി മാസം 07-ാം തീയതി ബുധനാഴ്ച്ച രാവിലെ 10.30 മണിക്ക് NDS ട്രെയിനിംഗ് ഹാളിൽവെച്ച് നടത്തപ്പെട്ടു. NDS പ്രോജക്ട് കോഡിനേറ്റർ ജൂഡ് മാർട്ടിൻ മീറ്റിംഗിന് സ്വാഗതം ആശംസിച്ചു. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ അദ്ധ്യക്ഷപ്രസംഗം നടത്തി. ഇന്നത്തെ കാലഘട്ടത്തിൽ ഇത്തരമൊരു പരിശീലന പരിപാടിയുടെ പ്രാധാന്യത്തെക്കുറിച്ച് അച്ചൻ വിശദമായി സംസാരിച്ചു. ഗൂഡല്ലൂരിലുള്ള റോയൽ വൺ ആശുപത്രിയിലെ പീഡിയാട്രിഷ്യൻ ഡോ. തെരേസ ഈ പരിശീലന പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ഇന്ന് സമൂഹത്തിൽ സ്ത്രീകൾ

അനുഭവിക്കുന്ന പലവിധത്തിലുള്ള പ്രശ്നങ്ങളെക്കുറിച്ചും, അവയെല്ലാം എപ്രകാരം നമുക്ക് തരണം ചെയ്യാനാവുമെന്നും, ഈ പരിശീലന പരിപാടി എപ്രകാരമെല്ലാം അതിനു നമ്മെ സഹായിക്കുമെന്നും ഡോക്ടർ വിശദീകരിച്ചു. അതേ തുടർന്ന് വില്ലേജ് ഹെൽത്ത് നേഴ്സ് സിസ്റ്റർ വെണ്ണില സ്ത്രീ ശാക്തീകരണത്തെക്കുറിച്ചും സ്ത്രീകൾ സ്വയം പര്യാപ്തരാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സംസാരിച്ചു. HHA പരിശീലക ജിൻസി ജോയി ഈ പരിശീലന പരിപാടിയെകുറിച്ച് വിശദമായി സംസാരിച്ചു. ആശാവർക്കർമാരായ സി. ഫാത്തിമാ സുഹറ, കലാമണി എന്നിവരും മീറ്റിംഗിൽ സന്നിഹിതരായിരുന്നു. NDS പ്രോജക്ട് കോഡിനേറ്റർ ജോഷി ഏവർക്കും നന്ദി പറഞ്ഞു.

**Home Health Aide ട്രെയിനിംഗ് പ്രോഗ്രാം:** നബാർഡിന്റെ സഹായത്തോടുകൂടി NDS നടപ്പിലാക്കുന്ന 67 ദിവസത്തെ പരിശീലന പരിപാടിയായ "Home Health Aide" എന്ന കോഴ്സിന്റെ പരിശീലന ക്ലാസ്സുകൾ NDS ന്റെ ട്രെയിനിംഗ് ഹാളിൽവെച്ച് വളരെ വിജയകരമായി പുരോഗമിക്കുന്നു. NDS ഡയറക്ടർ ബിനോയി കാശാംകുറ്റിയിൽ അച്ചന്റെ മേൽനോട്ടത്തിൽ, HHA കോഴ്സിന്റെ മുഖ്യ പരിശീലക ജിൻസി ജോയിയുടെ നേതൃത്വത്തിലാണ് പരിശീലന ക്ലാസ്സുകൾ നടന്നുവരുന്നത്. കൂടാതെ NDS അസി.ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, വില്ലേജ് ഹെൽത്ത് നേഴ്സ് സിസ്റ്റർ വെണ്ണില, ജിതിൻ, ശ്രുതി മാർട്ടിൻ, ജൂഡ് മാർട്ടിൻ, ജോഷി എന്നിവരും വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകൾ നയിച്ചു.

**3. സമൃദ്ധ കുടുംബം പദ്ധതി –Phase II:** സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളെയും, വിധവകളായവരുടെ കുടുംബങ്ങളെയും സാമ്പത്തികമായി ഉയർത്തുന്നതിന്റെ ഭാഗമായി മാനന്തവാടി രൂപതയുടെയും, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന സമൃദ്ധകുടുംബം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 25 അപേക്ഷകരിൽ 9 അംഗങ്ങളുടെ ഭവനങ്ങളിൽ 29.01.2024, 02.02.2024 തീയതികളിൽ നേരിട്ട് സന്ദർശനം നടത്തുകയും ആളുകളുമായി സംസാരിക്കുകയും പദ്ധതിയുടെ ലക്ഷ്യങ്ങളെക്കുറിച്ചും, പദ്ധതിയിലൂടെ നടപ്പിലാക്കേണ്ട വരുമാന വർദ്ധക മാർഗ്ഗങ്ങളെക്കുറിച്ചും അംഗങ്ങൾക്ക് വിശദീകരിച്ചുകൊടുത്തു. അസി. ഡയറക്ടർ ഫാ.

അനൂപ് കൊല്ലംകുന്നേൽ, പ്രോജക്ട് കോഡിനേറ്റർ ജോഷി എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി.

**4. FCRA സർട്ടിഫിക്കേഷൻ**: നാലുവർഷത്തെ പ്രവർത്തനങ്ങളുടെയും, പരിശ്രമങ്ങളുടെയും ഫലമായി 2024 ഫെബ്രുവരി മാസം 01-ാം തീയതി നീലഗിരി ഡെലപ്പ്മെന്റ് സൊസൈറ്റിക്ക് സ്വന്തമായി FCRA രജിസ്ട്രേഷൻ നമ്പറും, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, ന്യൂഡൽഹി മെയിൻ ബ്രാഞ്ചിൽ അക്കൗണ്ടും ലഭിക്കുകയുണ്ടായി. 075970143 എന്നതാണ് സൊസൈറ്റിയുടെ രെജിസ്ട്രേഷൻ നമ്പർ.

**5. മേഖലാ ഇവാലുവേഷൻ മീറ്റിംഗ്:** 2024 ഫെബ്രുവരി മാസം 17-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ഈ മാസത്തെ ഇവാലുവേഷൻ മീറ്റിംഗ് മേഖല ഓഫീസിൽ വച്ച് നടത്തപ്പെടുകയുണ്ടായി. മീറ്റിങ്ങിന് NDS ഡയറക്ടർ ഫാദർ ബിനോയി കാശാംകുറ്റിയിൽ നേതൃത്വം കൊടുത്തു. അസിസ്റ്റൻറ് ഡയറക്ടർ ഫാദർ അനൂപ് കൊല്ലം കുന്നേൽ, NDS ചീഫ് ട്രെയിനർ ജൂഡ് മാർട്ടിൻ എന്നിവർ സംസാരിച്ചു. പെരിയശോല, വിമലഗിരി, കൽപ്ര, ധർമ്മഗിരി, ബോസ്പാറ യൂണിറ്റുകളിൽ നിന്നും കടന്നുവന്ന യൂണിറ്റ് പ്രതിനിധികൾ കഴിഞ്ഞ രണ്ടുമാസത്തെ യൂണിറ്റിന്റെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. NDS ന്റെ നേതൃത്വത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന NABARD JLG, Home Health Aide Skill Training Programme കളുടെ പുരോഗതിയെകുറിച്ച് അച്ചൻ സംസാരിച്ചു. മാർച്ച് മാസം 8 -ാം തീയതി വനിതാ ദിനത്തോടനുബന്ധിച്ച് വനിതാ ദിനാഘോഷം എല്ലാ യൂണിറ്റുകളിലും നടത്തണമെന്ന് മീറ്റിംഗിൽ നിർദ്ദേശിക്കുകയും ചെയ്തു.

**6. STAFF MEETING:** ജനുവരി മാസം 22, ഫെബ്രുവരി 05, 19 തീയതികളിൽ രാവിലെ 9:30ന് NDS അസിസ്റ്റൻറ് ഡയറക്ടർ അനൂപ് കൊല്ലംകുന്നേലച്ചന്റെ നേതൃത്വത്തിൽ സ്റ്റാഫ് മീറ്റിംഗ് നടത്തി. NDS സ്റ്റാഫംഗങ്ങളായ ജൂഡ് മാർട്ടിൻ, ജോഷി, സി. സിജി CMC, ജിൻസി ജോയി എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു. ഓരോ ആഴ്ചയിലെയും പ്രവർത്തനങ്ങളെ വിലയിരുത്തുകയും അവയുടെ വിശദാംശങ്ങൾ ചർച്ചചെയ്യുകയും ചെയ്തു. തുടർന്ന് അതാത് ആഴ്ച്ചകളിൽ നടപ്പിലാക്കേണ്ട വിവിധ കർമ്മപദ്ധതികൾ തയ്യാറാക്കുകയും ചെയ്തു.

**7. MSW വിദ്യാർത്ഥികൾക്കുള്ള പരിശീലനം:** ഗൂഡല്ലൂർ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ ഒന്നാംവർഷം MSW കോഴ്സിന് പഠിക്കുന്ന 4 വിദ്യാർത്ഥിനികൾക്കുവേണ്ടി, അവരുടെ കോഴ്സിന്റെ ഭാഗമായുള്ള ഒരുമാസത്തെ പരിശീലന പരിപാടികൾക്ക് 30.01.2024 ന് NDS ട്രെയിനിംഗ് ഹാളിൽവെച്ച് തുടക്കം കുറിച്ചു. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, മുഖ്യ പരിശീലകൻ ജൂഡ് മാർട്ടിൻ, സിസ്റ്റർ സിജി CMC എന്നിവർ ഈ പരിശീലന പരിപാടികൾക്ക് നേതൃത്വം നല്കി. പരിശീലനത്തിന്റെ ഭാഗമായി നേതാജി നഗർ, പുരമനവയൽ കോളനി, ചെമ്പംകൊല്ലി, ബീച്ചിനക്കൊല്ലി, വട്ടിക്കൊല്ലി കോളനികൾ സന്ദർശിക്കുകയും അവിടുത്തെ ആദിവാസി വിഭാഗത്തിൽപ്പെട്ട ആളുകളുടെ ജീവിതാവസ്ഥ നേരിട്ട് കണ്ട് റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തു. കൂടാതെ വിമലഗിരിയിലുള്ള ഗ്രിട്ടൺ ഓർഗാനിക് എന്ന സ്ഥാപനം സന്ദർശിക്കുകയും ഓർഗാനിക് ചായയുടെ വ്യത്യസ്തമായ നിർമ്മാണ രീതികളെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്തു.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവ-സുസ്ഥിര മാനദണ്ഡപ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിന്നിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (FCH) ബന്ധപ്പെടാവുന്നതാണ്.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം, റയിൻഫോറെസ്റ് അലയൻസ് സർട്ടിഫിക്കേഷൻ എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**ഇന്റേർണൽ ഇൻസ്പെക്ഷൻ നടന്നു വരുന്നു**

കൃഷിയിടങ്ങൾ സന്ദർശിക്കുകയും ബയോവിൻ നടപ്പിലാക്കുന്ന സുസ്ഥിര – ജൈവ മാനദണ്ഡ പ്രകാരമാണോ കൃഷിയിടങ്ങളിൽ കർഷകർ കൃഷിരീതി അനുവർത്തിക്കുന്നത് എന്നറിയുന്നതിനുമായി നടത്തുന്ന ഇന്റേർണൽ ഇൻസ്പെക്ഷൻ മുഴുവൻ പഞ്ചായത്തുകളിലും നടന്നുവരുന്നു. ഫീൽഡ് കോർഡിനേറ്റർമാരുടെ നിയന്ത്രണത്തിൽ, തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇന്റേർണൽ ഇൻസ്പെക്ടർമാരാണ് പരിശോധന നടത്തിവരുന്നത്.

**കഫെ ഫെയർട്രേഡ് ഓഡിറ്റ് പൂർത്തീകരിച്ചു**

കേരള അഗ്രോ ഫൗണ്ടേഷൻ ഫോർ ഫെയർട്രേഡ് എൻഹാൻസ്മെന്റ്(കഫെ) യുടെ ഫെയർട്രേഡ് ഓഡിറ്റ് ജനുവരി 30 മുതൽ ഫെബ്രുവരി 02 വരെയുള്ള തീയതികളിൽ ഫ്ളോസെർട്ടിൽ നിന്നുള്ള ഓഡിറ്റർ ശ്രീ. സൂരജ് പത്മനാഭൻ പൂർത്തീകരിച്ചു. ശ്രീ. ബിബിൻ മാത്യു, ശ്രീ. ഷാജി ജോസ്, ശ്രീ. ക്രിസ്റ്റി ബെന്നി, ശ്രീ. ജോജോ ജോസഫ്, ഫീൽഡ് കോർഡിനേറ്റർമാർ എന്നിവർ ഓഡിറ്റിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തി.

**സംഭരണം**

ജനുവരി മാസം കർഷകരിൽ നിന്നും കാപ്പി കിലോയ്ക്ക് 150 രൂപ നിരക്കിൽ 15200 കിലോ സംഭരിച്ചു

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, മഞ്ഞൾ, കുരുമുളക്, മാങ്ങ തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**ക്ഷീരവികസന വകുപ്പിന്റെ മാധ്യമ പുരസ്കാരം തുടർച്ചയായ നാലാം തവണയും റേഡിയോ മാറ്റൊലിക്ക്**

കേരള സംസ്ഥാന ക്ഷീര വികസന വകുപ്പ് നൽകുന്ന 2023-24 ലെ മാധ്യമ അവാർഡിന് ശ്രവ്യ മാധ്യമ വിഭാഗത്തിൽ റേഡിയോ മാറ്റൊലി ടെക്നീഷ്യനും  പ്രോഗ്രാം പ്രൊഡ്യൂസറുമായ ശ്രീകാന്ത് കെ അർഹനായി. 25,000 രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്ന താണ് അവാർഡ്. ക്ഷീരമേഖലയിലൂടെ അതിജീവനം സാധ്യമാക്കിയ പനമരം സ്വദേശികളായ കാഴ്ച പരിമിതരായ ചാത്തുവിന്റെയും ശാന്ത യുടേയും  വിജയഗാഥ പരിചയപ്പെടുത്തിയ റേഡിയോ മാറ്റൊലി യുടെ ക്ഷീരഗ്രാമം പരിപാടിയാണ് പുരസ്കാരത്തിന് അർഹമായത്. വയനാട് ജില്ലയിലെ പാർശ്വവത്കരിക്കപ്പെട്ടവരുടേയും സാധാരണ ക്കാരായ കർഷകരുടേയും ഉന്നമനത്തിനായി പ്രവർത്തിക്കുന്ന റേഡിയോ മാറ്റൊലിക്ക് തുടർച്ചയായി നാലാം തവണയാണ് ക്ഷീര വികസന വകുപ്പിന്റെ മാധ്യമ പുരസ്കാരം ലഭിക്കുന്നത്.

**റേഡിയോ ദിനാചരണവും മാനേജ്മെന്റ് കമ്മിറ്റി മീറ്റിംഗും**

ഫെബ്രുവരി 13 അന്താരാഷ്ട്ര റേഡിയോ ദിനമായി ആചരി ക്കുന്നതിന്റെ ഭാഗമായി ഫെബ്രുവരി 10 ന് റേഡിയോ മാറ്റൊലിയിൽ റേഡിയോ ദിനാചരണവും മാനേജ്മെന്റ് കമ്മിറ്റി മീറ്റിംഗും സംഘടിപ്പിച്ചു. സംസ്ഥാന സർക്കാരിന്റെ  അംബേദ്കർ മാധ്യമപുരസ്കാരം നേടിയ റേഡിയോ മാറ്റൊലി ട്രൈബൽ പ്രൊഡ്യൂസർ പൂർണിമ കെ. യെ റേഡിയോ മാറ്റൊലി ചെയർമാൻ മോൺ. പോൾ മുണ്ടോളിക്കൽ ചടങ്ങിൽ  ആദരിച്ചു. സ്റ്റേഷൻ ഡയറക്ടർ ഫാ.ബിജോ കറുകപ്പള്ളി സ്വാഗതവും മാനേജ്മന്റ് കമ്മിറ്റി അംഗം ജോസ് കുരിശിങ്കൽ നന്ദിയും പറഞ്ഞു. ശ്രീ ഷാജൻ സെബാസ്റ്റ്യൻ, ശ്രീ മംഗലശ്ശേരി മാധവൻ, ശ്രീ ഗോവിന്ദൻ പാലയാണ, ശ്രീമതി ലിസ്സി തെൻമല എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

**ലീഡ് റേഡിയോസ് വർക്  ഷോപ്പ് & റേഡിയോ ഫെസ്റ്റിവൽ**

ഫെബ്രുവരി 12,13 തിയ്യതികളിൽ ഡൽഹിയിൽ വെച്ച് നടന്ന ലീഡ് റേഡിയോസ് വർക്  ഷോപ്പിലും റേഡിയോ ഫെസ്റ്റിവലിലും സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു. കമ്മ്യൂണിറ്റി റേഡിയോയുടെ 20-ാമത് വാർഷികാഘോഷവും ഇതോടനുബന്ധിച്ചുണ്ടായിരുന്നു.

ചെന്നൈ അണ്ണാമലൈ യൂണിവേഴ്സ്റ്റിയിൽ വെച്ച്  ഫെബ്രുവരി 13 ന് സംഘടിപ്പിച്ച പ്രാദേശിക കമ്മ്യൂണിറ്റി റേഡിയോ സൗത്ത് സോൺ സമ്മേളനത്തിൽ അസി. ഡയറക്ടർ ഫാ. ബിവാൾഡിൻ തേവർക്കുന്നേൽ പങ്കെടുത്തു.

**കാതോരം**

ഫെബ്രുവരി 13 ലോക റേഡിയോദിനത്തോടനുബന്ധിച്ച് കാതോരം എന്നപേരിൽ, നൂറു വർഷങ്ങൾ പിന്നിട്ട ഇന്ത്യൻ റേഡിയോ പ്രക്ഷേപണത്തിന്റെ നാൾവഴികളും നാഴിക കല്ലുകളും കോർത്തിണക്കിക്കൊണ്ട് 13 ദിവസം പ്രത്യേക പ്രോഗ്രാം പ്രക്ഷേപണം ചെയ്തു.

**സുരക്ഷ 2023**

ലീഡ് ബാങ്കിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന കേന്ദ്ര സർക്കാർ പദ്ധതിയായ സുരക്ഷ 2023 പൂർത്തിയാക്കിയ രാജ്യത്തെ ആദ്യ ജില്ലയായി വയനാടിനെ പ്രഖ്യാപിച്ച ചടങ്ങിൽ റേഡിയോ മാറ്റൊലിയെ ആദരിച്ചു. പ്രോഗ്രാം പ്രൊഡ്യൂസർ ജോസഫ് പള്ളത്ത് ചടങ്ങിൽ പങ്കെടുത്തു. അർഹരായ എല്ലാവർക്കും ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിനായി നടപ്പിലാക്കിയ പദ്ധതിയെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിനായി  സുരക്ഷ എന്ന പേരിൽ റേഡിയോ മാറ്റൊലി പ്രോഗ്രാം ചെയ്തിരുന്നു.

**സമൃദ്ധി റിവ്യൂ മീറ്റിംഗ്**

നബാർഡിന്റെയും ലീഡ് ബാങ്കിന്റേയും സഹായത്തോടെ നടപ്പാക്കിയ സമൃദ്ധി പ്രൊജക്ടിന്റെ റിവ്യൂ മീറ്റിംഗിൽ ഫെബ്രുവരി 9 ന് കൽപറ്റയിൽ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു.

**കാനറാ ബാങ്ക്  മെഗാ കസ്റ്റമർ മീറ്റ്**

കാനറാ ബാങ്ക്  ജനുവരി 19 ന് സംഘടിപ്പിച്ച മെഗാ കസ്റ്റമർ മീറ്റിൽ റേഡിയോ മാറ്റൊലി സ്റ്റാഫംഗങ്ങൾ പങ്കെടുത്തു. ജൂനിയർ സൂപ്രണ്ട് സിന്ധു ജസ്റ്റിൻ ഉദ്ഘാടന വേളയിൽ തിരി തെളിയിച്ചു.

**ഗ്രാമമാറ്റൊലി**

കണ്ടത്തുവയൽ ജി. എൽ. പി സ്കൂളിൽ ജനുവരി 29 നു ഗ്രാമമാറ്റൊലി സംഘടിപ്പിച്ചു. കണ്ടത്തുവയൽ ജി.എൽ. പി സ്കൂളിലെ വിവിധ ആളുകളുടെ പ്രോഗ്രാമുകൾ റെക്കോർഡ് ചെയ്തു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിവാൾഡിൻ, കെ. കെ ചന്ദ്രശേഖരൻ, റെനീഷ് ജോർജ്, പ്രോഗ്രാം പ്രൊഡ്യൂസേഴ്സ്, വോളണ്ടിയേഴ്സ് എന്നിവർ നേതൃത്വം നൽകി.

**നാടിറങ്ങുന്ന കാട്ടുനീതി**

ജില്ലയിൽ രൂക്ഷമായ വന്യജീവി ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ നാടിറങ്ങുന്ന കാട്ടുനീതി എന്നപേരിൽ തുടർച്ചയായി പ്രോഗ്രാമുകൾ പ്രക്ഷേപണം ചെയ്തു. അതുപോലെ കാട്ടിൽ മതി കാട്ടുനീതി എന്ന പേരിൽ വന്യജീവി ആക്രമണത്തെകുറിച്ചും പരിഹാരമാർഗ്ഗങ്ങളേക്കുറിച്ചും ശ്രോതാക്കളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്കുവെച്ചു.

**ഇന്റേൺഷിപ്പ്**

ഇടുക്കി പീരുമേട് അയപ്പ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിലെ 6 മൾട്ടീമീഡിയ വിദ്യാർത്ഥികൾ ഫെബ്രുവരി 1 മുതൽ 15 വരെ ഇന്റേൺഷിപ്പ് ചെയ്തു.

**സന്ദർശനം**

ജില്ലാ ലെപ്രസി ഓഫീസർ ഡോ. സാവൻ സാറാ മാത്യു ഫെബ്രുവരി 1 നും , ജി. ബാലഗോപാൽ ഐ.എ.എസ്, കേരള വനിതാ വികസന കോർപ്പറേഷൻ ചെയർപേഴ്സൺ കെ.സി റോസക്കുട്ടി എന്നിവർ ഫെബ്രുവരി 2 നും, വിവിധ പ്രോഗ്രാമുകൾ ചെയ്യുന്നതിനായി മാറ്റൊലി സന്ദർശിച്ചു.

**പഠന സന്ദർശനം**

ബാലുശ്ശേരി പൂവമ്പായി എ.എം.എച്ച്.എസ്.എസ് ലെ പ്ലസ് ടൂ. ഹ്യൂമാനിറ്റീസ് വിദ്യാർത്ഥികൾ ജനുവരി 11 നും പരപ്പനങ്ങാടി എസ്.എൻ.എം സ്കൂളിലെ പ്ലസ് ടൂ ജേർണലിസം വിദ്യാർത്ഥികൾ ജനുവരി 31 നും പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു. ഫെബ്രുവരി 2 ന് കൊണ്ടോട്ടി ഇ. എം. ഇ. എ ഹയർസെക്കണ്ടറി സ്കൂളിലെ 48 വിദ്യാർത്ഥികളും, അരീക്കോട് സുല്ലമുസ്സലാം ആർട്സ് & സയൻസ് കോളേജിലെ രണ്ടാം വർഷ കമ്മ്യൂണിക്കേഷൻ

ആന്റ് മീഡിയ വിദ്യാർത്ഥികളും പന്തളം എൻ.എസ്.എസ് കോളേജ് വിദ്യാർത്ഥികളും ഫെബ്രുവരി 7 നും ചെറുപുഴ നവജ്യോതി കോളേജിലെ ബി.എ ജേർണലിസം രണ്ടാം വർഷ വിദ്യാർത്ഥികൾ ഫെബ്രുവരി 12 നും മാറ്റൊലി സന്ദർശിച്ചു.

**ഗോത്രോത്സവം**

എടവക ഗ്രാമപഞ്ചായത്ത് ദ്വാരക എ.യു.പി സ്കൂളിൽ ഒന്ജായി ബാത്തമ എന്ന പേരിൽ ഫെബ്രുവരി 6 ന് നടത്തിയ ഗോത്രോത്സവം 2023-24 പരിപാടിയിൽ അംബേദ്കർ അവാർഡ് ജേതാവും റേഡിയോ മാറ്റൊലി ട്രൈബൽ പ്രോഗ്രാം പ്രൊഡ്യൂസറുമായ പൂർണിമ കെ. യെ ആദരിച്ചു.

**ലൈറ്റ് ബോർഡ് സ്ഥാപിച്ചു**

റേഡിയോ മാറ്റൊലിയുടെ മുൻവശത്തായി പുതിയ ലൈറ്റ് ബോർഡ് ജനുവരി 18 ന് സ്ഥാപിച്ചു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

**January – February 2024**

- Celebrated Republic Day on 26th January 2024.
- College Union Arts Festival was organized on 25th and 30th January 2024.
- **NCC:** National Youth Day was observed on 12th January 2024. Organized trekking from Begur to Ayyapanpara on 26th January 2024. B Certificate examination was conducted on 10th and 11th February 2024.
- **Naval NCC:** Organized trekking from Begur to Ayyapanpara on 26th January 2024.
- **NSS:** Completed Sneharam Project Proposed by Shuchithwa Mission, Govt. of Kerala on 3rd January 2024 at Chettappalam Bypass road, Mananthavady
- **Career Guidance Cell:** A seminar was organized on the topic 'Global Career Options for Indian Students' on 11th January 2024. Mr. Sony Akkara was the Resource Person.
- **Institution Innovation Council:** Four Members from our college attended the annual regional meet up held at CUSAT on 16th January 2024.
- **Dept. of Computer Science:** Organized Alumni Interaction Series (Finishing School Programme) on 24th January 2024. Mr Shobi P. P was the resource person. The programme was coordinated by Mr. Sabu O. J. Alumni Interaction Series was organized on the topic Orientation for UPSC Civil Service Examination (Career Orientation Programme) on 2nd February 2024. Ms Tincy Martin was the resource person and the programme was coordinated by Mr. Sabu O. J. Alumni Interaction Series on the topic Opportunities in IT industries (Career Orientation Programmewas orga nized on 2nd February 2024. Ms Parvathy T. V was the

resource person and the programme was coordinated by Mr. Sabu O. J. Debate on 'Gender Neutral Uniform, Essential or Optional?' was organized on 7th February 2024. Ms Sheena Joseph (Assistant Professor, Dept of Malayalam, Mary Matha Arts & Science College Mananthavady) was the Resource Person. The programme was coordinated by Mr. Sabu O. J.

- **Dept. of Physical Education:** Started certificate course in Yoga for students on 31st January 2024.
- **Dept. of Commerce:** Organized a skill development workshop on 'GST in Accounting' on 22nd January 2024.
- **Dept. of Social-Science Economics:** Conducted Two-Day National Level workshop on "THE IMPORTANCE OF CONSTITUTIONAL LITERACY IN PROTECTING DEMOCRACY" on 23rd & 24th of January in Association with Institute of Parliamentary Affairs, Govt. of Kerala
- **Dept. of Hindi:** Movie screening was organized on 5th February 2024. Drama screening was organized on 6th February 2024.
- **Mr Regi Francis, Dr Ramya Krishnan M:** Completed 10 days online NEP Orientation and Sensitization Programme from 15th to 24th January 2024 which was organized by Malaviya Mission Teacher Training Centre, Kannur University.
- **Dr Rajitha Xavior:** Published a Book chapter in an Edited ISBN Book Modern Approaches in Commerce, Management & Social Sciences. Completed 10 days online NEP Orientation and Sensitization Programme from 15th to 24th January 2024 organized by Malaviya Mission Teacher Training Centre, Kannur University.
- **Dr Sijo A K:** Published a research paper. The influence of Reaction medium pH on the structure, optical and mechani cal properties of nanosized Cu- Fe ferrite synthesized by the sol gel autocombustion method in Journal of Nano Research on January 2024.
- **Mr Jerin George:** Attended UGC sponsored refresher course in Life science conducted by UGC Malaviya Mission Teacher Training centre.

- **Ms Tancy V S**: Attended interview by Group Commander for The Caretaker appointment at NCC Group Head Quarters Calicut on 9 th February 2024.
- **Sr Elizabeth:** Appointed as the FYUGP Coordinator.
- **Dr. Eldho K J:** Attended IIC (Institution Innovation Council Regional Meet held at CUSAT(Cochin University) on 16 th January 2024. Appointed as the FYUGP assistant coordinator.
- Appointed as the Board member of the Assessment and Rating Board, Research Publication Rating, and Indexing (RPRI) Services for the Academic year 2023 -2024. Acted as a Co-ordinator for the Two Day National Level workshop. Importance of Constitutional Literacy in Protecting Democracy. conducted at Mary Matha College in association with Institute of Parliamentary Affairs (IPA), Govt. of Kerala on 23rd & 24 th of January 2024.

**Dr. Maria Martin Joseph**
Principal

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള പാടിച്ചിറ സെന്റ് സെബാസ്റ്റ്യൻസ് യു. പി, കബനിഗിരി നിർമല ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങളിൽ പുതിയതായി നിർമിച്ച ടോയ്‌ലറ്റ്, വാഷിംഗ് ഏരിയ എന്നീവ വിദ്യാർത്ഥികൾക്കായി തുറന്നുകൊടുത്തു.

**വിദ്യാലയ വാർത്തകൾ**

**എൽ. പി വിഭാഗം**

**1 ദേവമാതാ എ. എൽ. പി സ്കൂൾ ആടിക്കൊല്ലി**

ഗോത്രവിദ്യാർത്ഥികൾക്ക് പുതുവർഷകോടി വിതരണം ചെയ്തു. വാർഷികം വിപുലമായി ആഘോഷിച്ചു. രക്തസാക്ഷി ദിനം സമുചിതമായി ആചരിച്ചു. വിദ്യാർത്ഥികൾക്കായി വരയുത്സവം സംഘടിപ്പിച്ചു.

**II സെന്റ് തോമസ് എൽ. പി സ്കൂൾ അരിഞ്ചേർമല**

ഈ അദ്ധ്യയനവർഷത്തിലുടനീളം നീണ്ടുനിന്ന ക്വിസ് മത്സരങ്ങൾക്കൊടുവിൽ ക്വിസ് മത്സരത്തിൽ വിജയികളായവർക്ക് ക്യാഷ് പ്രൈസ് നൽകി ആദരിച്ചു. വിദ്യാലയത്തിലെ മുൻ അധ്യാപികയായ എൽസമ്മ ടീച്ചറുടെ ചരമദിനത്തിൽ അനുസ്മരണയോഗം ചേർന്നു. വിദ്യാലയത്തിന്റെ നാല്പത്തിയൊന്നാം വാർഷികവും പ്രീ പ്രൈമറി വിദ്യാർത്ഥികളുടെ കോൺവൊക്കേഷൻ സെറിമണിയും ആഘോഷപൂർവം നടത്തപ്പെട്ടു.

**III എ. എൽ. പി സ്കൂൾ കണിയാരം**

വിപുലമായ പരിപാടികളോടെ ഗോത്രഫെസ്റ്റ് നടത്തി. വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു.

**IV സെന്റ് തോമസ് എൽ. പി സ്കൂൾ നടവയൽ**

വിദ്യാലയത്തിലെ പൂർവ്വവിദ്യാർഥികളുടെ സംഗമം സംഘടിപ്പിച്ചു. നവീകരിച്ച കംപ്യൂട്ടർ ലാബ് ഉദ്ഘാടനം ചെയ്തു. റിപ്പബ്ലിക് ദിനത്തിന്റെ ഭാഗമായി മെഗാ ചിത്രരചനാ മത്സരം സംഘടിപ്പിച്ചു. CMC സിസ്റ്റേഴ്സ് സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ

സമ്മാനിച്ചു. സർവീസിൽനിന്നും വിരമിക്കുന്ന പ്രധാനാധ്യാപകന് യാത്രയയപ്പ് നൽകി.

**V സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ പോരൂർ**

ഗോത്രഫെസ്റ്റ് നടത്തി. വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി.

**VI സെന്റ് ജോർജ് എൽ. പി സ്കൂൾ കൊളവയൽ**

വിദ്യാലയത്തിന്റെ വാർഷികം മനോഹരമായി നടത്തപ്പെട്ടു. റിപ്പബ്ലിക് ദിനം സമുചിതമായി ആചരിച്ചു. വിദ്യാർത്ഥികൾക്കായി പഠനയാത്ര നടത്തി.

**VII സെന്റ് മാർട്ടിൻസ് എൽ. പി സ്കൂൾ ഒണ്ടയങ്ങാടി**

വിദ്യാർത്ഥികളുടെ ഭവനസന്ദർശനം നടത്തി. അക്ഷരച്ചങ്ങാത്തം ക്ലാസുകൾ നടന്നുവരുന്നു.

**VIII സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ വാഴവറ്റ**

വിദ്യാർത്ഥികളുടെ പഠനോത്സവം നടത്തി. ഗൃഹസന്ദർശനം നടത്തി. ആരോഗ്യബോധവത്കരണ ക്ലാസ് നൽകി.

**IX സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ ഏലപ്പീടിക**

റിപ്പബ്ലിക് ദിനം സമുചിതമായി ആചരിച്ചു. വിദ്യാലയ പരിസരവും പൂന്തോട്ടവും പി.ടി.എ യുടെ നേതൃത്വത്തിൽ വൃത്തിയാക്കി. രക്തസാക്ഷി ദിനത്തിൽ ഗാന്ധിജി അനുസ്മരണം നടത്തി.

**X പ്രൊവിഡൻസ് എൽ. പി സ്കൂൾ വെള്ളൂന്നി**

റിപ്പബ്ലിക് ദിനം സമുചിതമായി ആചരിച്ചു. വിദ്യാർത്ഥികൾക്കായി എൽ.എസ്.എസ് പരിശീലനം നടന്നുവരുന്നു. രൂപതാതല സന്മാർഗം പരീക്ഷയിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു.

**XI സെന്റ് പോൾസ് എൽ. പി സ്കൂൾ പുതിയിടംകുന്ന്**

വിദ്യാലയത്തിന്റെ വാർഷികവും സർവീസിൽനിന്നും വിരമിക്കുന്നവർക്കുള്ള യാത്രയയപ്പും സമുചിതമായി സംഘടിപ്പിച്ചു.

**XII സി. കെ. എൽ. പി സ്കൂൾ മണിമൂളി**

വിദ്യാലയത്തിന്റെ വാർഷികം വിശിഷ്ട വ്യക്തികളുടെ സാന്നിധ്യത്തിൽ മനോഹരമായി സംഘടിപ്പിക്കപ്പെട്ടു.

**XIII നിർമല എൽ. പി സ്കൂൾ ആലാറ്റിൽ**

വിപുലമായ പരിപാടികളോടെ ഗോത്രഫെസ്റ്റ് ആഘോഷിച്ചു. നല്ലപാഠം പദ്ധതിയുടെ ഭാഗമായി കുട്ടികൾ വിഷരഹിത പച്ചക്കറികൾ സംഭാവന ചെയ്തു. യോഗ പരിശീലനം നടത്തി. വിദ്യാർത്ഥി

കളുടെ ഗൃഹസന്ദർശനം നടത്തുകയും പഠനയാത്ര സംഘടിപ്പിക്കുകയും ചെയ്തു.

**XIV സെന്റ് ജോർജ് എൽ. പി സ്കൂൾ അമ്പായത്തോട്**

ഒന്ന്, രണ്ട് ക്ലാസ്സുകളിലെ പഠനോത്സവം സംഘടിപ്പിച്ചു. ഇരിട്ടി ഉപജില്ലാ സ്പോർട്സ് മീറ്റിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. പി.ടി.എ ജനറൽബോഡി യോഗവും ക്ലാസ് പി.ടി.എ യും നടത്തപ്പെട്ടു.

**യു. പി വിഭാഗം**

**I സെന്റ് ആന്റണീസ് യു. പി സ്കൂൾ കോട്ടത്തറ**

സംസ്കൃതം സ്കോളർഷിപ്പിന് അഞ്ച് വിദ്യാർത്ഥികൾ അർഹരായി. രക്തസാക്ഷിദിനത്തിൽ ലഹരിവിരുദ്ധ സന്ദേശം നൽകുന്ന നാടകവും കബ്ബ് ബുൾബുൾ വിദ്യാർത്ഥികൾ സർവമതപ്രാർത്ഥനയും പുഷ്പാർച്ചനയും നടത്തി.

**II സെന്റ് തോമസ് എ. യു. പി സ്കൂൾ ഇടിവണ്ണ**

ക്ലാസ് പി.ടി.എ ചേർന്ന് രണ്ടാം പാദവാർഷിക മൂല്യനിർണയം വിലയിരുത്തി. കോർണർ പി.ടി.എ കൾ സംഘടിപ്പിച്ചു. വിദ്യാർത്ഥികകൾക്കായി പഠനയാത്ര നടത്തി.

**III അസംപ്ഷൻ എ. യു. പി സ്കൂൾ ബത്തേരി**

ജില്ലാതല ടീച്ചിങ് മാന്വൽ മത്സരത്തിൽ അറബിക് അധ്യാപകൻ രണ്ടാം സ്ഥാനം നേടി. മുന്നൂറോളം വിദ്യാർത്ഥികൾ സുഗമ ഹിന്ദി പരീക്ഷ എഴുതി. ബത്തേരി മുനിസിപ്പാലിറ്റി നടത്തിയ സ്റ്റുഡന്റ്സ് കൗൺസിൽ പ്രൊജക്ടിൽ വിദ്യാലയം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. വിദ്യാലയ വാർഷികവും യാത്രയയപ്പ് സമ്മേളനവും നടത്തി.

**IV സെന്റ് തോമസ് എ. യു. പി സ്കൂൾ മുള്ളൻകൊല്ലി**

രക്തസാക്ഷിത്വദിനത്തിൽ ഗാന്ധിജി അനുസ്മരണം നടത്തി. വിദ്യാലയത്തിന്റെ വാർഷികം സമുചിതമായി ആഘോഷിച്ചു. എനർജി ക്ലബ്ബ് സംഘടിപ്പിച്ച ഡ്രോയിങ് മത്സരത്തിൽ വിദ്യാർത്ഥികൾ സംസ്ഥാനതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. പച്ചക്കറി കൃഷി ആരംഭിച്ചു.

**V അമ്പായത്തോട് യു. പി സ്കൂൾ**

ഇരിട്ടി ഉപജില്ലാ കിഡ്ഡീസ് വിഭാഗം കായികമേളയിൽ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു. ഏഴാം ക്ലാസ് വിദ്യാർത്ഥികൾക്കായി

യാത്രയയപ്പ് സംഘടിപ്പിച്ചു. ഗൃഹസന്ദർശനം നടത്തി. വിവിധ മത്സരങ്ങളിൽ വിജയികളായ വിദ്യാർത്ഥികളെ ആദരിക്കുകയും മികവുത്സവം സംഘടിപ്പിക്കുകയും ചെയ്തു.

### VI സെന്റ് ആന്റണീസ് യു. പി സ്കൂൾ പഴൂർ

വിദ്യാലയത്തിലെ മുൻ പ്രധാനാധ്യാപകരുടെ യോഗം ഓൺലൈനായി നടത്തപ്പെട്ടു. ദേശജ്യോതി ക്വിസ് മത്സരത്തിൽ വിജയികളായി. വിദ്യാലയത്തിന്റെ വാർഷികം സമുചിതമായി ആഘോഷിച്ചു. ഗോത്രഫെസ്റ്റ് നടത്തി. അനധ്യാപകദിനം ആചരിച്ചു. പ്രീപ്രൈമറി വിഭാഗത്തിൽ സംസ്ഥാനതല അമേയ ടാലന്റ് സെർച്ച് പരീക്ഷയിൽ 41 വിദ്യാർത്ഥികൾ റാങ്കുകൾ കരസ്ഥമാക്കി.

### VII സെന്റ് മേരീസ് എ. യു. പി സ്കൂൾ തരിയോട്

വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു. എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷയ്ക്കായി തയ്യാറെടുക്കുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കായി ഓറിയന്റേഷൻ ക്ലാസ് നൽകി. വിദ്യാർത്ഥികൾക്കായി കരാത്തെ പരിശീലനം നടന്നുവരുന്നു. ശാസ്ത്രരംഗം ജില്ലാതലത്തിൽ വിജയം നേടി. ദേശജ്യോതി ക്വിസ് മത്സരത്തിൽ വിജയം നേടി. റിപ്പബ്ലിക് ദിനം ആചരിച്ചു.

### IX സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ പാടിച്ചിറ

ദേശജ്യോതി ക്വിസ് മത്സരത്തിൽ നാലാം സ്ഥാനം നേടി. നല്ലപാഠം പ്രവർത്തനത്തിന്റെ ഭാഗമായി അക്ഷരക്കൂടൊരുക്കി. വിദ്യാലയത്തിന്റെ വാർഷികം വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു. പുതിയ ടോയ്‌ലറ്റ് ബ്ലോക്ക് വിദ്യാർത്ഥികൾക്കായി തുറന്നുകൊടുത്തു. ബാലോത്സവത്തിലും ഇൻക്ലൂസീവ് കലാമേളയിലും വിദ്യാർത്ഥികൾ മികച്ച പ്രകടനം കാഴ്ചവെച്ചു.

### X എ. യു. പി സ്കൂൾ ദ്വാരക

ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച വടംവലി മത്സരത്തിൽ വിദ്യാർത്ഥികൾ വിജയികളായി. റിപ്പബ്ലിക് ദിനം സമുചിതമായി ആചരിച്ചു. രക്തസാക്ഷിദിനത്തിൽ ഗാന്ധിജി അനുസ്മരണം നടത്തി. ഗോത്രവിഭാഗം വിദ്യാർത്ഥികൾക്കായി പഠനോപകരണങ്ങൾ വിതരണം ചെയ്തു. ഗോത്രോത്സവം സംഘടിപ്പിച്ചു.

### XI ടി. ടി. ഐ മാനന്തവാടി

രണ്ടാം പാദവാർഷിക പരീക്ഷ വിശകലനത്തിനായി ക്ലാസ് പി.

ടി. എ യോഗം ചേർന്നു. ദേശജ്യോതി ക്വിസ് മത്സരം, ഉറുദു ടാലന്റ് ടെസ്റ്റ്, ഗാമ അബാക്കസ് നാഷണൽ മത്സരം, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയിൽ വിദ്യാർത്ഥികൾ അംഗീകാരങ്ങൾ നേടിയെടുത്തു. വിദ്യാലയ വാർഷികം ആഘോഷമായി നടത്തപ്പെട്ടു. അനധ്യാപകദിനം സമുചിതമായി ആചരിച്ചു. DEled സെക്കന്റ് സെമസ്റ്റർ പരീക്ഷയിൽ 100% വിജയം കരസ്ഥമാക്കി.

**XII സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ കൊമ്മയാട്**

ടെസ്റ്റിൽ രണ്ട് വിദ്യാർത്ഥികൾ വിജയം നേടി. ജില്ലാതല സ്കോളർഷിപ്പിൽ വിദ്യാർത്ഥികൾ റാങ്കുകൾ കരസ്ഥമാക്കി. 2025 ലെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പൂർവ്വവിദ്യാർത്ഥികളുടെ ഭവനസന്ദർശനം നടത്തി.

**XIII സെന്റ് തോമസ് യു. പി സ്കൂൾ തവിഞ്ഞാൽ**

ഗോത്രഫെസ്റ്റ് വിപുലമായി ആഘോഷിച്ചു. ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിച്ചു. സംസ്കൃതം സ്കോളർഷിപ്പിന് 10 വിദ്യാർത്ഥികൾ അർഹരായി. വിദ്യാരംഗം കലാസാഹിത്യവേദിയുടെ ഭാഷാ പ്രതിഭാ നിർണയ പരീക്ഷയിൽ ഉപജില്ലാതലത്തിൽ ഒന്നാം റാങ്ക് കരസ്ഥമാക്കി.

**XIV സെന്റ് മേരീസ് യു. പി സ്കൂൾ കബനിഗിരി**

വിദ്യാലയത്തിന്റെ വാർഷികം സമുചിതമായി ആഘോഷിച്ചു. ചടങ്ങിൽ നിരവധി പ്രമുഖ വ്യക്തിത്വങ്ങൾ പങ്കെടുത്തു.

**ഹൈസ്കൂൾ വിഭാഗം**

**I ഫാ. ജി. കെ. എം ഹൈസ്കൂൾ കണിയാരം**

SSLC വിദ്യാർത്ഥികൾക്കായി പഠനക്ലാസ് ആരംഭിച്ചു. ദേശജ്യോതി ക്വിസ് മത്സരത്തിൽ വിദ്യാർത്ഥികൾ ഒന്നാം സ്ഥാനം നേടി. വിദ്യാലയത്തിന്റെ വാർഷികവും യാത്രയയപ്പ് സമ്മേളനവും സംഘടിപ്പിച്ചു. റിപ്പബ്ലിക് ദിനം സമുചിതമായി ആചരിച്ചു, രാജ്യപുരസ്കാർ പരീക്ഷയെഴുതിയ മുഴുവൻ വിദ്യാർത്ഥികളും അവാർഡിന് അർഹരായി. സംസ്കൃത വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു.

**II സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

കോർണർ പി.ടി.എ വിവിധ പ്രദേശങ്ങളിലായി സംഘടിപ്പിച്ചു. സ്കൂൾതലത്തിൽ ഫുട്ബോൾ ഫെസ്റ്റ് നടത്തുകയും വിജയികൾക്കായി പരിശീലനം നൽകുകയും ചെയ്തു, വിവിധ ക്വിസ്

മത്സരങ്ങളിൽ വിദ്യാർത്ഥികൾ വിജയികളായി രാജ്യപുരസ്കാർ അവാർഡിന് 5 സ്കൗട്ട് അംഗങ്ങളും 18 ഗൈഡ് അംഗങ്ങളും അർഹരായി.

### II സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി

13 ഇടങ്ങളിലായി കോർണർ പി.ടി.എ ചേർന്നു. പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി പഠന ക്യാമ്പ് ആരംഭിച്ചു. ദേശജ്യോതി ക്വിസ് മത്സരത്തിൽ വിജയം നേടി.

### IV നിർമല ഹൈസ്കൂൾ കബനിഗിരി

SSLC പഠനക്യാമ്പ് ആരംഭിച്ചു. പച്ചക്കറിത്തോട്ടത്തിൽ വിളവെടുപ്പ് നടത്തി. ശാസ്ത്രരംഗം വർക്ക് ഷോപ്പിൽ ജില്ലാതലത്തിലേക്ക് വിദ്യാർത്ഥികൾ യോഗ്യത നേടി. വിദ്യാലയച്ചുമരുകൾ ചിത്രകലാധ്യാപകന്റെ നേതൃത്വത്തിൽ വർണാലംകൃതമാക്കി. വിദ്യാലയവാർഷികവും വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പ് സമ്മേളനവും വർണാഭമായ പരിപാടികളോടെ നടത്തപ്പെട്ടു.അനധ്യാപകദിനം സമുചിതമായി ആചരിച്ചു. വിദ്യാലയത്തിലെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള അവാർഡ് വിദ്യാർത്ഥികൾ ഏറ്റുവാങ്ങി.

### V അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി

അർധവാർഷിക പരീക്ഷ അവലോകനവുമായി ബന്ധപ്പെട്ട് പി.ടി.എ ചേർന്നു. SSLC ക്യാമ്പ് ആരംഭിച്ചു. വിദ്യാർത്ഥികൾക്കായി മോട്ടിവേഷൻ ക്ലാസ് സംഘടിപ്പിച്ചു. സ്കൗട്ട് ആൻഡ് ഗൈഡ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ബേഡൻ പവ്വൽ ചരമദിനം ആചരിച്ചു. റിപ്പബ്ലിക് ദിനവും രക്തസാക്ഷിദിനവും സമുചിതമായി ആചരിച്ചു. വിദ്യാലയത്തിന്റെ വാർഷികവും യാത്രയയപ്പ് സമ്മേളനവും സംഘടിപ്പിച്ചു. മികവുത്സവം നടത്തപ്പെട്ടു.

### VI സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്

വിദ്യാർത്ഥികൾക്കായി സ്റ്റഡി ക്യാമ്പുകൾ ആരംഭിച്ചു. സ്കൗട്ട് ആൻഡ് ഗൈഡ്, JRC, ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികൾ മഴവിൽ മനോരമ ന്യൂസ് ചാനൽ സന്ദർശിച്ചു.

### VII സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി

വിദ്യാലയ വാർഷികവും യാത്രയയപ്പ് സമ്മേളനവും നടത്തി. റിപ്പബ്ലിക് ദിനം സമുചിതമായി ആചരിച്ചു. ലിറ്റിൽ കൈറ്റ് വിഭാഗത്തിലെ 36 വിദ്യാർത്ഥികൾ A ഗ്രേഡ് നേടി. രാജ്യപുരസ്കാർ

ടെസ്റ്റ് എഴുതിയ മുഴുവൻ വിദ്യാർത്ഥികളും വിജയികളായി രണ്ട് വിദ്യാർത്ഥികൾ ഇൻസ്പയർ അവാർഡ് നേടി. പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി മോട്ടിവേഷൻ ക്ലാസ് നൽകി.

**VIII ഐ. ജെ. എം ഹൈസ്കൂൾ കൊട്ടിയൂർ**

ലൈബ്രറി കൗൺസിൽ സർഗോത്സവത്തിൽ വിദ്യാർത്ഥികൾ സമ്മാനാർഹരായി. പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി പ്രത്യേക പരിശീലനം ആരംഭിച്ചു. വിദ്യാലയത്തിന്റെ നാല്പത്തിയേഴാം വാർഷികം ആഘോഷപൂർവം നടത്തപ്പെട്ടു. ജെ.ആർ.സി യിലെ അംഗങ്ങൾക്കായി ഏകദിന ക്യാമ്പ് നടത്തപ്പെട്ടു. 17 വിദ്യാർത്ഥികൾ രാജ്യപുരസ്കാർ അവാർഡിന് അർഹരായി. പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി യാത്രയയപ്പ് സമ്മേളനം നടത്തി.

**IX സി. കെ. എച്ച്. എസ് മണിമൂളി**

SSLC വിദ്യാർത്ഥികൾക്ക് പരീക്ഷ ഒരുക്ക സെമിനാർ സംഘടിപ്പിച്ചു. പഠന പിന്നോക്കാവസ്ഥയുള്ള വിദ്യാർത്ഥികൾക്കായി വിജയസ്പർശം പരിപാടി നടന്നുവരുന്നു. ഭവനരഹിതരായ വിദ്യാർത്ഥിയെ കണ്ടെത്തി പി.ടി.എ യുടെ സഹായത്തോടെ കൂപ്പൺ വിതരണം നടത്തി ഫണ്ട് ശേഖരിക്കുന്നു. ഇന്നൊവേറ്റീവ് പ്രോഗ്രാമിന്റെ ഭാഗമായി കുട്ടികൾക്ക് വിവിധ പരിശീലനങ്ങൾ നടത്തിവരുന്നു.

**ഹയർസെക്കണ്ടറി വിഭാഗം**

**1 സി. കെ. എച്ച്. എസ്. എസ് മണിമൂളി**

എൻ.എസ്.എസ്, സ്കൗട്ട് ആൻഡ് ഗൈഡ് വിഭാഗങ്ങളുടെ നേതൃത്വത്തിൽ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിച്ചു. സർവീസിൽനിന്നും വിരമിക്കുന്ന അധ്യാപകർക്കും പഠനം പൂർത്തിയാക്കി മടങ്ങുന്ന പ്ലസ് ടു വിദ്യാർത്ഥികൾക്കും യാത്രയയപ്പ് നൽകി.

**II സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി**

വിദ്യാർത്ഥികൾക്കായി സ്റ്റഡി ക്യാമ്പ് ആരംഭിച്ചു. സർവീസിൽ നിന്നും വിരമിക്കുന്ന അധ്യാപകർക്ക് യാത്രയയപ്പ് നൽകി. NCC നേവൽ വിങ്ങിന്റെ ഓപ്പണിങ് സെറിമണി നടത്തി. പ്ലസ് ടു വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി.

**III സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

സർവീസിൽനിന്ന് വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പും വിദ്യാലയത്തിന്റെ വാർഷികവും മനോഹരമായി സംഘടി

പ്പിക്കപ്പെട്ടു. സ്കൗട്ട് ആൻഡ് ഗൈഡ്സിന്റെ ആഭിമുഖ്യത്തിൽ മോക്ഡ്രിൽ സംഘടിപ്പിച്ചു. NSS ന്റെ ആഭിമുഖ്യത്തിൽ ഡ്രഗ്സിനെതിരെ ഫ്ലാഷ് മോബ് നടത്തി. വിവിധ മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ചവർക്കുള്ള അവാർഡുകളും സ്കോളർഷിപ്പും വിതരണം ചെയ്തു. പ്ലസ് ടു വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി.

**IV ഫാ .ജി. കെ. എം ഹയർസെക്കണ്ടറി സ്കൂൾ കണിയാരം**

വിദ്യാർത്ഥികൾക്കായി സ്റ്റഡി ക്യാമ്പുകൾ ആരംഭിച്ചു. ഹൈസ്കൂളുമായി സഹകരിച്ചു സ്കൂൾ വാർഷികം നടത്തി. രണ്ടാം വർഷ വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി.

**V ഐ. ജെ. എം ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

വിദ്യാലയത്തിന്റെ വാർഷികവും സർവീസിൽനിന്നും വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പും സംഘടിപ്പിച്ചു. ദേശജ്യോതി ക്വിസ് മത്സരത്തിൽ വിദ്യാർത്ഥികൾ ഒന്നാം സ്ഥാനം നേടി. സംസ്ഥാനതലത്തിലെ വിവിധ മത്സരങ്ങളിൽ വിദ്യാർത്ഥികൾ മികച്ച പ്രകടനം കാഴ്ചവെച്ചു.

**VI സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

വിദ്യാലയത്തിന്റെ വാർഷികവും വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പ് സമ്മേളനവും മനോഹരമായി നടത്തപ്പെട്ടു. പൊതുപരീക്ഷയ്ക്ക് മുന്നോടിയായി വിദ്യാർത്ഥികൾക്കായുള്ള ക്യാമ്പുകൾ നടന്നുവരുന്നു. സംസ്ഥാനകലാമേളയിൽ പങ്കെടുത്ത വിദ്യാർത്ഥികൾ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു. പ്ലസ് ടു വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി.

ഓരോ തലങ്ങളിലെയും വിദ്യാർത്ഥികൾ ഈ ഒരു അധ്യയന വർഷത്തിൽ നേടിയെടുത്ത ശേഷികളും ആർജിച്ചെടുത്ത അറിവുകളും മുന്നോട്ടുള്ള പഠനത്തിന് ഉപകാരപ്രദമാകട്ടെ. പരീക്ഷകൾക്കായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും വിജയാശംസകൾ നേരുന്നു.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# *Bishop's Programme*



**March 2024**

*02 Saturday:....... Board Meeting: Your Neighbor Association at Dwaraka*

*04 Monday:........ Morning: KSS Meeting at WSSS*
*Afternoon: Consultors & Finance Council Meeting*

*05 Tuesday:........ Nadavayal: Platinum Jubilee of School*

*06 Wednesday:... Morning: Presbyteral Council*
*: Evening: Ambayathode: School Anniversary*

*06 Wed- 07 Thur: Engaged*

*10 Sunday:......... Ernakulam: Asirbhavan: KLM Seminar*

*14 Thursday:...... Morning: Priests' Conference*
*Afternoon: Norbert House meeting of Norbertine Abbots*

*18 Mon-20 Wed:.Trichur: Engaged*

*20 Wednesday:... Bathery: MSMI: Synaxis*

*23 Saturday:....... Religious Superiors Meeting*

*24 Sunday:......... Cathedral: Palm Sunday*

*25 Monday:........ Minor Orders*

*28 Thursday:...... Cathedral: Maundy Thursday*

*29 Friday:........... Cathedral: Good Friday*

*30 Saturday:....... Evening: Easter Vigil and Easter Services*

*31 Sunday: .........Easter*

# *Auxiliary Bishop's Programme*



**March 2024**

*01 Friday:............... Kaniyaram: Platinum Jubilee of ALP School*

*04 Monday:............ Consultors & Finance Council Meeting*

*06 Wednesday:....... Presbyteral Council*

*08 Friday:............... Temperance Movement Meeting*

*09 Sat- 10 Sun:....... Kottayam: School Centenary, Mozhoor*

*11 Mon- 12 Tues:... Engaged*

*14 Thursday:.......... Priests' Conference*

*16 Saturday:........... Cherukattoor MSJ Sisters: Holy Mass*

*17 Sunday:.............. Koolivayal: Holy Mass*

*19 Tuesday:............ Kuppayakode: Festal Mass*

*20 Wed- 21 Thur:... Dharmaram: Minor & Major Orders*

*22 Friday:................Sisumala: Way of the Cross and Mass*

*24 Sunday:.............. Prasanthigiri: Palm Sunday Holy Mass*

*28 Thursday:.......... Kalpetta: Maundy Thursday Holy Mass*

*29 Friday:............... Ambalavayal: Good Friday*

*30 Saturday:........... Evening: Nilambur: Easter*